# കരയോഗ സൗഹൃദം

സത്യം പരം ധീമഹി

Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം

Pages 68

വാല്യം - 14 ലക്കം - 5 മേടം - 1197 മെയ് 2022









എറണാകുളം കരയോഗം 14–ാമത് പി.എസ്. ഗോപിനാഥൻ നായർ പരിസ്ഥിതി അവാർഡ് ഓൾ ഇന്ത്യ റേഡിയോ എഫ്.എം 102.3ന് ബഹുമാനപ്പെട്ട ജസ്റ്റീസ് എൻ. നഗരേഷ്, കേരള ഹൈക്കോടതി ജഡ്ജി സമ്മാനിക്കുന്നു.





Radheyam
Guest House

Thekke Nada, Karakkat Road, Guruvayoor - 680 101
Email: radheyamguesthouse@gmail.com
Tel: +91 487 2504700, +91 8547871161, 9446365116

Administrative Office:
**ERNAKULAM KARAYOGAM**
T.D.M Hall Complex, D.H. Road, Kochi 682016, Kerala
Ph: 0484 2361160, +91 9447171160, Email: ekmkgm@gmail.com








# ഉള്ളടക്കം

വാല്യം 14 | ലക്കം 5 | 2022

എഡിറ്റോറിയൽ........3
സെക്രട്ടറിയുടെ പംക്തി........5
ബാലലോകം........7
വാസ്തു........10
ക്ഷേത്രങ്ങളിലൂടെ........11
ശ്രീമഹാഭാഗവതം........16
അറബി വിജ്ഞാന ഭണ്ഡാരം........25
ചില സംശയങ്ങളും മറുപടികളും........28
ചുട്ടുപഴുക്കുന്ന ഭൂമി........33
തുലാഭാരം........42
ഉള്ളൂരിന്റേത് ശക്തിയുടെ കവിത........45
യോഗചതുഷ്ടയം........48
കൈകേയി........50
കേരളത്തിലെ കലകൾ........54
ധ്യാനഹേയാസ്തദ്വത്തയ........57
ഇഷ്ടം........58
ജിവിതയാത്ര........59
തത്ത്വമസി........61
മാസഫലം........65
മാട്രിമോണിയൽ........66

## പത്രാധിപസമിതി

ആലപ്പാട്ട് മുരളീധരൻ (മാനേജിംഗ് എഡിറ്റർ)
എം. ശ്രീവല്ലഭൻ നായർ (എഡിറ്റർ)
പി. രാമചന്ദ്രൻ (വേണു)
കെ.ടി. മോഹനൻ



## എഡിറ്റോറിയൽ

# സനാതന ധർമ്മത്തിലേയ്ക്ക് മടങ്ങുക

നൂറ്റാണ്ടുകൾ നീണ്ട അടിമത്വത്തിന്റെയും സാംസ്കാരിക കടന്നു കയറ്റത്തിന്റെയും ഫലമായി സ്വന്തം സ്വത്വം മറന്ന ഒരു ജനത, ലോകത്തിലെ ഏറ്റവും മഹത്വമേറിയതും എറ്റവും പുരാതനവുമായ സംസ്കാരത്തിന്റെ ഉടമകൾ, ലോകത്തിന് മുഴുവനും വിദ്യയിലൂടെ വെളിച്ചം പകർന്ന് നല്കിക്കൊണ്ടിരുന്നവർ, അതെ സനാതനധർമ്മാധിഷ്ഠിത സംസ്കാരമാണ് അന്ന് ലോകത്തിന് മുഴുവൻ മാർഗ്ഗദർശനം നടത്തിക്കൊണ്ടിരുന്നത്. ലോകം കണ്ടതിൽ വെച്ച് ഏറ്റവും പഴക്കമുള്ള ഋഗ്വേദത്തിൽ തുടങ്ങി അനേകം വേദങ്ങളും ഉപനിഷത്തുക്കളും ഇതിഹാസങ്ങളും കൊണ്ട് സമ്പന്നമായ അറിവിന്റെ അക്ഷയഖനിയാണ് ഈ സംസ്കാരത്തിന്റെ സമ്പത്ത്. ഒരു ജീവിതകാലം മുഴുവനും അക്ഷീണം അവിരാമം യത്നിച്ചാലും ആ അറിവിന്റെ മഹാസാഗരത്തിൽ നിന്ന് തുലോം ചെറിയ തുള്ളികൾ മാത്രമെ നമുക്ക് സ്വായത്വമാക്കുവാൻ കഴിയുകയുള്ളൂ. അത്ര ബ്രഹത്താണത്, ആഴത്തിൽ മുങ്ങിത്തപ്പി അറിവിന്റെ മുത്തുകൾ കണ്ടെത്തേണ്ടുന്നത്ര അഗാധമാണത്. ആയിരത്താണ്ടുകൾക്കു മുമ്പ് ഋഷിമാടങ്ങളിലിരുന്ന് ജ്ഞാനതപസ്സനുഷ്ഠിച്ചിരുന്ന മഹർഷീശ്വരന്മാർ ഭൂമിയെ മാത്രമല്ല മറ്റെല്ലാഗ്രഹങ്ങളെക്കുറിച്ചും പഠിച്ച്, വരുംതലമുറകൾക്കുവേണ്ടി അത് ശിഷ്യഗണങ്ങളിലൂടെ കൈമാറികൈമാറി വന്നു. ഒപ്പം അതെല്ലാം മാനവരാശിയുടെ നന്മക്ക് വേണ്ടി താളിയോലകളിൽ കോറിയിട്ടതോടുകൂടി ലോകത്തിലെ സമസ്ഥ അറിവുകളും വരും തലമുറകൾക്കും പ്രയോജനപ്രദമാം വിധം കൈമാറുകയും അഭ്യസിക്കുകയും ചെയ്തു പോന്നു. ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും അന്ന് വിദ്യ തേടി വിദ്യാർത്ഥികൾ ഭാരതമെന്ന ഈ പുണ്യഭൂമിയിലേക്കാണ് എത്തിക്കൊണ്ടിരുന്നത്. നളന്ദ, തക്ഷശില തുടങ്ങി പന്ത്രണ്ടോളം വിഖ്യാതങ്ങളായ വിശ്വവിദ്യാലയങ്ങളാണ് അന്ന് ഇവിടെ നിലനിന്നിരുന്നത്. ഓരോന്നിലും പതിനായിരക്കണക്കിന് വിദ്യാർ

ത്ഥികളാണ് താമസിച്ച് പഠിച്ചിരുന്നത്. ഏക്കറു കണക്കിന് നീണ്ടു കിടക്കുന്ന അതിവിശാലമായ കോമ്പൗണ്ടുകളോടുകൂടിയ ഈ വിശ്വവിദ്യാല യങ്ങളിൽ വിദ്യാർത്ഥികൾക്ക് അവരുടെ അഭി രുചിക്കനുസരിച്ചുള്ള പാഠ്യപദ്ധതി തിരഞ്ഞെടു ക്കുവാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരുന്നെങ്കിലും പ്രാഥമികമായി മനുഷ്യനു വേണ്ട ഗുരുഭക്തി, ദേശഭക്തി, ദയ, ദീനാനുകമ്പ തുടങ്ങി അത്യ ന്താപേക്ഷിതമായ സ്വഭാവ ഗുണങ്ങളെല്ലാം അവ രിൽ വാർത്തെടുക്കുന്നതിലും ശ്രദ്ധ ചെ ലുത്തിയിരുന്നു. പ്രകൃതിയിലെ മനുഷ്യന്റെയും മറ്റ് ജീവജാലങ്ങളുടെയും ജീവിതം മുതൽ സൗ രയൂഥത്തിലെ എല്ലാ ഗ്രഹങ്ങളെക്കുറിച്ചുമുള്ള ശാസ്ത്രസത്യങ്ങളെക്കുറിച്ച് വരെ അഗാധ പാണ്ഡിത്യം ഉണ്ടായിരുന്ന ഈ ഋഷീശ്വരന്മാർ അവയെല്ലാം ലോകനന്മക്കായി വിദ്യാർത്ഥികൾ ക്ക് പകർന്ന് നല്കികൊണ്ടേയിരുന്നു. ഇന്ന് പാ ശ്ചാത്യരുടെ കണ്ടുപിടുത്തം എന്ന് ഉദ്ഘോഷി ക്കുന്ന പലതും അതിനൊക്കെ എത്രയോ മുമ്പ് ഇവിടെ കണ്ടുപിടിക്കപ്പെട്ടിട്ടുള്ളതാണ്.

നമ്മുടെ പൂർവ്വകാല ചരിത്രത്തേക്കുറി ച്ച് സാധാരണക്കാർക്ക് അറിവ് ലഭിക്കുന്നത് പ്രധാനമായും വാല്മീകി മഹർഷിയാൽ വിര ചിതമായ രാമായണത്തിലൂടെയും അതിന് ശേ ഷം വ്യാസൻ എന്ന അപരനാമധേയത്തിൽ അറിയപ്പെടുന്ന കൃഷ്ണദ്വൈപായനൻ എന്ന മഹർഷിവര്യന്റെ മഹാഭാരതത്തിലൂടെയും ശ്രീ മദ്ഭാഗവതത്തിലൂടെയുമാണ്.ഇങ്ങനെയുള്ള പുരാണഗ്രന്ഥങ്ങളിലൂടെ മാത്രമേ നമ്മുടെ പൂർവ്വികരുടെ ജീവിതരീതിയും, ധർമ്മബോധ വും, ആദ്ധ്യാത്മക ചിന്തകളും ഒക്കെ നമുക്ക് മനസ്സിലാക്കുവാൻ കഴിയുകയുള്ളൂ. ശ്രീരാമ ചന്ദ്രന്റെ ജീവിതകാലത്തു തന്നെയാണ് ആദി കവിയായ വാല്മീകിയും ജീവിച്ചിരുന്നതെന്ന് രാമായണത്തിൽ നിന്നു തന്നെ മനസ്സിലാക്കാം. എന്നാൽ മഹാഭാരതത്തിലെ ഒരു കഥാപാത്രം തന്നെയായ വ്യാസൻ തന്റെ വംശത്തിന്റെ കഥ യാണല്ലോ അതിൽ വിവരിച്ചിരിക്കുന്നത്. വ്യാസ ന്റെ ജീവിതകാലം ചരിത്രകാരന്മാരുടെ അഭി പ്രായത്തിൽ കൃസ്തുവിന് മുമ്പ് ആയിരമാ ണ്ടുകൾക്ക് മുമ്പാണെന്നാണ് പക്ഷെ വ്യാസൻ അതിനുമുമ്പുള്ള വളരെയേറെ വർഷങ്ങളുടെ ചരിത്രമാണ് അതിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. അപ്പോൾ കൃഷ്ണാർജ്ജനന്മാരുടെയും കാ ലം അതിൽ നിന്നും അധിക ദൂരെയല്ല് എന്ന് വ്യക്തം.

ഇനിയാണ് നാം ചിന്തിക്കേണ്ടത് ധർമ്മര ക്ഷാർത്ഥം ഭൂമിയിൽ അവതരിച്ച സാക്ഷാൽ ശ്രീകൃഷ്ണഭഗവാൻ നമുക്ക് തന്ന ഭഗവത്ഗീ തയിലെ അതിമഹത്തായ സന്ദേശങ്ങൾ ഉൾ ക്കൊള്ളാതെ നമുക്ക് എങ്ങനെ ധർമ്മച്യുതിയു ടേതായ ഈ കാലത്ത് ജീവിക്കാൻ സാധിക്കും?. എങ്ങനെ സനാതനധർമ്മം നിലനിർത്തുവാൻ കഴിയും? ജനിച്ചുവീഴുന്ന ഓരോ കുട്ടിയിലും ഈ ധർമ്മബോധം വളർത്തേണ്ടത് നമ്മുടെ കടമയല്ലേ? വേദോപനിഷത്തുകൾ സ്വായത്ത മാക്കി അതനിനനുസരിച്ച് ജീവിക്കുകയും അത് മറ്റുള്ളവരിലേയ്ക്ക് പകർന്ന് നല്കാനും നിത്യ ജീവിതത്തിൽ പെട്ടുഴലുന്ന സാധാരണക്കാർക്ക് അസാദ്ധ്യമായിരിക്കാം. എന്നാൽ നമ്മുടെ കു ട്ടികളെ നമുക്ക് രാമായണഭാഗവതഭാരതാദിക ളും അത്യാവശ്യം വേണ്ട പൂജാഭജനരീതിക ളും പഠിപ്പിക്കാം. അതിനുശേഷം വേദോപനിഷ ത്തുകളിലേയ്ക്ക് കഴിവുള്ളവർ കടന്ന് ചെല്ലട്ടെ. കൈകാര്യം ചെയ്യട്ടെ. അങ്ങനെ അവർ നമ്മു ടെ ധർമ്മ വ്യവസ്ഥിതിയെ സമ്പുഷ്ടമാക്കട്ടെ!. ഒന്നോർക്കുക സനാതനധർമ്മം എന്നത് പ്രകൃ തി നിയമനുസരിച്ച് രൂപകല്പന ചെയ്തിട്ടുള്ള ജീവിതരീതിയാണ്. പ്രകൃത്യാ രൂപപ്പെട്ട് സം സ്കാരമാണ് അത് സദാചാരനിഷ്ഠയോടുകൂ ടി സദ്കർമ്മങ്ങൾ ചെയ്ത് ദേശീയബോധം ഉൾക്കൊണ്ട് ജീവിക്കുവാൻ പഠിപ്പിക്കുന്ന ശാ സ്ത്രമാണ്. ഓർക്കുക ഭഗവത്ഗീത ധർമ്മാധി ഷ്ഠിതമായി കർമ്മ നിർഹണം എങ്ങനയെന്ന് പഠിപ്പിക്കുന്ന ലോകോത്തര ശാസ്ത്രവുമാണ്. ഇന്ന് യൂറോപ്പിലെ മിക്ക രാജ്യങ്ങളിലും ഭഗവ ദ്ഗീത പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തി വി ദ്യാർത്ഥികളെ പഠിപ്പിക്കുന്നു. മുസ്ലീം രാജ്യങ്ങ ളിൽ പോലും രാമായണേതി ഇതിഹാസങ്ങൾ പാഠ്യവിഷയമാക്കുന്നു. എന്തേ നമ്മുടെ കേര ളത്തിൽ മാത്രം ഇതൊന്നും വേണ്ടേ? നമ്മുടെ കുട്ടികൾ ഇതൊക്കെ പഠിച്ച് മിടുക്കന്മാരും മി ടുക്കികളുമായി മുന്നേറേണ്ടേ? വേണം. ഇവ യല്ലാം നമ്മുടെ കുട്ടികളെ നിർബന്ധമായും പഠി പ്പിക്കണം. കണക്കും ഭൂമിശാസ്ത്രവും ഒക്കെ പ ഠിപ്പിക്കുന്നതിലും കൂടുതൽ പ്രാധാന്യത്തോടെ ജീവിതത്തിലെ ഏതു വെല്ലുവിളികളേയും നേ രിടാൻ പഠിപ്പിക്കുന്ന ഗീത പഠിപ്പിക്കുക. അതു പോലെ ലൈഫ് സയൻസ് അല്ലെങ്കിൽ ജീവശാ സ്ത്രം എന്നറിയപ്പെടുന്ന ശ്രീമഹാഭാഗവതം. ഇതിൽ ഒരു മനുഷ്യജന്മത്തിൽ അനുവർത്തി ക്കേണ്ട എല്ലാ ജീവിതചര്യകളും ഉദാഹരണസ ഹിതം വിവരിച്ചിരിക്കുന്നു. ഈ മഹത്ഗ്രന്ഥം മനുഷ്യനെ നേർവഴിക്ക് നയിക്കുന്ന കാര്യ ത്തിൽ അദ്യുതീയമാണ്. അതുകൊണ്ട് വരും തലമുറകളെ നേർവഴിക്ക് നയിക്കുവാൻ, ജീ വശ്ശക്തിസ്രോതസ്സായ സനാതാധർമ്മ സിദ്ധാ ന്തങ്ങൾ പഠിപ്പിക്കുക. അധിനിവേശ സംസ് കാരങ്ങളുടെ നീരാളി പിടുത്തത്തിൽ നിന്നും, മഹത്തായ നമ്മുടെ സനാതനധർമ്മത്തെ രക്ഷി ക്കുക. അതിനായി അതിലേക്ക് മടങ്ങാം.

**വന്ദേമാതരം**

*****



# ജനറൽ സെക്രട്ടറിയുടെ പംക്തി

**പി. രാമചന്ദ്രൻ (വേണു)**

പ്രിയ കരയോഗാംഗങ്ങളെ,

**97**-ാമത് വാർഷികപൊതുയോഗം ജൂൺ മാസം 26-ാം തീയതി ഞായറാഴ്ച ടി.ഡി.എം. ഹാളിൽ വച്ച് കൂടുകയാണ്. വാർഷികപൊതുയോഗത്തിനോടൊപ്പം 2022-26ലേക്ക് ഭരണസമിതിയുടെ ഒഴിവുവരുന്ന 9 സ്ഥാനങ്ങളിൽ അന്നേ ദിവസം ഉച്ചയ്ക്ക് ശേഷം ആവശ്യമായി വരുന്ന പക്ഷം ടി.ഡി.എം. ഹാളിൽ വച്ച് തെരഞ്ഞെടുപ്പ് നടത്തുന്നതാണ് എന്ന് അംഗങ്ങളെ അറിയിച്ചുകൊള്ളുന്നു. ഇത് സംബന്ധിച്ചുള്ള അറിയിപ്പുകൾ മെയ്, ജൂൺ മാസങ്ങളിലെ സൗഹൃദത്തിലും കരയോഗം നോട്ടീസ് ബോർഡിലും യഥാസമയം കരയോഗാംഗങ്ങളുടെ അറിവിലേയ്ക്കായി പ്രസിദ്ധപ്പെടുത്തുന്നതായിരിക്കും.

കരയോഗത്തെ സംബന്ധിച്ച് പുതിയ പദ്ധതികളും സേവനമേഖലകളും അതുപോലെ തന്നെ വരുമാനസ്രോതസ്സുകളും കണ്ടെത്തേണ്ടതുണ്ട്. എറണാകുളം കരയോഗം ജീവകാരുണ്യ പ്രവർത്തനങ്ങൾ അടക്കം എല്ലാ സാമ്പത്തിക ചിലവുകളും നാം നടപ്പിലാക്കുന്നത് പദ്ധതികളിൽ നിന്നും മറ്റ് പൊതുജനസേവനങ്ങളിൽ നിന്നും ലഭിക്കുന്ന മിച്ച വരുമാനംകൊണ്ടാണെന്ന് എടുത്തുപറയേണ്ടതില്ലല്ലോ. അതുകൊണ്ട് വരുമാനം വർദ്ധിപ്പിച്ച്, ചിലവ് കഴിച്ച് മിച്ചവരുമാനം ഉണ്ടാക്കി ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടു പോവുകയാണ് നമ്മുടെ പ്രവർത്തനശൈലിയെന്നുള്ളത് നിങ്ങൾക്ക് ഏവർക്കും അറിയാവുന്നതാണല്ലോ? എറണാകുളം കരയോഗം പതിവായി ഓരോ ആവശ്യത്തിനും പൊതുജനങ്ങളുടെ കൈയ്യിൽ നിന്നും നടന്നു സംഭാവന പിരിക്കുന്ന പതിവില്ല. കരയോഗാംഗങ്ങളും കരയോഗത്തിന്റെ സേവനം ഉപയോഗപ്പെടുത്തിയ നല്ലവരായ ഉപഭോക്താക്കളും നൽകുന്ന ധനമാണ് കരയോഗത്തിന്റെ എല്ലാ ജീവകാരുണ്യ പ്രവർത്തനങ്ങളുടെയും സ്രോതസ് എന്നു പറയുന്നതിൽ അതിയായ സന്തോഷമുണ്ട്.

എറണാകുളം കരയോഗം പുതിയ പദ്ധതികളും പ്രസ്ഥാനങ്ങളും നടപ്പിലാക്കുന്നത് കരയോഗാംഗങ്ങളിൽ നിന്നും ഡിപ്പോസിറ്റ് സ്വീകരിച്ചും ആവശ്യമെങ്കിൽ ബാങ്കുകളിൽ നിന്ന് വായ്പയെടുത്തും ആണ് എന്ന് ഇവിടെ സൂചിപ്പിക്കുന്നു. അതുകൊണ്ട് സാമ്പത്തികമായ മിച്ചം കൈവശം വച്ചിട്ടല്ല നാളിതുവരെ പദ്ധതികളും പ്രസ്ഥാനങ്ങളും നടത്തിവന്നിരുന്നത് എന്ന് പറയുന്നതിൽ ചാരിതാർത്ഥ്യമുണ്ട്. 2022-23 ലേക്ക് പുതിയ പദ്ധതികൾ ജനോപകാരപ്രദമായി ആരംഭിക്കുന്നത് സംബന്ധിച്ച് അംഗങ്ങളുടെ മനസ്സിൽ തോന്നുന്ന പരിപാടികളും പദ്ധതികളും കരയോഗം ഭരണസമിതിയെ അറിയിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു. ആശയങ്ങൾ നടപ്പാക്കാനുള്ള പ്രായോഗികതയും അതിന്റെ വരുമാനസ്രോതസ്സും ചിലവും തുടങ്ങി സമഗ്രമായ ഒരു രൂപരേഖ രേഖാമൂലം നൽകിയാൽ ഉചിതമായിരിക്കും എന്ന് അറിയിച്ചുകൊള്ളട്ടെ. പ്രായോഗികമായി നടപ്പിലാക്കാൻ കഴിയുന്നതാ

ണെങ്കിൽ ഭരണസമിതി പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിച്ച് 97-ാമത് വാർഷികപൊതുയോഗത്തിൽ സമർപ്പിക്കുന്നതായിരിക്കും.

എറണാകുളം കരയോഗം മെയ് 4 മുതൽ 11 വരെ ജഗദ്ഗുരു വിചാരയജ്ഞം ശ്രീ വിദ്യാസാഗർ ഗുരുമൂർത്തിയുടെ ആഭിമുഖ്യത്തിൽ ടി.ഡി.എം. ഗംഗാഹാളിൽ നടത്തുന്നതാണ്.

എറണാകുളം കരയോഗം മെയ് 15 മുതൽ 21 വരെ ശ്രീമദ്ഭാഗവതം കിളിപ്പാട്ട് പാരായണം എല്ലാദിവസവും രാവിലെ 7.30 മുതൽ വൈകുന്നേരം 3.30 വരെ ടി.ഡി.എം. ഹാളിൽ നടത്തുന്നതാണ്.

എറണാകുളം കരയോഗവും ബീമും സംയുക്തമായി സംഘടിപ്പിക്കുന്ന പ്രതിമാസ പരിപാടി മെയ് മാസം 24ന് ചൊവ്വാഴ്ച വൈകുന്നേരം 6.15ന് ടി.ഡി.എം.ഹാളിൽ ഉസ്താദ് റഫീക്ക്ഖാൻ ദാർവാഡ് ഖരാനയുടെ സിത്താർ കച്ചേരിയും ഒപ്പം രത്നശ്രീ അയ്യർ തബലയും അവതരിപ്പിക്കുന്നതാണ്.

എറണാകുളം കരയോഗം കഥകളി ക്ലബിന്റെ ആഭിമുഖ്യത്തിൽ പ്രതിമാസ കഥകളി രുഗ്മാംഗത ചരിതം മെയ് മാസം 26 വ്യാഴാഴ്ച വൈകുന്നേരം 6 മണിക്ക് ടി.ഡി.എം. ഹാളിൽ നടത്തുന്നതാണ്.

എറണാകുളം കരയോഗം സാംസ്കാരിക വേദിയുടെ ആഭിമുഖ്യത്തിൽ മെയ് 29ന് വൈകുന്നേരം 4 മണിക്ക് അനശ്വരഗായകൻ ബാബുരാജ് ഈണം നൽകിയ ഗാനങ്ങൾ കോർത്തിണക്കിക്കൊണ്ടുള്ള സംഗീതപരിപാടി ടി.ഡി.എം. ഹാളിൽ നടത്തുന്നതാണ്.

കരയോഗത്തിന്റെ എല്ലാ പ്രവർത്തനങ്ങളിലും പരിപാടികളിലും നിങ്ങളുടെ വിലയേറിയ ഉപദേശങ്ങളും സാന്നിധ്യവും സഹകരണവും ഉണ്ടാവണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്,

ജനറൽ സെക്രട്ടറി

*****

## 2022-26 ലേ എറണാകുളം കരയോഗം ഭരണസമിതിയിലേക്ക് തെരഞ്ഞെടുപ്പ് സംബന്ധിച്ചുള്ള അറിയിപ്പ്

എറണാകുളം കരയോഗം ഭരണസമിതിയിൽ 2022-26 കാലയളവിൽ ഒഴിവുവരുന്ന പ്രസിഡണ്ട്, ഒരു വൈസ് പ്രസിഡണ്ട്, ഒരു അസിസ്റ്റന്റ് സെക്രട്ടറി, നാല് ഭരണസമിതി അംഗങ്ങൾ, രണ്ട് വനിത അംഗങ്ങൾ എന്നിവർ ഉൾപ്പെടെ 9 സ്ഥാനങ്ങളിലേയ്ക്ക് ആണ് തെരഞ്ഞെടുപ്പ് നടത്തപ്പെടുക.

2022 ജൂൺ മാസം 26-ാം തീയതി ഞായറാഴ്ച കൂടുന്ന 97-ാമത് വാർഷികപൊതുയോഗത്തിൽ വെച്ച് ആവശ്യമായി വരുന്ന പക്ഷം മേൽപറഞ്ഞ സ്ഥാനങ്ങളിലേയ്ക്ക് ഉച്ചയ്ക്ക് 2 മുതൽ 6.00 വരെ തിരഞ്ഞെടുപ്പ് നടത്തുന്നതായിരിക്കും.

നിയമാവലി 3, 7, 14 (iii), 15, 17 എന്നീ വകുപ്പുകൾ പ്രകാരവുമായിരിക്കും തെരഞ്ഞെടുപ്പ് നടത്തപ്പെടുക. എറണാകുളം കരയോഗത്തിലേക്ക് ഏതെങ്കിലും ഇനത്തിൽ കുടിശ്ശിക അടച്ചു തീർക്കുവാൻ ഉണ്ടെങ്കിൽ അവ അടച്ചു തീർക്കേണ്ടതാണ്. എറണാകുളം കരയോഗം നിയമാവലി 7(iii), 8 (iii) 11 (എ), 17 (ഇ) (ii), 31 എന്നി വകുപ്പുകൾ പ്രകാരം കരയോഗാംഗങ്ങൾ ഏതെങ്കിലും ഇനത്തിൽ കുടിശ്ശിക വരുത്തുന്നവർക്ക് പൊതുയോഗത്തിൽ പങ്കെടുക്കുവാനോ വോട്ടു ചെയ്യുവാനോ അർഹത ഉണ്ടായിരിക്കുന്നതല്ല. കുടിശ്ശിക ഉള്ളവരുടെ പേരുവിവരം വോട്ടർ പട്ടികയിൽ ഉണ്ടായിരിക്കുകയില്ലെന്നും ഇതിനാൽ അറിയിക്കുന്നു.

എറണാകുളം കരയോഗത്തിൽ ഏതെങ്കിലും വിധത്തിൽ കുടിശ്ശിക അടയക്കുവാനുണ്ടെങ്കിൽ ആയത് **2022 മെയ് 31ന്** മുമ്പ് അടയ്ക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

- ജനറൽ സെക്രട്ടറി



# ബാലലോകം

പറവൂർ രാജഗോപാൽ (ഫോൺ: 9847291483)

## ഈശ്വരീയം

*പ്രിയപ്പെട്ട ബാലലോകം കൂട്ടുകാരേ,*

ലക്ഷ്യസ്ഥാനത്തെക്കുറിച്ച് എത്രയും പരിമിതമായ അറിവോടുകൂടിയ ഒരു യാത്രയാണ് ജീവിതം. എവിടേക്കെന്നറിയാത്ത ആ യാത്രയിൽപ്പെട്ടുഴലുന്ന മനുഷ്യനെ, നേർവഴിക്കു നയിക്കാനുതകുന്ന പന്ഥാവുകളാണ് ക്ഷേത്രങ്ങൾ.

മനുഷ്യനെ നേർവഴിക്കു നയിക്കുവാൻ ഈശ്വരവിശ്വാസം കൂടിയേതീരുവെങ്കിൽ മനുഷ്യമനസ്സുകളിൽ ഭക്തിയുടെ മിന്നൽപിണരുകൾ സൃഷ്ടിച്ച് ദൈവവിശ്വാസത്തിൽ അധിഷ്ഠിതമായ ഹൃദയങ്ങൾ വാർത്തെടുക്കുവാൻ ക്ഷേത്രങ്ങൾ കൂടിയേതീരൂ.

വിശ്വാസം എന്നത് അംഗീകാരത്തിന്റെ ഭാഷയാണ്, വിളക്കാണ്. ഇരുളിൽ തപ്പിത്തടഞ്ഞ് നീങ്ങുന്ന ഒരുവൻ കുണ്ടിലും, കുഴിയിലും ചെന്നകപ്പെടുവാൻ സാദ്ധ്യതകളേറെയാകുമ്പോൾ, ഒരു വിളക്കിന്റെ സഹായത്തോടെ തമസ്സിന്റെ തീരം മുറിച്ചു കടക്കുന്ന ഒരുവൻ എളുപ്പം ലക്ഷ്യസ്ഥാനം പൂകുന്നു. ഈശ്വരവിശ്വാസമാകുന്ന വിളക്കുമായി യാത്ര പോകുന്ന ഒരുവന്റെ ജീവിതയാത്ര എത്ര സുഗമമായിരിക്കുമെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ.

ഈശ്വരനുമായി അടുക്കാനുള്ള അടുത്ത വഴി പ്രാർത്ഥനയാണ്. പ്രാർത്ഥനക്കുള്ള ശക്തി മറ്റൊന്നിനും ഇല്ല തന്നെ. അക്ഷരാർത്ഥത്തിൽ പ്രാർത്ഥനകൊണ്ടുദ്ദേശിക്കുന്നത് സമർപ്പണമാണ്. ആത്മസമർപ്പണം എന്നാൽ തിരക്കേറിയ ഇന്നത്തെ ജീവിതചര്യയിൽ, ആഗ്രഹങ്ങളും, രാഗദ്വേഷാദികളും നിറഞ്ഞ മനുഷ്യമനസ്സുകൾക്ക് സ്വയം ഒരാത്മാർപ്പണം നടത്തുകയെന്നത് അത്രകണ്ട് എളുപ്പമല്ലതാനും. നമുക്കു ചുറ്റുമുള്ള കണ്ണഞ്ചിപ്പിക്കുന്ന മനോമോഹനങ്ങളായ പലതിലേക്കും വഴുതിപ്പോകുന്ന മനസ്സുമായി നാമെങ്ങിനെയാണ് ആത്മസമർപ്പണത്തിന് അഥവാ പ്രാർത്ഥനക്കു തയ്യാറാവുന്നത്.

യഥാർത്ഥത്തിൽ ഇവിടെയാണ് ക്ഷേത്രങ്ങൾ ഉത്കൃഷ്ടങ്ങളായി നിലകൊള്ളുന്നത്. നാം ക്ഷേത്രത്തിൽ പോകുന്നു. അവിടെ സൃഷ്ടിക്കപ്പെടുന്ന അന്തരീക്ഷം ഭക്തിയുടേതായിരിക്കും. എങ്ങും അലയടിച്ചുയരുന്ന ഭക്തിയുടെ ശീലുകൾ. ദീപാരാധനയുടെ നിമിഷങ്ങളിൽ, ഏതൊരു പുണ്യവിഗ്രഹത്തിന്റെ മുന്നിലെന്നാലും കൈകൂപ്പി നിൽക്കുന്ന ആരുടെ മനസ്സാണ് പുളകം കൊള്ളാത്തത്.

പ്രാർത്ഥനയിലൂടെ നാം ഈശ്വരനെ നമ്മുടെ മനസ്സുകളിൽ വെച്ചു തന്നെ കണ്ടെത്തുവാൻ ശ്രമിക്കുകയാണ്. ആ അവസരത്തിൽ മനസ്സുകളിൽ ഇഷ്ടദൈവത്തിന്റെ രൂപമൊഴികെ, മറ്റൊന്നും കടന്നുവരുവാൻ പാടുള്ളതല്ല. ക്ഷേത്രങ്ങളിൽ അലയടിക്കുന്ന ഭക്തിയുടെ പാരാവാരത്തിൽ നാമെല്ലാം ഈശ്വരനുമായി കൂടുതൽ അടുക്കുകയാണ്.

ക്ഷണനേരം തന്നെയെങ്കിലും അത്തരം ഒരന്തരീക്ഷത്തിൽ മാത്രമേ ആത്മാർപ്പണത്തിനുതകുന്ന ശരിയായ പ്രാർത്ഥന നാം അനുഭവിക്കുന്നുള്ളൂ. ആത്മസമർപ്പണം നടത്തിയ ഒരുവൻ എല്ലാ വിധ രാഗദ്വേഷാദികളിൽ നിന്നും മുക്തനത്രെ. പ്രാർത്ഥന ഇന്ന് പലർക്കും അവരവരുടേതായ ആഗ്രഹപൂർത്തീകരണത്തിനുള്ള ഉപാധിയാണ്. ഈ സന്ദർഭത്തിൽ ഏതാണ് ഏറ്റവും നല്ല പ്രാർത്ഥനാരൂപം? അതിനുവേണ്ടി നാം ചിലവഴിക്കേണ്ട

സമയം എത്രയാണ്? ഈ രണ്ടു ചോദ്യങ്ങളും പ്രസക്തങ്ങൾ തന്നെ.

ഗാന്ധിജിയുടെ അഭിപ്രായത്തിൽ 'ന്യായം ചെയ്യുക' എന്നതാണ് പ്രാർത്ഥനയുടെ ഏറ്റവും നല്ല രൂപം. എല്ലാവരോടും ന്യായം ചെയ്യുന്നതിൽ ആത്മാർത്ഥത പുലർത്തുന്ന ഒരാൾ കൂടുതലായിട്ട് ഒന്നും പ്രാർത്ഥിക്കേണ്ടതില്ലത്രെ. ആത്മാർത്ഥമായി ഒരു നിമിഷം മാത്രം പ്രാർത്ഥന നടത്തിയാലും മതി. അത് ജീവനുള്ള എല്ലാറ്റിനോടും നീതിപൂർവ്വം പെരുമാറുന്നതിന് കഴിവുണ്ടാക്കിത്തരണം എന്നതായാൽ, അതിലും മഹത്തരം മറ്റേതുണ്ട്.

പ്രാർത്ഥന ഹൃദയത്തിന്റെ പ്രക്രിയയായതിനാൽ ഈശ്വരനെ പ്രാർത്ഥിക്കാനൊരുങ്ങുന്നവർ ആദ്യം ഹൃദയത്തെ ശുദ്ധമാക്കിയേ തീരൂ. സഹോദരന്മാരെ സ്നേഹിക്കുന്ന ഒരു ഹൃദയം, അതാണ് ഭഗവാൻ സ്വയം തന്റെ ആസ്ഥാനമായി തെരഞ്ഞെടുക്കുന്നതെന്നു ഗാന്ധി സാഹിത്യം ഉദ്ഘോഷിക്കുന്നു. അഥവാ അപരന്റെ ദുഖത്തിൽ അലിഞ്ഞുപോകുന്ന ഒരു ഹൃദയത്തിന്റെ ഉടമയായിരിക്കും യഥാർത്ഥ ഭക്തൻ. ക്ഷേത്രങ്ങളിലൂടെ, പ്രാർത്ഥനയിലൂടെ നേടാനാവുക ആന്തരികമായ സമാധാനമാണ്. ആ സമാധാനം നേടാൻ കഴിഞ്ഞവരുടെ ദൈനംദിന പ്രവർത്തനങ്ങളിൽ ക്ഷമയും, സൗഖ്യവും, ശാന്തിയും എന്നെന്നും ആത്മാർത്ഥമിത്രങ്ങളായിരിക്കും.

ഭക്തിയെക്കുറിച്ച്,ഭക്തിമാർഗ്ഗത്തെക്കുറിച്ച്, പ്രാർത്ഥനയെക്കുറിച്ച് എല്ലാം ചിന്തിച്ചുറച്ച് ചിലത് പറഞ്ഞുവെന്നുമാത്രം. കൂട്ടുകാർ ഭക്തിമാർഗ്ഗത്തിൽ ചരിക്കണം. പ്രാർത്ഥനയെന്തെന്ന് പഠിക്കണം. പ്രാർത്ഥനയിലൂടെ നേടാവുന്ന ഉൾക്കരുത്ത് നേടണം. ജീവിതയാത്രയിൽ ഭക്തിക്കും ശരിയായ പ്രാർത്ഥനയ്ക്കും പ്രത്യേക പരിഗണന നൽകണം. പരാജയങ്ങളേയും പുഞ്ചിരിയോടെ നേരിടാൻ ഭക്തിപ്രാർത്ഥനാ മാർഗ്ഗത്തിലൂടെ നിങ്ങൾക്കു കഴിയുന്നതാണ്.

ജീവിതവിജയം നേടുന്നതിന് അവശ്യം വേണ്ട ഒരു ഗുണമാണ് ത്യാഗം. ത്യാഗമില്ലാതെ മഹത്തായ ഒരു വിജയവും സാദ്ധ്യമല്ല. ഉയർന്ന ലക്ഷ്യത്തിനു വേണ്ടിയോ, മറ്റുള്ളവർക്കു വേണ്ടിയോ, സമൂഹത്തിനു വേണ്ടിയോ, ഈശ്വരനു വേണ്ടിയോ സ്വന്തം ഇഷ്ടാനിഷ്ടങ്ങളും സുഖങ്ങളും ത്യജിക്കുന്നതിനെയാണ് ത്യാഗമെന്നു പറയുന്നത്.

ഉള്ളിൽ ബന്ധമില്ലാതിരിക്കുന്നതാണ് ത്യാഗം. ബന്ധമില്ലാതെ ജീവിതത്തിൽ എന്തെങ്കിലും ആസ്വദിക്കാൻ സാധിക്കുമോ എന്നൊരു സംശയം വരാം. ബന്ധമില്ലാത്തപ്പോഴാണ് നമുക്കെന്തും നന്നായി ആസ്വദിക്കാൻ കഴിയുന്നത്. സൂര്യാസ്തമയവും, ചന്ദ്രോദയവും, കുയിലിന്റെ പാട്ടും കടൽക്കാറ്റുമൊക്കെ നമുക്കെല്ലാവർക്കും ആസ്വദിക്കാനാവുന്നത് അവിടെ എന്റേത്, തന്റേത്, അന്യന്റേത് എന്നൊരുചിന്തയില്ലാത്തതുകൊണ്ടല്ലേ?ബന്ധമില്ലായ്മയാണ് ശരിയായ ശാന്തിയും, ആനന്ദവും തരുന്നത്.

സ്വാർത്ഥതയിൽ നിന്നു കിട്ടുന്ന സന്തോഷത്തേക്കാൾ എത്രയോ വലുതാണ്, സ്വാർത്ഥഭാവന ഉപേക്ഷിക്കുമ്പോൾ കിട്ടുന്നത്. വളരെ നാളുകളായി കണ്ടിട്ടില്ലാത്ത സുഹൃത്തിനെ തീരെ പ്രതീക്ഷിക്കാതെ വീണ്ടും കാണുമ്പോൾ, സ്നേഹപൂർവ്വം ഹസ്തദാനം ചെയ്തുകൊണ്ട്, അല്ലെങ്കിൽ പൂച്ചെണ്ടു നൽകിക്കൊണ്ട് നാം സ്വീകരിക്കുന്നു. ആ പൂക്കളുടെ ഭംഗിയും, പരിമളവും, ഹസ്തദാനത്തിന്റെ ഊഷ്മളതയും, സുഖവും ആദ്യം ആസ്വദിക്കുന്നതു നമ്മളാണ്. എന്തും മറ്റൊരാൾക്ക് കൊടുക്കുമ്പോഴുള്ള തൃപ്തിയും നമുക്കുതന്നെ. അതുപോലെ നിസ്വാർത്ഥമായ ത്യാഗത്തിലൂടെ നമ്മളറിയാതെ തന്നെ നമുക്ക് ആനന്ദവും സംതൃപ്തിയും ലഭിക്കുന്നു.

നമ്മൾ ജീവിക്കുകയാണ്.ജീവിതത്തിൽ നമുക്ക് സുഖം വരും. ദുഖം വരും. അസുഖങ്ങൾ വരും. ആപൽഘട്ടങ്ങൾ വരും. അതിനെ നേരിടാനല്ലേ നമ്മൾ ? ആപൽഘട്ടത്തിൽ നിലവിളിച്ചിട്ടെന്തു കാര്യം? അതിജീവിക്കുക എന്തും, ഏതും അടുത്തഘട്ടം എന്താണെന്നു നോക്കുക. മാനസികാവസ്ഥയാണ് പ്രധാനം. പേടിച്ചാൽ ഇനിയും പലതും വരും.

ഈശ്വരവിശ്വാസം നിരന്തരമായിതുടരുന്നതാണ്. ഞാൻ ഒരു സൃഷ്ടിയാണെന്നും, എനിക്ക് ഒരു സ്രഷ്ടാവുണ്ടെന്നും പരിപൂർണ്ണമായി വിശ്വസിക്കുക.

പൊതുവെ ഒരു കാര്യത്തിലും മുൻവിധി വേണ്ട, ആശങ്കകൾ വേണ്ട, ആകുലതകളും. വരും പോലെ ഓരോന്ന് നേരിടുക സധൈര്യം. എല്ലാം ഈശ്വരീയം. ഭഗവാൻ നോക്കിക്കൊള്ളും.

****

# ആഗ്രഹപ്രകാരം

കുടില ചിത്തനും ദുഷ്ടനും അഹങ്കാരിയുമായ ഒരു രാജാവും സാധുവായ ഒരു കർഷകനും ദൈവത്തോടു പ്രാർത്ഥിച്ചു.

അനേകനാൾ കൊണ്ടുള്ള ഇരുവരുടെയും പ്രാർത്ഥനയാണ്. കേൾക്കാതെ എങ്ങനെ?

രണ്ടുപേരുടെയും മുന്നിൽ പ്രത്യക്ഷനാവാൻ ദൈവം തീരുമാനിച്ചു. അക്കാര്യം അവരെ അറിയിക്കുന്നതിന് ഒരു ദേവാംഗനയെ നിയോഗിച്ചു.

ദേവാംഗന ആദ്യം രാജാവിന്റെ അടുത്തെത്തി അറിയിച്ചു.



രാജാവേ അങ്ങ് ആഗ്രഹിക്കുന്നപ്രകാരം ദൈവം അങ്ങയുടെ മുന്നിൽ പ്രത്യക്ഷപ്പെടാൻ നിശ്ചയിച്ചിരിക്കയാണ്.

ഏത് രൂപത്തിലാവണമെന്ന് അങ്ങ് തന്നെ നിശ്ചയിച്ചാലും.

രാജാവിന്റെ പ്രഖ്യാപനം പെട്ടെന്നായിരുന്നു.

ദൈവം സമസ്ത അധികാരത്തോടും പ്രൗഢിയോടും കൂടെ എന്റെ മുന്നിൽ പ്രത്യക്ഷപ്പെടണം. അങ്ങനെ തന്നെ പ്രത്യക്ഷപ്പെടട്ടെ എന്റെ മുന്നിൽ ദൈവം.

ദൈവം രാജാവിന്റെ ആഗ്രഹം സഫലമാക്കി. ജ്വലിക്കുന്ന മിന്നൽപ്പിണരായി അവിടുന്ന് വെളിപ്പെട്ടു. കൊട്ടാരവും രാജാവും ദഹിച്ചു ചാമ്പലാകുവാൻ പിന്നെ താമസിച്ചില്ല.

ദേവാംഗന പിന്നീട് സാധു കർഷകന്റെ സമീപത്തെത്തി. അയാളെ അറിയിച്ചു.

ദൈവം നിങ്ങളുടെ പ്രാർത്ഥന കേട്ട് മുന്നിൽ പ്രത്യക്ഷപ്പെടാൻ പ്രസാദിച്ചിരിക്കുന്നു. ഏതുപ്രകാരമാകണമെന്നത് നിങ്ങൽ തന്നെ നിശ്ചയിച്ചുകൊള്ളൂ.

കർഷകൻ ഏറെ നേരം ആലോചിച്ചിരുന്നു. തുടർന്ന് പ്രതിവചിച്ചു.

ഞാനൊരു സാധുവാണ്. ദൈവത്തെ നേർക്കുനേർ കാണാനുള്ള കരുത്തൊന്നും എനിക്കില്ല. ദൈവം പ്രത്യക്ഷപ്പെടാൻ തിരുമനസ്സാവുകയാണെങ്കിൽ, ഞാൻ ഉഴുന്ന ഭൂമിയായി, കുടിക്കുന്ന ജലമായി, കഴിക്കുന്ന അന്നമായി വെളിപ്പെട്ടാലും. അവിടുത്തെ സാന്നിദ്ധ്യം എന്റെ കുടുംബത്തിന്റേയും അയൽക്കാരുടെയും മുഖങ്ങളിൽ വെളിപ്പെടട്ടെ

ദൈവം കർഷകന്റെ ആഗ്രഹം നിറവേറ്റുകയും ചെയ്തു. വിളയായും വിളഭൂമിയായും വിളിപ്പുറത്തരികെയായും അയാൾ ദൈവത്തെ എപ്പോഴും കണ്ടു.

ദൈവമേ, അനുദിനാനുഭവങ്ങളിൽ സ്നേഹമായി എന്നെന്നും വെളിപ്പെടുവാൻ കാരുണ്യം കാട്ടിയാലും.

****

ചൈത്രം

- മാനസിക സംഘർഷമനുഭവിക്കുന്നവർ
- ഏകാന്തതയനുഭവിക്കുന്നവർ
- ജീവിതംഅവസാനിപ്പിക്കണമെന്ന് തോന്നുന്നവർ
- നിങ്ങളുടെ വിഷമംപങ്കുവയ്ക്കാൻ ഫോണിൽ ബന്ധപ്പെടുക:

0484 2361161

ചൈത്രത്തിലെ സേവനം തികച്ചും സൗജന്യവും സ്വകാര്യവുമാണ്

ഉച്ചയ്ക്ക് 2 മണി മുതൽ 6 മണി വരെ

വാസ്തു

# വാസ്തു ശാസ്ത്രം




ശ്രീ. പ്രഭാകരമേനോൻ പര്യാടത്ത്, റിട്ടയേർഡ് എഞ്ചിനീയർ, വാസ്തു വിദ്ഗദ്ധൻ
(ഫോൺ: 9447032434)

## ചെറിയ കാര്യങ്ങൾ

കഴിഞ്ഞയാഴ്ച പോയ ഒരു വീട്ടിൽ വീടു പണിയ്ക്കു ശേഷം Landscaping architetc വന്ന് കുറെ കാര്യങ്ങൾ ചെയ്തു. മനോഹരമായ ലോൺ ഉണ്ടാക്കി. തെക്കുപടിഞ്ഞാറുഭാഗത്ത് 3 മീറ്റർ ചതുരത്തിൽ അധികം താഴ്ചയില്ലാത്ത കുളമുണ്ടാക്കി വെള്ളത്തിൽ മാത്രം വളരുന്ന ചെടികൾ നട്ടുപിടിപ്പിച്ചു. വടക്കു വശത്ത് 90 സെ.മീ വീതി വിട്ട് കുട്ടിമതിൽ ഉണ്ടാക്കി അതിനുവടക്കുവശം 10 സെ.മീ. ഉയരത്തിൽ lawn ഉണ്ടാക്കി. തെക്കുവശം മുഴുവൻ lawn ഉണ്ടാക്കി അവിടെയിരുന്ന ഭക്ഷണം കഴിക്കുവാൻ പാകത്തിന് Furniture ഉം ഉണ്ടാക്കി. കിഴക്കും, വടക്കുകിഴക്കും മതിൽ പൊക്കി മുകൾ വശം Roof ഉണ്ടാക്കി Work area ആക്കി മാറ്റി. പാർട്ടികൾ നടത്തുന്നതിനുവേണ്ടിയുള്ള അടുക്കളയാക്കി ഉപയോഗിക്കുന്നു. ഇതോടുകൂടി കിഴക്കും, വടക്കുകിഴക്കും തീരെ സ്ഥലമില്ലാതായി.

വടക്കുവശം കെട്ടിത്തിരിച്ചപ്പോൾ വടക്കിനേക്കാൾ വളരെ കൂടുതൽ സ്ഥലം തെക്കുവശത്തുവന്നു. യാതൊരു കാരണവശാലും വടക്കും, കിഴക്കും തുറന്ന സ്ഥലമില്ലാതെ വീടുപണിഞ്ഞു താമസിക്കരുത്. തെക്കുള്ളതിനെക്കാൾ കൂടുതൽ സ്ഥലം വടക്കു വേണം. പടിഞ്ഞാറുള്ളതിനെക്കാൾ കൂടുതൽ സ്ഥലം കിഴക്കുവേണം. തെക്കുപടിഞ്ഞാറുഭാഗത്ത് യാതൊരുകാരണവശാലും കുളം വരരുത്.

വീടു പണി ആരംഭിക്കുന്നതിനു മുൻപുതന്നെ തെക്കും, പടിഞ്ഞാറും മതിലിന് തറപണിഞ്ഞിടുന്നത് നല്ലതാണ്. വീടിന് കുറ്റിയടിക്കുമ്പോൾ തന്നെ വീടിന്റെ വടക്കും, കിഴക്കും ധാരാളം സ്ഥലം വേണമെന്ന കാര്യം മറക്കരുത്. അതിന് പറ്റാത്ത് പക്ഷം തെക്കും, പടിഞ്ഞാറും ചെറിയകുട്ടിമതിൽ 18 മുതൽ 24 സെ.മീ. ഉയരത്തിൽ കെട്ടി പറമ്പ് തിരിച്ചിടണം. Sketch ൽ A,B,C,D, കാണുക. അടുക്കളയുടെ വടക്കുകിഴക്കു ഭാഗത്ത് യാതൊരു വിധ നിർമ്മാണവും അരുത്. (പട്ടിക്കൂട്, BathRoom, Store etc).




വാസ്തു സംബന്ധമായ എല്ലാ സംശയങ്ങളും എല്ലാ മാസവും 10-ാം തിയതിക്കു മുൻപ് കരയോഗം ഓഫീസിൽ ലഭിക്കേണ്ടതാണ്. കരയോഗം മെമ്പർമാർക്ക് രാവിലെ 10 മണി മുതൽ 5 മണി വരെ 9447032434 എന്ന നമ്പറിൽ വിളിക്കാവുന്നതാണ്. ഈ സേവനം തികച്ചും സൗജന്യമായിരിക്കും. എല്ലാ മാസവും രണ്ടാം ഞായറാഴ്ച എഞ്ചിനീയർ പ്രഭാകരമേനോൻ എറണാകുളം കരയോഗം ഓഫീസിൽ രാവിലെ 9.30 മുതൽ 1 മണി വരെ ഉണ്ടായിരിക്കും. അദ്ദേഹത്തെ കാണുന്നതിന് മുൻകൂർ പേര് രജിസ്റ്റർ ചെയ്തിരിക്കണം.

ക്ഷേത്രങ്ങളിലൂടെ



# കണയന്നൂർ ശ്രീ മഹാദേവ ക്ഷേത്രം

ഇന്ദിരാഭായി ഫോൺ : 8078552892



ഭഗവതിയെ ആരാധിക്കുന്ന ഒരു മഹത്തായ പാരമ്പര്യം കാത്തു സൂക്ഷിക്കുന്നവരാണ് ഭാരതീയർ. ആദി പരാശക്തിയായ ശ്രീ ജഗദംബയുടെ സനാതനപ്രഭാവവും ലോകമംഗളാർത്ഥം അമ്മ നിർവഹിച്ച ദുഷ്ടജനനിഗ്രഹവും ശിഷ്ടജനാനുഗ്രഹവും ദുരിത കാലങ്ങളിൽ ഭക്തജനങ്ങൾക്ക് അമ്മ നൽകിയ അഭയവും അനുഗ്രഹവും ശ്രീമദ് ദേവീഭാഗവതത്തിൽ പ്രതിപാദിച്ചിരിക്കുന്നു. ശക്തിയായും ദുർഗ്ഗയായും ഭദ്രകാളിയായും സരസ്വതിയായും മഹാലക്ഷ്മിയായും ഭഗവതിയുടെ വിവിധഭാവങ്ങളെ പ്രതിഷ്ഠിച്ചാരാധിച്ചുപോരുന്ന നിരവധി ക്ഷേത്രങ്ങൾ നമ്മുടെ നാട്ടിലുണ്ട്. നമ്മുടെ പുരാണങ്ങളിലൂടെ ധാരാളം യക്ഷിക്കഥകളെ നാം മനസ്സിലാക്കിയിട്ടുണ്ട്. ഭഗവതിയുടെ ഭക്തനെ ഉപദ്രവിക്കാൻ തുനിഞ്ഞ യക്ഷിയെ ഭഗവതി തന്നെ നിഗ്രഹിച്ച് പിന്നീട് ഭഗവതി സ്ഥാനം നൽകി അനുഗ്രഹിച്ച കഥകളും ഉണ്ട്. അങ്ങനെയൊരു ഐതിഹ്യമുള്ള ക്ഷേത്രമുണ്ട്. ആ ക്ഷേത്രത്തെ നമുക്കു പരിചയപ്പെടാം. നമ്മുടെ നാട്ടിലെ ചില ഭഗവതി ക്ഷേത്രങ്ങൾ ലോകപ്രശസ്തി നേടിയിട്ടുള്ളവയാണ്. പ്രശസ്തമായ ഒരു ഭഗവതിക്ഷേത്രമാണ് ശ്രീ ചോറ്റാനിക്കര ഭഗവതി ക്ഷേത്രം. ചോറ്റാനിക്കരയമ്മേ എന്ന ഒരു വിളിപോലും ഭക്തനെ ആനന്ദചിത്തനാക്കുന്നു. ചോറ്റാനിക്കരഭഗവതിക്ഷേത്രവുമായി അഭേ

ദ്യമായ ബന്ധമുള്ള ഒരു ക്ഷേത്രമാണ് കണയന്നൂർ ശ്രീമഹാദേവക്ഷേത്രം. 1200 ലേറെ വർഷങ്ങളുടെ പഴക്കമുള്ള ഈ ക്ഷേത്രം സമീപകാലം വരെയും അത്ര പ്രസിദ്ധമായിരുന്നില്ല. ഈ ക്ഷേത്രം ചോറ്റാനിക്കര ഭഗവതി ക്ഷേത്രത്തിനടുത്തു തന്നെയാണ് സ്ഥിതി ചെയ്യുന്നത്.

ദേശാധിപന്റെ അനുഗ്രഹമുണ്ടായാൽ ആ ദേശം സമ്പൽസമൃദ്ധമായിരിക്കും, സത്ഗുണങ്ങളാൽ നിറഞ്ഞതായിരിക്കും. ദേശവാസികൾക്ക് ശാന്തിയും സമാധാനവും കൈവരുകയും ചെയ്യും. ദേശനാഥനെ നാം ഭക്തിപൂർവ്വം പ്രാർത്ഥിക്കുകയും വേദോപാസനകൾ കൊണ്ട് പ്രീതിപ്പെടുത്തുകയും ആചാരാനുഷ്ഠാനങ്ങൾ കൃത്യമായി പാലിക്കുകയും ചെയ്താൽ ദേവ ചൈതന്യം വർദ്ധിക്കുകയും ദേവ പ്രീതിയുണ്ടാവുകയും ചെയ്യും. വളരെക്കാലങ്ങളായി വലിയ പ്രധാന്യമൊന്നും ലഭിക്കാതെ നാമമാത്രമായ പൂജാവിധികൾ മാത്രം ഏറ്റുവാങ്ങി നിലകൊണ്ടിരുന്ന ഒരു മഹാദേവക്ഷേത്രമാണ് കണയന്നൂർ ശ്രീ മഹാദേവക്ഷേത്രം. ശ്രീ പാർവ്വതീപരമേശ്വരന്മാരുടെ സാന്നിദ്ധ്യത്താൽ പവിത്രമായ ഒരു ക്ഷേത്രം. ക്ഷേത്രത്തിനു ചുറ്റുമുള്ള പരിസരങ്ങളെല്ലാം കൊടും വനപ്രതീതിയുളവാക്കുന്ന തരത്തിലുള്ള കാടായിരുന്നു സമീപകാലം വരേയും. ഈ ക്ഷേത്രത്തിന്റെ പൂർവ്വകാലചരിത്രങ്ങൾ മനസ്സിലാക്കുമ്പോൾ ക്ഷേത്രങ്ങളേയും ദേവീദേവന്മാരേയും പോലും കാലദോഷം ബാധിക്കുമോ എന്നു തോന്നിപ്പോകും.

യക്ഷിയെന്നു കേൾക്കുമ്പോൾ ഒന്നു ഭയക്കുന്നവരാണ് നാമെല്ലാവരും. യക്ഷിക്കഥകളെപ്പറ്റി കേൾക്കാത്തവരുണ്ടാകില്ല. സാക്ഷാൽ ചോറ്റാനിക്കര ഭഗവതി തന്നെ ഭക്തനെ യക്ഷിയിൽ നിന്നും രക്ഷിച്ച കഥയാണ് കണയന്നൂർ ശ്രീ മഹാദേവ ക്ഷേത്രവുമായി ബന്ധപ്പെട്ട യക്ഷിക്കഥ. യക്ഷിയിൽ നിന്ന് ചോറ്റാനിക്കരയമ്മ ഭക്തനെ രക്ഷിക്കുകയും യക്ഷിയെ നിഗ്രഹിക്കുകയും പിന്നീട് ആ യക്ഷിക്ക് മോക്ഷം നൽകി ഭഗവതിസ്ഥാനം നൽകി അനുഗ്രഹിക്കുകയും ചെയ്തു. ഈ യക്ഷിയമ്മ കണയന്നൂർ ശ്രീമഹാദേവ ക്ഷേത്രത്തിൽ ഭഗവതിയായി ഉപദേവതാസ്ഥാനത്ത് കുടികൊള്ളുന്നു. തന്റെ മുന്നിലെത്തുന്ന ഭക്തരെ സൗമ്യഭാവത്തിൽ കുടികൊള്ളുന്ന ഭഗവതി (യക്ഷിയമ്മ) ഭയവിമുക്തരാക്കി അനുഗ്രഹിക്കുന്നു. ഭയം മൂലം കലുഷിതമായ മനസ്സുമായി അമ്മയുടെ മുന്നിലെത്തുന്ന ഭക്തർ ശാന്തമനസ്ക്കരായി മടങ്ങുന്നു എന്ന് അനുഭവസ്ഥർ സാക്ഷ്യപ്പെടുത്തുന്നു.

കണയന്നൂർ മഹാദേവക്ഷേത്രത്തിന്റെ പഴക്കത്തെപ്പറ്റി ചരിത്രപരമായ രേഖകളൊന്നും ലഭ്യമല്ല. അഷ്ടമംഗല പ്രശ്നവിധിപ്രകാരവും ക്ഷേത്രത്തിലെ വാസ്തുകലകളെ നിരീക്ഷിച്ചും വിഗ്രഹരൂപത്തെ ആസ്പദമാക്കിയുമാണ് ഈ ക്ഷേത്രം 1200 ലേറെ വർഷങ്ങളുടെ പഴക്കമുള്ള ക്ഷേത്രമാണ് എന്ന് വിദഗ്ധർ നിർണ്ണയിച്ചിട്ടുള്ളത്. ഈ ക്ഷേത്രം പണ്ടുകാലത്ത് പള്ളിപ്പുറത്തുമനക്കാരുടെ അധീനതയിലായിരുന്നു. ചോറ്റാനിക്കര ഭഗവതി ക്ഷേത്രത്തിന്റെ ഊരാള കുടുംബമാണ് പള്ളിപ്പുറത്തുമന. ഇന്ന് ഈ ക്ഷേത്രം ക്ഷേത്രക്ഷേമസമിതിയുടെ മേൽ നോട്ടത്തിലാണ്. അന്നദാനപ്രഭുവാണ് കണയന്നൂരപ്പൻ. ഈ ക്ഷേത്രത്തിൽ യക്ഷിയമ്മ മോക്ഷം പ്രാപിച്ച് ഭഗവതിയായി കുടിയിരിക്കുവാൻ കാരണമായത് ചോറ്റാനിക്കരയമ്മയുടെ ഒരു ഭക്തനാണ്. ചോറ്റാനിക്കരയ്ക്കടുത്തുള്ള ഒരില്ലത്തെ നമ്പൂതിരി വേദപണ്ഡിതനും മാന്ത്രികനും ആയിരുന്നു. എങ്കിലും സ്ത്രീകളോട് അല്പം ഭ്രമം കാട്ടുന്നയാളുമായിരുന്നു. അദ്ദേഹം ഒരു കഥകളി പ്രേമവുള്ള ആളുമായിരുന്നു. ഒരു ദിവസം അദ്ദേഹം കഥ

കളികാണാൻ വേണ്ടി ഇല്ലത്തു നിന്നും പുറപ്പെട്ടു. ഇന്നത്തെപ്പോലെ റോഡു കളോ നല്ലവഴികളോ വഴിവിളക്കുകളോ ഒന്നും ഇല്ലാത്ത അക്കാലത്ത് ചൂട്ടുകത്തി ച്ച് അതിന്റെ വെളിച്ചത്തിലാണ് നടന്നത്. കഥകളി കാണാൻ പോകുന്ന വഴിക്ക് അദ്ദേഹത്തിന്റെ ഗുരുനാഥനായ നമ്പൂതി രിക്ക് ഒരു ഗ്രന്ഥം എത്തിച്ചു കൊടുക്കു കയും വേണമായിരുന്നു.

അദ്ദേഹം ഗ്രന്ഥവും കയ്യിലെടുത്ത് കത്തിച്ച ചൂട്ടിന്റെ വെളിച്ചത്തൽ യാത്ര തുടങ്ങി. കുറെ ദൂരം ചെന്നപ്പോൾ അദ്ദേഹം അല്പനേരം വിശ്രമിച്ചിട്ട് നടക്കാം എന്നു കരുതി ഒരു വൃക്ഷച്ചു വട്ടിൽ വെറ്റില മുറുക്കിക്കൊണ്ട് ഇരു ന്നു. ഈ സമയം നല്ല പാലപ്പൂവിന്റെ മണം ഒഴുകി വരുന്നതായി അദ്ദേഹത്തി നനുഭവപ്പെട്ടു. അപ്പോഴാണ് താൻ പാലമരത്തിന്റെ ചുവട്ടിലാണ് ഇരിക്കു ന്നത് എന്നദ്ദേഹത്തിനു മനസ്സിലായത്. അദ്ദേഹം നോക്കുമ്പോൾ ഒരു സ്ത്രീ തന്റെ സമീപത്തേക്കു വരുന്നതു കണ്ടു. സ്ത്രീകളോട് അല്പം കൂടുതൽ പ്ര തിപത്തിയുള്ള നമ്പൂതിരി ആരാ എന്ന് അവരോടു ചോദിച്ചു. ഞാൻ വെന്തല ക്കോടു വാരിയത്തെ കാമാക്ഷി വാരസ്യാ രാണ് എന്നവർ പരിചയപ്പെടുത്തി. ഞാ നും കഥകളികാണാൻ കൂടെ വന്നോട്ടെ എന്നവർ നമ്പൂതിരിയോടു ചോദിച്ചു. തനിക്കും വർത്തമാനം പറഞ്ഞുകൊണ്ടു നടക്കാൻ ഒരു കൂട്ടായല്ലോ എന്നു കരുതി നമ്പൂതിരി കൂടെ പോന്നോളൂ എന്നും പ റഞ്ഞു. ഇരുവരും ഒരുമിച്ചു നടപ്പുതുട ങ്ങി. ഇരുവരും നടന്ന് നമ്പൂതിരിയുടെ ഗു രുനാഥന്റെ ഇല്ലത്തിനടുത്തെത്തി. ഗുരു നാഥനു കൊടുക്കാൻ ദേവീമാഹാത്മ്യം ഗ്രന്ഥമായിരുന്നു നമ്പൂതിരിയുടെ കയ്യിൽ സൂക്ഷിച്ചിരുന്നത്. മഹാമാന്ത്രികനായ ഗുരുനാഥൻ നമ്പൂതിരിയുടെ വരവിന്റെ ചിത്രം നേരത്തെ തന്നെ മനസ്സിലാക്കി യതിനാൽ ശിഷ്യനെ കാത്ത് ഉറങ്ങാതെ പൂമുഖത്തു തന്നെ ഇരുന്നു. നമ്പൂതിരി ഗ്രന്ഥവുമായി ഇല്ലത്തേക്കു കടന്നു. കൂടെ വന്ന സ്ത്രീ പടിപ്പുരക്കു പുറത്തു തന്നെ നിന്നു. ഞാൻ ഇല്ലത്തേക്കു വരു ന്നില്ല. ഇവിടെ നിന്നോളാം ഗ്രന്ഥം കൊ ടുത്തിട്ടു വരൂ എന്നു പറഞ്ഞു അവർ പു റത്തുതന്നെ നിന്നു. നമ്പൂതിരിയെ കണ്ട തും ഗുരുനാഥൻ കൂടെയുള്ളതാരാണ് എന്നു ചോദിച്ചു. നമ്പൂതിരി ഒന്നു പരു ങ്ങി. പുസ്തകം ഗുരുനാഥനു കൊടുത്തു കഴിഞ്ഞപ്പോൾ ഗുരുനാഥൻ എന്നെ തൊ ട്ടുകൊണ്ട് പുറത്തേക്കു നോക്കൂ എന്നു നമ്പൂതിരിയോടു പറഞ്ഞു. അദ്ദേഹം ഗു രുവിനെ തൊട്ടുകൊണ്ടു പുറത്തേക്കു നോക്കിയപ്പോൾ ഭയാനകമായ യക്ഷി യുടെ രൂപമാണ് കണ്ടത്. ഇത്രയും നേരം ദേവീമാഹാത്മ്യ ഗ്രന്ഥം തന്റെ കയ്യിലിരു ന്നതിനാലാണ് തനിക്ക് ഉപദ്രവമൊന്നും ഉണ്ടാകാതിരുന്നത് എന്ന് അദ്ദേഹത്തിനു മനസ്സിലായി. ഭയന്നു വിറച്ച് അദ്ദേഹം കര ഞ്ഞുകൊണ്ട് ഗുരുനാഥന്റെ കാൽക്കൽ വീണ് തന്നെ രക്ഷിക്കണമെന്നപേക്ഷി ച്ചു. നിങ്ങളെ രക്ഷിക്കാൻ എനിക്കു കഴി യില്ല. സാക്ഷാൽ ചോറ്റാനിക്കരയമ്മക്കു മാത്രമേ ഈ യക്ഷിയിൽ നിന്ന് നിങ്ങളെ രക്ഷിക്കാൻ സാധിക്കൂ. ഇന്നിനി കഥ കളി കാണാനൊന്നും പോകണ്ട. നേരേ ചോറ്റാനിക്കരയമ്മയുടെ അടുത്തേക്ക് പൊയ്ക്കോളൂ. ഞാൻ ഒരു 7 കല്ലുകൾ ജ പിച്ചു തരാം. അതുമായി വേഗം നടന്നോ ളൂ. യക്ഷി അടുത്തെത്താറാകുമ്പോൾ ഓരോ കല്ലുകൾ പുറകോട്ടെറിഞ്ഞോ ളൂ. അത്രയും ദൂരം വിട്ടേ യക്ഷി നടന്നു വരികയുള്ളൂ എന്നു പറഞ്ഞു. നമ്പൂതിരി ഗുരുനാഥൻ കൊടുത്ത കല്ലുകളുമായി വേഗം നടന്നു തുടങ്ങി. യക്ഷി തന്റെ അടുത്തെത്താറാകുമ്പോൾ അദ്ദേഹം ഒരു കല്ലെടുത്തെറിയും പരിഭ്രമവും ഭയവും കൊണ്ട് വേഗം വേഗം കല്ലുക ളെറിഞ്ഞ് 7 കല്ലുകളും തീർന്നു. ചോറ്റാ നിക്കരയിൽ എത്തിയതുമില്ല. പെട്ടന്ന്

അവിടെ ഒരു ഇല്ലത്ത് ചെറിയ വെളിച്ചം കണ്ട് നമ്പൂതിരി ആ ഇല്ലത്തേക്കോടിയെത്തി. അത് പള്ളിപ്പുത്തുമനയായിരുന്നു. അവിടുത്തെ ബ്രാഹ്മണ ശ്രേഷ്ഠൻ ബ്രാഹ്മ മുഹൂർത്തത്തിൽ കുളികഴിഞ്ഞ് ജപിച്ചുകൊണ്ടിരിക്കുകയായിരുന്നു. അവിടെ കൊളുത്തിവച്ചനിലവിളക്കിന്റെ വെളിച്ചം കണ്ടാണ് നമ്പൂതിരി അവിടേക്കോടിക്കയറിയതത്. അദ്ദേഹം ആ ബ്രാഹ്മണശ്രേഷ്ഠനോട് തന്റെ വിഷമതകൾ അറിയിച്ചു. അദ്ദേഹവും പറഞ്ഞു എനിക്ക് യക്ഷിയിൽ നിന്നും നിങ്ങളെ രക്ഷിക്കാൻ കഴിയില്ല, ചോറ്റാനിക്കരയമ്മയ്ക്കു മാത്രമേ സാധിക്കൂ. നിങ്ങൾ അമ്മയെ വിളിച്ചു പ്രാർത്ഥിച്ചുകൊണ്ട് ചോറ്റാനിക്കര അമ്പലത്തിലേക്കു പൊയ്ക്കോളൂ. അവിടെവരെയെത്താൻ ഞാൻ സഹായിക്കാം എന്നു പറഞ്ഞ് അദ്ദേഹം ധരിച്ചിരുന്ന രണ്ടാം മുണ്ട് നമ്പൂതിരിക്കു കൊടുത്തു. ഈ മുണ്ട് ചുറ്റിലും വീശിവീശി ഓടിപൊയ്ക്കോളൂ. ചോറ്റാനിക്കരക്ഷേത്രത്തിലേക്കു കടക്കുമ്പോൾ ഈ മുണ്ട് അകത്തേക്കു കടത്തരുത്. കാരണം ഇത് എന്റെ വിഴുപ്പാണ്. നമ്പൂതിരി പള്ളിപ്പുറത്തുമനയിൽ നിന്നും കിട്ടിയ തോർത്തുമുണ്ടും വീശിവീശി ചോറ്റാനിക്കര അമ്പലത്തിലെത്തി അദ്ദേഹം വലതുകാൽ ക്ഷേത്രവാതിലിനുള്ളിലേക്കു വച്ചു തോർത്ത് മുണ്ട് പുറത്തേക്കെറിഞ്ഞു. ഈ സമയം യക്ഷി ഇടതുകാലിൽ പിടിച്ചു വലിച്ചു. തന്റെ ഭക്തനെ ഉപദ്രവിക്കുന്നത് ചോറ്റാനിക്കര അമ്മ കാണാതിരിക്കുമോ അമ്മയ്ക്ക് യക്ഷിയോട് പള്ളിപ്പുറത്തു നമ്പൂതിരിയുടെ വിഴുപ്പുമുണ്ടിനെ നീ ബഹുമാനിച്ചതിനാൽ നമ്പൂതിരിയെ പിടിച്ചില്ല. നിനക്ക് അത്രപോലും ബഹുമാനം എന്നോടില്ലേ, എന്റെ മുന്നിൽ വച്ച് എന്റെ ഭക്തനെ ഉപദ്രവിക്കുന്നുവോ, നീ അത്രക്കായോ എന്നു ചോദിച്ചു കൊണ്ട് ചോറ്റാനിക്കര അമ്മ ശൂലംകൊണ്ട് കുത്തി യക്ഷിയെ നിഗ്രഹിച്ച് ഭക്തനെ രക്ഷിച്ചു. മാപ്പപേക്ഷിച്ച യക്ഷിയെ പിന്നീടു മോക്ഷം നൽകി അമ്മ അനുഗ്രഹിക്കുകയും ചെയ്തു. അമ്മ യക്ഷിയെ കൊന്ന ശൂലത്തിലെ രക്തക്കറ തെക്കെക്കുളത്തിൽ കഴുകുകയും ചെയ്തു. ഈ കുളം ഇന്നും രക്തക്കുളം എന്നാണറിയപ്പെടുന്നത്. ചോറ്റാനിക്കരയമ്മ യക്ഷിക്കു മോക്ഷം നൽകി ഭഗവതിയായി കണയന്നൂർ ശ്രീമഹാദേവക്ഷേത്രത്തിൽ കുടികൊള്ളുവാനും അനുവദിച്ചു.

ചോറ്റാനിക്കര അമ്പലത്തിൽ അഭിഷേകം കഴിഞ്ഞ് പൂജാരി തിടപ്പള്ളിയിലേക്കുപോയസമയമായിരുന്നു നമ്പൂതിരി ക്ഷേത്രത്തിലേക്കു കാലെടുത്തുവച്ചത്. പൂജാരി തിരിച്ചുവന്ന് ശ്രീകോവിലിൽ കടന്നപ്പോൾ ദേവിയുടെ ഉടയാടയിൽ രക്തപ്പാടുകൾ കാണുകയും ഇതെങ്ങനെ സംഭവിച്ചു എന്നു ചിന്തിക്കുകയും ചെയ്തു. പെട്ടന്ന് അദ്ദേഹത്തിന് ഒരശ്ശരീരി കേൾനിടയായി ഒരഭിഷേകം കൂടി കഴിച്ചോളൂ ഏന്ന്. പൂജാരി ഉടയാട മാറ്റി വീണ്ടും അഭിഷേകം നടത്തി. ഇന്നും ചോറ്റാനിക്കര ഭഗവതി ക്ഷേത്രത്തിൽ രാവിലെ ഒരഭിഷേകത്തിനുശേഷം വീണ്ടും യക്ഷിമോക്ഷ സങ്കല്പത്തിൽ ഒരഭിഷേകം കൂടി പതിവുണ്ട്.

കണയന്നൂർ മഹാദേവക്ഷേത്രം ഇന്ന് പുനർനിർമ്മാണപ്രവർത്തനങ്ങളുടെ ഫലമായി ഒരു മഹാക്ഷേത്രപ്രതീതി കൈവരിച്ചിരിക്കുന്നു. ക്ഷേത്രപരിസരങ്ങളിൽ പണ്ടുണ്ടായിരുന്ന വൃക്ഷലതാദികൾ പലതും ഇന്നില്ല എങ്കിലും ഒരു വനപ്രതീതിതന്നെയാണ് ഇവിടെ. ചുറ്റുമുള്ള സ്ഥലങ്ങളിൽ റബ്ബർ മരങ്ങൾ നിറഞ്ഞുനി ല്ക്കുന്നു. റബ്ബർമരങ്ങൾക്കിടയിലൂടെയാണ് ക്ഷേത്രത്തിലേക്കുള്ള പാത. കിഴക്കോട്ട് ദർശനമായി വട്ടശ്രീകോവിലിൽ കുടികൊള്ളുന്ന മഹാദേവക്ഷേത്രത്തിൽ ഉപപ്രതിഷ്ഠയായി മോക്ഷപ്രാപ്തി നേടിയ ഭഗവതി മാത്രമാണുള്ളത്. നാലമ്പലത്തിനകത്തു തന്നെ കന്നിമൂലയിൽ

ഭഗവതി വാഴുന്നു, ഭഗവതിക്ക് (യക്ഷിയമ്മക്ക്) ഇന്നും രണ്ടു പൂജകളുണ്ട്. പൂർവ്വികർ പകർന്ന് തന്ന വിശ്വാസപ്രമാണങ്ങളെ പതിരില്ലാതെ വിശ്വസിക്കുമ്പോൾ അത് സത്യമായി ഭവിക്കുന്നു. കടുകോളം ആയുസ്സുണ്ടെങ്കിൽ കണയന്നൂരപ്പൻ കാത്തുകൊള്ളും. എന്നൊരു വിശ്വാസം കണയന്നൂരപ്പന്റെ ഭക്തർക്കുണ്ട്. മൃത്യുജ്ജയഹോമം ഇവിടുത്തെ പ്രധാന വഴിപാടാണ്. ഒരു ദിവസം ഒരാൾക്കുമാത്രമേ മൃത്യുഞ്ജയഹോമം നടത്താൻ സാധിക്കുകയുള്ളൂ എന്നതും ഇവിടത്തെ ഒരു പ്രത്യേകതയാണ്. അഗ്നിക്കുപോലും എല്ലാം ഇല്ലാതാക്കാൻ കഴിയില്ല. ഭസ്മംഅവശേഷിക്കും. ഭസ്മത്തെ നശിപ്പിക്കാൻ അഗ്നിക്കും കഴിയില്ല. മനുഷ്യൻ മൃത്യുവിനതീതനല്ല. എന്നാൽ ശിവം അനശ്വരമാണ് എന്നും ഭഗവാൻ നിശ്ചയിച്ചാൽ ആയുസ്സും നീളും എന്നും കണയന്നൂരപ്പന്റെ ഭക്തർ ഉറച്ചു വിശ്വസിക്കുന്നു.

ചോറ്റാനിക്കരയമ്മയെ തൊഴുതു മടങ്ങുന്നവർ അമ്മയുമായി അഭേദ്യമായ ബന്ധമുള്ള കണയന്നൂർ ശ്രീമഹാദേവ ക്ഷേത്രത്തിലും കൂടി ദർശനം നടത്തുന്നതുത്തമമാണ്. ഭഗവതി സൗമ്യ ഭാവത്തിൽ (യക്ഷിയമ്മ) ഈ ക്ഷേത്രത്തിൽ കുടികൊള്ളുന്നതിനാൽ ഭക്തരുടെ മനസ്സിന്റെ ഭയത്തെ ഇല്ലാതാക്കി ശാന്തിയും സമാധാനവും പ്രദാനം ചെയ്യുന്നു എന്നാണ് വിശ്വാസം. എല്ലാ ഭക്തർക്കും ചോറ്റാനിക്കരയമ്മയുടേയും കണയന്നൂരപ്പന്റേയും ഭഗവതിയുടേയും ദർശന സൗഭാഗ്യം ലഭിക്കുമാറാകട്ടെ.

*****






# ശ്രീമഹാഭാഗവതം

## ഭാഗവതം അഷ്ടമസ്കന്ധം

ഡോ: രാജേശ്വരികുഞ്ഞമ്മ. ഫോൺ : 9388382009

**അ**ഷ്ടമസ്കന്ധത്തിലെ പ്രധാന വിവരണം മന്വന്തരമാണ്. ബ്രഹ്മാവിന്റെ ഒരു ദിവസത്തിൽ 14 മനുക്കൾ വരുന്നുണ്ട്. ഓരോരുത്തരുടേയും ഭരണകാലത്തെ മന്വന്തരമെന്നു പറയുന്നു. ഓരോ മന്വന്തരത്തിലും മനു, മനുപുത്രന്മാർ, ദേവന്മാർ, ഋഷികൾ, ദേവേന്ദ്രൻ, ഭഗവാന്റെ അംശാവതാരം, ഇവരാണ് ലോകം ഭരിക്കുന്നത്. കപിലൻ സാംഖ്യാലോകത്തെ അവതരിപ്പിച്ചില്ലേ. ഈശ്വരന്റെ അനുഗ്രഹവും ചൈതന്യവുമാണ് ലോകത്തെ നിലനിർത്തുന്നത്. ലോകം മുഴുവൻ ഈശ്വരചൈതന്യമാണ്. സർവ്വഭൂതങ്ങളിലും അന്തര്യാമിയായി കാണുന്ന അദ്ദേഹത്തിന് സ്വന്തവും ബന്ധവും ഇല്ല. എല്ലാം ഒരേ പോലെ. എല്ലാം ഭഗവാനിൽ നിന്നുണ്ടാകുന്നു. അനശ്വരമാണ്, സ്വയം പ്രകാശിതമാണ്. കർമ്മബന്ധമില്ലാത്തതുകൊണ്ട് മുനിവര്യന്മാർ കർമ്മം ചെയ്യുന്നുമുണ്ട്. എല്ലാ ഗുണങ്ങളും തികഞ്ഞവനാണെങ്കിലും അവതാരമെടുക്കുമ്പോൾ അതതു കർമ്മങ്ങളും ധർമ്മവും അനുഷ്ഠിക്കുന്നു. ഫലകാംക്ഷയില്ലാതെ കർമ്മങ്ങൾ ചെയ്താൽ ധർമ്മം നിലനിർത്തി സ്വധർമ്മം ആചരിക്കുകയും ചെയ്യുമ്പോൾ ഭഗവാനെ ശരണം പ്രാപിക്കാം.

പ്രിയവ്രതന്റെ പുത്രൻ താമസനാണ് നാലാമത്തെ മനു. ശ്രീശുകൻ ചരിത്രസത്യങ്ങൾ പരീക്ഷിത്തിനു മനസ്സിലാക്കിക്കൊടുക്കുമ്പോൾ അതിനിടയിൽ പല സംഭവങ്ങളും പറയുന്നുണ്ട്. ഈ മന്വന്തരത്തിലാണ് ഭഗവാൻ ഹരി എന്ന അവതാരമെടുക്കുന്നത്. ഇവിടെ ഗജേന്ദ്രമോക്ഷം കഥ പറയുന്നുണ്ട്. ത്രികൂടം എന്ന പർവ്വതത്തിലും അതിന്റെ കാടുകളിലും ഒരു ആനയുണ്ടായിരുന്നു. ആ ആനയെ മറ്റെല്ലാ മൃഗങ്ങളും ഭയപ്പെട്ടിരുന്നു. ഒരിക്കൽ ക്ഷീണിച്ച ഗജേന്ദ്രൻ പിടിയാനകളോടൊത്ത് ഒരു നദീതീരത്തെത്തി. അതിലിറങ്ങി വെള്ളം കുടിച്ചു. ആ തടാകത്തിലുണ്ടായിരുന്ന മുതല ആനയെ പിടിച്ചു. ആന രക്ഷപ്പെടാൻ ശ്രമിക്കുന്തോറും മുതല ആനയെ നദിയിലേക്കു വലിച്ചു. മറ്റാനകൾ ശ്രമിച്ചിട്ടും ഗജേന്ദ്രനെ രക്ഷിക്കാൻ കഴിഞ്ഞില്ല. ഈ പിടിവലി ആയിരം വർഷം നീണ്ടുനിന്നുവെന്നു പറയപ്പെടുന്നു. ഇതുകണ്ടു ദേവന്മാർ ഭയന്നു.

നമാമി മേ ജ്ഞാതായ ആതുരം ഗജാ
കുതഃ കരിണ്യ പ്രഭവന്തി മോചിതും
ഗ്രഹേണ പാശേന വാധാതുരാ മൃതോ
പ്യഹം ചതം യാമിപരം പരായണം

ഇവർക്ക് എന്നെ രക്ഷിക്കാൻ സാധിക്കില്ല. അതുകൊണ്ട് സ്വന്തം ശക്തികൊണ്ട് ശ്രമിക്കാമെന്ന് ആന വിചാരിച്ചു. അവസാനം ഭഗവാനു മാത്രമേ രക്ഷിക്കാൻ കഴിയുകയുള്ളൂവെന്ന് മനസ്സിലായി. ഈ ഗജരാജൻ കഴിഞ്ഞ ജന്മം ഇന്ദ്രദ്യുമ്നനെന്ന രാജാവായിരുന്നു. ഒരിക്കൽ അഗസ്ത്യമഹർഷി അവടെയെത്തിയപ്പോൾ ധ്യാനനിമഗ്നനായിരുന്ന ഇന്ദ്രദ്യുമ്നൻ എഴുന്നേറ്റില്ല. മുനി ശപിച്ചു. നീ ഇവിടെ സ്തബ്ധനായി ഇരുന്നു പോകട്ടെ. ആനയുടേതുപോലെ സ്തംഭിച്ചുപോയനീ ആനയായി ജനിക്കട്ടെ. അങ്ങനെ ആനയായി. ആ ജന്മത്തിൽ ഉരുവിട്ട മന്ത്രങ്ങളെല്ലാം ഇപ്പോൾ ഓർമ്മയിൽ വന്നു. അതെല്ലാമുപയോഗിച്ച് ആന ഭഗവാനെ പ്രാർത്ഥിച്ചു.

ഈ പ്രാർത്ഥന ഭഗവാനിഷ്ടപ്പെട്ടു. അദ്ദേഹം ഗരുഢന്റെ പുറത്തേറി പ്രത്യക്ഷപ്പെട്ടു. ഭഗവാനെ കണ്ടപ്പോൾ തുമ്പിക്കൈകൊണ്ട് ഒരു താമരപ്പൂവു പറിച്ച് തുമ്പിക്കൈയുയർത്തി പ്രാർത്ഥിച്ചു. ഭഗവാൻ ആനയെ കരക്കു കയററി, മുതലയേയും.

തുമ്പിക്കൈയഗ്രം കുറഞ്ഞൊന്നൊഴി
ഞ്ഞുള്ളേട മ
ങ്ങും ഭസ്യ മുഴക്കിക്കേണീടിന കരീന്ദ്രനെ
തൃക്കൈകൊണ്ടുടൻ മെല്ലവേ പിടിച്ചെഴു
ന്നക്കരി പാദം പിടിപെട്ടിടും നക്രത്തേയും
കൂടവേ കരകേററി വച്ചുകൊണ്ടകതാരി
ലീടിന കുതൂഹലം തേടിന ജഗന്മയൻ
ചക്രംകൊണ്ടെറിഞ്ഞു നക്രേന്ദ്രവക്ത്ര
ത്തെപ്പിളർ
ന്നക്കാലം ശാപം തീർന്നു ശുദ്ധനാം
ഗന്ധർവനും.

മുതലയിൽ നിന്നും ഭഗവാൻ ഗജേന്ദ്രനെ രക്ഷിച്ചു. ഹുഹു എന്ന ഗന്ധർവ്വനാണ് മുതലയായി ജനിച്ചത്. ദേവല എന്ന മുനിയെ വെള്ളത്തിൽ കൂടി വന്ന് കാലിൽ പിടിച്ചു വലിച്ചപ്പോൾ മുനി ശപിച്ചു. ശാപമോക്ഷം ഭഗവാൻ സ്പർശിക്കുമ്പോൾ ലഭിക്കുമെന്നു പറഞ്ഞു. ഇവിടെ അജ്ഞാനം മൂലമുണ്ടായ സംസാരദുഃഖത്തിൽ നിന്നും ഗജേന്ദ്രനു മോചനം കിട്ടി.

ഭഗവാൻ അഞ്ചാമത്തെ മന്വന്തരത്തിൽ വൈകുണ്ഠനായി അവതാരമെടുത്തു. ആറാമത്തെ മന്വന്തരത്തിൽ അജിതനെന്ന അംശാവതാരം എടുത്തു. പാലാഴിമഥനത്തിൽ ദേവാസുരന്മാരെ സഹായിച്ചു. ഇവിടെ പരീക്ഷിത്തിന്റെ ആവശ്യപ്രകാരം ശ്രീശുകൻ പാലാഴി കടയാനുണ്ടായ കാരണമൊക്കെ പറയുകയാണ്.

ഒരിക്കൽ ദുർവ്വാസാവെന്ന മുനിവര്യന് ഭഗവാൻ ഒരു മാല കൊടുത്തു. ദുർവ്വാസാവ് അതു ഇന്ദ്രനു കൊടുത്തു. ഇന്ദ്രൻ അത് ഐരാവതത്തിന്റെ തലയിൽ വെച്ചു. പൂക്കൾ കണ്ടു പ്രാണികൾ വന്നപ്പോൾ ഐരാവതം മാല താഴെയിട്ടു ചവിട്ടിയരച്ചു.

മസ്തകമദ്ധ്യത്തിങ്കൽ നിന്നെടു
ത്തുടൻ മാല
പൃഥിയിലിട്ടു ചവുട്ടീടിനാർ കരിവരൻ
ഇതു കണ്ട ദുർവ്വാസാവു കോപാകു
ലനായി ഇന്ദ്രനെ ശപിച്ചു
അത്ര നിർജ്ജരാരും നീയും നിൻ
പൗലോമിയും
വൃദ്ധതയോടു ജരാനര പൂണ്ടിരിക്ക പോ
യുത്സത വിരൂപികളായ് ചമഞ്ഞെന്നീ
വണ്ണം
ശാപവുമരുൾ ചെയ്തു കോപേന
മുനിവരൻ.

അങ്ങനെ ഇന്ദ്രലോകം നശിച്ചു. ഈ അവസരം മുതലാക്കി അസുരന്മാർ ദേവന്മാരെ തോൽപ്പിച്ചു. അവർ ബ്രഹ്മലോ

കത്തെത്തി ബ്രഹ്മാവിനെ അഭയം പ്രാപിച്ചു. ദേവന്മാരുടെ ഭാവമാറ്റം കണ്ടു ചോദിച്ചു:

എന്തെടോ സുരന്മാരെ നിങ്ങളും
വലാരിയു
മന്തരം വൃദ്ധന്മാരായ്
വന്നതിന്നവകാശം

ഇതുകേട്ട ദേവേന്ദ്രൻ പറഞ്ഞു

ദുർവ്വാസാവിന്നങ്ങു നൽകിയ
മലർമാല
കാൽക്കീഴിലിട്ടുടൻ ചവിട്ടീടിനാൻ
കരിവരൻ
നോക്കിക്കണ്ടതിനേവം വൃദ്ധരായ്
ചമക്കെന്നു
വായ്ക്കുമുൾക്കോപത്തോടെ
ശപിച്ചാൻ മുനീന്ദ്രനും
പാൽക്കടൽ കടഞ്ഞമൃതെടുത്തു
സേവിക്കുന്നാൾ
മോക്ഷവും ശാപത്തിനുണ്ടെന്നരുൾ
ചെയ്തീടിനാൻ.

പിന്നെ എല്ലാവരുംകൂടി ആലോചനയായി. സാക്ഷാൽ നാരായണനെ അഭയം പ്രാപിക്കണം. ഭഗവാനെ സമീപിച്ചാൽ നമുക്കു സന്തോഷമുണ്ടാകും. ബ്രഹ്മാവും ദേവന്മാരും കൂടി ഭഗവാന്റെ അവതാരമായ അജിതന്റെയടുത്തെത്തി. മററാർക്കും നമ്മുടെ സങ്കടത്തെ ഇല്ലാതാക്കാൻ കഴിയുകയില്ല.

പണ്ടുമീ ജഗത്തിലന്നന്നു വലുതായി
ട്ടുണ്ടായി വന്നീടും മഹാ
സങ്കടങ്ങളെ തീർപ്പാൻ
കൊണ്ടൽനേർവർണ്ണനൊഴിഞ്ഞാരു
മില്ലിനിയും വൈ
കുണ്ഠനോടുണർത്തിക്ക വേണ
മെന്നിപ്പോഴിതും

എന്നു ശ്രീശങ്കരനും പറഞ്ഞു. എല്ലാവരും കൂടി അവിടെ ചെന്നു പ്രാർത്ഥിച്ചു. ഭഗവാന് കാര്യങ്ങളെല്ലാം അറിയാമെങ്കിലും ചെന്നവർ വിശദമായി എല്ലാം പറഞ്ഞു. എല്ലാവരുംകൂടി അവിടെചെന്ന് പ്രാർത്ഥിച്ചു. ബ്രഹ്മാവിന്റെ സ്തുതി കേട്ടു ഭഗവാൻ പ്രത്യക്ഷനായി. തങ്ങളുടെ ആവശ്യം സാധിച്ചു തരണമെന്നുള്ള അപേക്ഷ സ്വീകരിച്ചു പറഞ്ഞു ഇപ്പോൾ അസുരന്മാരുമായി സന്ധി ചെയ്യണം. കാരണം അവർക്ക് ഇപ്പോൾ നല്ല കാലമാണ്. സന്ധി ചെയ്തതിനുശേഷം അമൃതം ലഭിക്കാനായി കാര്യങ്ങൾ ചെയ്യണം. അമൃതം സേവിച്ചാൽ മരണമില്ലാത്തവനായി മാറും. ചെയ്യേണ്ടതിതാണ്.

പാലാഴി മഥിപ്പാനി
ന്നാഥുനാ വേണ്ടുമുപകരണങ്ങളെ
യെല്ലാം
പരിചോടുപകരിച്ചീടുവാൻ
ശ്രമിക്കണം

മന്ദരപർവ്വതം കടകോലായും സർപ്പരാജാവ് വാസുകിയെ കയറായും കടൽ കടയാനുപയോഗിക്കാം.ഇങ്ങനെയെല്ലാം പറഞ്ഞുകൊടുത്ത് ഭഗവാൻ അപ്രത്യക്ഷനായി.

ദേവന്മാർ അസുരരാജാവായ മഹാബലിയെ കണ്ടു സന്ധി നടത്താൻ പോയി. ഭഗവാൻ പാൽക്കടൽ കടഞ്ഞു അമൃതെടുക്കാൻ പറഞ്ഞതും മററും കേട്ട് മഹാബലി സന്തോഷിച്ചു. പാൽക്കടൽ കടയുക എന്ന കാര്യത്തിന് രണ്ടുപേരും ഉത്സാഹിച്ചു. മന്ദരപർവ്വതം പൊക്കിയെടുക്കാനുള്ള പരിശ്രമത്തിൽ ദേവന്മാരും അസുരന്മാരുമായ കുറേപ്പേർക്ക് ജീവഹാനിയുണ്ടായി. ഭഗവാൻ ഗരുഡന്റെ പുറത്തേറി വന്ന് അവരെ സഹായിച്ചു. മന്ദരപർവ്വതം പാൽക്കടലിലേക്കു കൊണ്ടുപോയി. വാസുകിയെ കയറാക്കി പാൽക്കടൽ കടയാൻ തുടങ്ങി. ഇതിനി

ടയിൽ പർവ്വതം വെള്ളത്തിലേക്കു താഴ്ന്നു തുടങ്ങി. ഇവിടെയാണ് ഭഗവാന്റെ കൂർമ്മാവതാരം.

നിന്തിരുവടി മുതിർന്നാമയായവതരി
ച്ചന്തികേ ധരാധരം തൻ കീഴേ
ചേർന്നുനിന്നു
പന്തിയിലൊരുമിപ്പിച്ചുന്തിയങ്ങു
യർത്തിനാ
നെന്തൊരത്ഭുതം തുലോമുയർന്നു
ഗിരിവരൻ

ഒരു ആമയുടെ രൂപമായിരുന്നു ഭഗവാന്റേത്. ദേവാസുരന്മാർ വീണ്ടും പാലാഴി കടയാൻ തുടങ്ങി. എല്ലാവർക്കും ക്ഷീണമായിത്തുടങ്ങിയപ്പോൾ ഭഗവാൻ അവരുടെ രൂപത്തിൽ അവരിലൊരാളായി എന്നു പറയപ്പെടുന്നു. അതുകൊണ്ട് വീര്യം വർദ്ധിച്ചു എല്ലാവരും പാലാഴി കടയാൻ തുടങ്ങി. വാസുകിയുടെ നിശ്വാസവായുവിൽ നിന്നു തീയും പുകയും ഉണ്ടായി. ഭഗവാനും ക്ഷീണിതരായ ദേവന്മാരെ കടയുന്നതിനു സഹായിച്ചു. വാസുകിയിൽനിന്നും വിഷം എല്ലായിടത്തും പരന്നു. ഹലാഹലം എന്ന കൊടും വിഷം വ്യാപിച്ചപ്പോൾ എല്ലാവരുംകൂടി ശിവനെ അഭയം പ്രാപിച്ചു. ലോകത്തിന്റെ തന്നെ കാരണഭൂതനായ അങ്ങ് ഈ കാളകൂടവിഷത്തിൽ നിന്ന് തങ്ങളെ രക്ഷിക്കാൻ കേണപേക്ഷിച്ചു. ഭഗവാൻ ശ്രീ പാർവ്വതീദേവിയോടു പറഞ്ഞു:

ഏതാവാൻ ഹി പ്രഭോരർത്ഥോ യദ്ദീ
ന പരിപാലനം
പ്രാണൈഃ സൈഃ പ്രാണിനഃ പാന്തി
സാധവഃ ക്ഷണഭംഗുരൈഃ

കഴിവില്ലാത്തവനോ ശക്തനോ ആയ ഒരാൾ ദീനന്മാരെ രക്ഷിക്കുന്നില്ലെങ്കിൽ പിന്നെ ശക്തികൊണ്ടുള്ള പ്രയോജനമെന്താണ്. ബലഹീനരെ രക്ഷിക്കാൻ പ്രാണൻ ത്യജിക്കേണ്ടി വന്നാലും വേണ്ടില്ല ത്യജിക്കതന്നെ വേണം.

ഈ പ്രാർത്ഥനകളെല്ലാം കേട്ട ശ്രീ പരമേശ്വരൻ രണ്ടുകൈകളിലും വിഷമെടുത്തു കുടിച്ചു. ദേവി അതിനനുകൂലിച്ചു. അതു കണ്ഠത്തിൽ സൂക്ഷിച്ചുവെച്ചു. അങ്ങനെ കഴുത്തിനു നീലനിറമായിയെന്നും പറയുന്നു. അങ്ങനെ ശിവന് നീലകണ്ഠൻ എന്ന പേരു ലഭിച്ചു. ഇതു കണ്ട് എല്ലാവരും അതിശയത്തോടും കൂടി നോക്കിനിന്നു.

ലേഖവൃന്ദവുംമുനീന്ദ്രന്മാരുമസുരരും
നാനാലോകരുംബഹുവിസ്മയം
കലർന്ന
നിത്യാനന്ദൻ'തന്നെ നീലകണ്ഠനെ
ന്നെല്ലാവരും
നാമവും സകലൈക സമ്മതമാകെ
ചെയ്ത
ങ്ങാമോദം പൂണ്ടു കൂപ്പിസ്തുച്ചാരതി
ഭക്ത്യാ

ഭഗവാൻ പരമേശ്വരൻ വിഷം ഭക്ഷിച്ചതോടെ പ്രശ്നങ്ങളെല്ലാം തീർന്നു. വീണ്ടും കടയാൻ തുടങ്ങി

അന്നേരം ക്ഷീരാംബുധി തന്നിൽ
നിന്നുയർന്നിങ്ങു
വന്നിതു സുരഭിയുമാനയും
കുതിരയും
ചന്ദ്രനും കൗസ്തുഭവും പാരിജാത
കവുമാ
നന്ദമാർന്നപ്സരസാം വർണ്ണവുമനു
ക്രമാൽ

ഇങ്ങനെ ആവശ്യമായവയെല്ലാം ഓരോരുത്തരും എടുത്തു. പാൽക്കടലിൽ നിന്ന് സൗന്ദര്യവതിയായ ശ്രീദേവി ജനിച്ചു. എല്ലാവരും സന്തോഷിച്ചു. ദേവി അവസാനം സ്വയംവരത്തിനു തയാറായി. ഓരോരുത്തരിലും ഓരോ കുറവുകൾ

കണ്ട ദേവി തന്റെ വരൻ എല്ലാം തികഞ്ഞ വനായിരിക്കണമെന്നുള്ള ധാരണയിൽ അവസാനം മഹാവിഷ്ണുവിനെ വരിച്ചു. ത്രിലോകങ്ങളുടേയും മാതാവായ ദേവി ലോകത്തിനു നന്മയെ പ്രദാനം ചെയ്തു.

പാൽക്കടലിൽ നിന്ന് മദ്യത്തിന്റെ അധിഷ്ഠാനദേവതയായ വാരുണീദേവി ഉണ്ടായി. അസുരന്മാർക്ക് സന്തോഷമുണ്ടായി. വീണ്ടും പാൽക്കടൽ കടഞ്ഞു കൊണ്ടേയിരുന്നു. ഭഗവാൻ അംശാവതാരമായ ഒരു യുവാവിന്റെ രൂപത്തിൽ അമൃതകുംഭവുമായി വന്നു. അസുരന്മാർ ഈ അമൃതകലശം പിടിച്ചെടുത്ത് ഓടിപ്പോയി. ദേവന്മാർ വർദ്ധിച്ച സങ്കടത്തോടു കൂടി ഭഗവാനെ സമീപിച്ചു. ഭഗവാൻ അവരെ സമാധാനിപ്പിച്ചു. ഈ അസുരന്മാർ തമ്മിൽ കലഹമായി. ശക്തിയുടെ ഒരു വടംവലി നടന്നു. ചിലർ പറഞ്ഞു ദേവന്മാർക്കു കൂടി കൊടുക്കണം. ഇങ്ങനെ വഴക്കു കൂടിയപ്പോൾ അസുരന്മാരുടെ അടുത്തേക്ക് ഭഗവാൻ സുന്ദരിയായ ഒരു സ്ത്രീയുടെ രൂപത്തിൽ ചെന്നു. തമ്മിലടിച്ചുകൊണ്ടിരുന്ന അസുരന്മാരുടെ ഇടയിലേക്ക് മോഹിനി ചെന്നു കയറി. നീ ആരാണ്. എന്തിനിവിടെ വന്നു തുടങ്ങിയ ചോദ്യങ്ങൾ അവർ ചോദിച്ചു. നിന്നെ ഒരു പക്ഷെ ഭഗവാനയച്ചതായിരിക്കാം. അതുകൊണ്ട് നീ തന്നെ അമൃത് ഞങ്ങൾക്ക് വിളമ്പി തരണം. മോഹിനി പലതും പറഞ്ഞു അവരെ വിശ്വസിപ്പിച്ചു. അവസാനം അവർ വിളമ്പിതരാമെന്നു പറഞ്ഞു. ദേവന്മാരും അസുരന്മാരും നിരന്നിരുന്നിടത്ത് ദേവി അമൃത് വിളമ്പി. അസുരന്മാരെ കളിപ്പിച്ച് ദേവി ദേവന്മാർക്ക് അമൃത് വിളമ്പി. ഇതു കണ്ട ഒരു അസുരൻ ദേവന്മാരുടെ വേഷം ധരിച്ചു അവരുടെ കൂടെയിരുന്നു. ചന്ദ്രന്റേയും സൂര്യന്റേയും ഇടയിലായിരുന്നു സ്ഥലം പിടിച്ചത്. അവർ ഇതു ഭഗവാനെ അറിയിച്ചു. ഭഗവാൻ ശ്രീചക്രം കൊണ്ട് രാഹുവിന്റെ തല മുറിച്ചു. അമൃതം ശരീരത്തിലേക്കു കടക്കാൻ പററിയില്ല. ശരീരം മരിച്ചു. പക്ഷെ തലക്കു ചൈതന്യം കൂടി. ഈ രാഹു പിന്നീട് ഒരു ഗ്രഹമായി കണക്കാക്കപ്പെന്നു. അതാണ് വാവിൻ നാളിൽ സൂര്യചന്ദ്രന്മാരെ രാഹു ഉപദ്രവിക്കുമെന്നു പറയുന്നത്.

ദേവന്മാർ അമൃതം കഴിച്ചു. ഭക്തരല്ലാത്തതുകൊണ്ട് ഭഗവാൻ അസുരന്മാർക്ക് അമൃതം കൊടുത്തില്ല. ശാപംമൂലം ജരാനര ബാധിച്ച ദേവന്മാർ അതിൽനിന്നും മുക്തരായി. ഇതറിഞ്ഞ അസുരന്മാർ യുദ്ധത്തിനായി വന്നു. സമുദ്രതീരത്തുവെച്ച് ദേവാസുര യുദ്ധം നടന്നു. മഹാബലിക്കാണെങ്കിൽ മയൻ നിർമ്മിച്ച വൈഹായസം എന്നൊരു വിമാനമുണ്ടായിരുന്നു. മഹാബലി സേനകളോടൊത്ത് ഐരാവതത്തിന്റെ പുറത്തേറി വന്നു. അസുരന്മാർ മായായുദ്ധം നടത്തി. ദേവന്മാർ ഭഗവാനെ പ്രാർത്ഥിച്ചു. അങ്ങനെ അസുരന്മാർക്കു നാശം സംഭവിച്ചു. കാലനേമിയും സുമാലിയും മററും വധിക്കപ്പെട്ടു. ഭഗവാന്റെ പ്രഭാവത്താൽ ദേവന്മാർ ശക്തരായി. ദേവേന്ദ്രൻ മഹാബലിയെ യുദ്ധത്തിനായി വെല്ലുവിളിച്ച., മഹാബലിക്കു മുറിവേററു. പല സേനാനായകന്മാരും വധിക്കപ്പെട്ടു. ദേവന്മാർ വിജയം കണ്ടു. നാരദമഹർഷി അവരെ യുദ്ധത്തിൽനിന്നും പിന്തിരിപ്പിച്ചയച്ചു. മഹാബലിയെ മൃതസഞ്ജീവനി കൊണ്ട് ശുക്രമഹർഷി ജീവിപ്പിച്ചു. ജയപരാജയങ്ങൾ ദൈവനിശ്ചയമാണെന്നു മഹാബലിക്കറിയാമായിരുന്നു.

ഭഗവാൻ മോഹിനിരൂപം ധരിച്ചു അസുരന്മാരിൽനിന്നും അമൃതം കൈക്കലാക്കിയതറിഞ്ഞ ശിവൻ ഭഗവാന്റെ

സമീപമെത്തി അദ്ദേഹത്തിന്റെ മഹത്വ ങ്ങൾ വർണ്ണിക്കാൻ തുടങ്ങി. അങ്ങയുടെ അവതാരങ്ങളെല്ലാം എനിക്കു കാണാൻ കഴിഞ്ഞിട്ടുണ്ട്. പക്ഷെ മോഹിനിരൂപം എനിക്കൊന്നു കാണണമെന്നുണ്ട്. ലോ കത്തെ മുഴുവൻ മോഹിപ്പിക്കുന്ന ഭഗവാ ന്റെ സുന്ദരമായ രൂപം ദൃശ്യമായി. ആ രൂപത്തിൽ ശിവൻ മോഹിതനായി എന്നു വിവരിക്കുന്നു.

ഇവിടെ ദേവാസുരയുദ്ധം എല്ലായി ടത്തും നടക്കുന്ന ഒന്നാണല്ലോ. മനുഷ്യമ നസ്സിന്റെ രണ്ടു ഭാഗങ്ങളാണിതെന്നതിൽ സംശയമില്ല. അതുപോലെതന്നെ വഴക്കി ലും സംശയത്തിലും മുഴുകിയ മനസ്സിനെ പുറമേനിന്ന് വരുന്ന ശക്തിക്കു തന്റെ ഇഷ്ടം പോലെ മാററാമെന്നും എത്ര മഹദ്വ്യക്തിയായാലും ഇന്ദ്രിയങ്ങൾക്കു വശംവദനാകുമെന്നും വിവരിക്കുന്നു.

വീണ്ടും മന്വന്തരങ്ങളേക്കുറിച്ചു പറയുകയാണ്. സൂര്യന്റെ പുത്രനായ ശ്രാദ്ധദേവനാണ് ഏഴാമത്തെ മനു. സൂ ര്യപുത്രൻ സാവർത്തി എട്ടാമത്തെ മനു. വരുണന്റെ പുത്രൻ ദക്ഷസാവർണ്ണി ഒമ്പതാമത്തേയും. ഉപശ്ലോകന്റെ മകൻ ബ്രഹ്മസാവർണി പത്താമത്തേയും മന്വ ന്തരങ്ങളാകുന്നു. പതിനൊന്നാമത്തെ മ ന്വന്തരം ധർമ്മസാവർണിയും, രുദ്രസാ വർണി പന്ത്രണ്ടാമത്തേയും ദേവസാ വർണി പതിമൂന്നാമത്തേയും പതിനാലാ മത്തെ മനു ഇന്ദ്രസാവർണിയുമാകുന്നു. ആയിരം യുഗങ്ങൾ ചേർന്നാൽ ഒരു കൽപം. ഒരു കൽപത്തിൽ പതിന്നാലു മന്വന്തരങ്ങളുമാണ്. ബ്രഹ്മാവിന്റെ ആയു സ് ഒരു ദ്വാപാരാർധകാലവും അദ്ദേഹ ത്തിന്റെ ഒരു ദിവസത്തിൽ പതിന്നാലു മന്വന്തരങ്ങളുമുണ്ട്.

ദേവാസുര യുദ്ധത്തിൽ മുറിവേറ്റ മഹാബലിയെ ശുക്രമഹർഷി ശുശ്രൂ ഷിച്ചു ശക്തനാക്കി. ശുക്രൻ മഹാബലി യേക്കൊണ്ട് വിശ്വജിത്ത് എന്ന യാഗം ചെയ്യിച്ചു. പ്രഹ്ലാദന്റെ അനുഗ്രഹവും ആചാര്യന്റെ കൃപയും മഹാബലിക്കു തു ണയേകി. യുദ്ധസന്നാഹങ്ങളോടുകൂടി പുറപ്പെട്ടു. ഇന്ദ്രപുരിയിലേക്കു യുദ്ധത്തി നായി പുറപ്പെട്ടു. ദേവന്മാർ ഭയപ്പെട്ടു. അവർ ഗുരുവായ ബ്രഹസ്പതിയെ സമീപിച്ചു. ബ്രഹസ്പതി പറഞ്ഞു, ആചാര്യന്റെ കൃപകൊണ്ട് മഹാബലി ശക്തനാണ്. ഒരിക്കൽ അയാൾ ആചാ ര്യനെ തള്ളിപ്പറയും. അപ്പോൾ നിങ്ങൾ ക്കു ജയിക്കാം. ദേവേന്ദ്രനും മറ്റും സ്വർ ഗ്ഗം ഉപേക്ഷിച്ച് അവിടെനിന്നു പോയി. മഹാബലി സ്വർഗ്ഗത്തിൽ താമസിച്ചു ഭൂലോകവും തന്റെ കാൽക്കീഴിലാക്കി. പിന്നീട് കൂടുതൽ ശക്തിമാനായി മഹാ ബലി മാറാൻ ശുക്രാചാര്യർ നൂറു അശ്വ മേധയാഗങ്ങൾ ചെയ്യിച്ചു.

അദിതി ദേവിയുടെ പുത്രനാണ ല്ലോ ദേവേന്ദ്രൻ. അവരെല്ലാം സ്വർഗ്ഗം വിട്ടുപോയെന്നറിഞ്ഞ അദിതി ദുഃഖിത യായി. ഒരു ദിവസം കശ്യപപ്രജാപതി അദിതിയുടെ ആശ്രമത്തിലെത്തി ദുഃഖി തയായ ദേവിയോടു കാര്യങ്ങൾ ആരാ ഞ്ഞു. ദേവി ഏതൊരമ്മയേയുംപോലെ മക്കളുടെ സ്ഥിതി പറഞ്ഞു രക്ഷിക്കണ മെന്നപേക്ഷിച്ചു. ഭഗവാന്റെ മായയുടെശ ക്തിയിലാണ് ബന്ധങ്ങൾ തോന്നുന്നതെ ന്നും എന്നായാലും ഭഗവാനെ ഭജിച്ചാൽ ആഗ്രഹങ്ങൾ സാധിക്കുമെന്നും പറ ഞ്ഞു. എങ്ങനെ ഭജിക്കണമെന്നുള്ള അദി തിയുടെ ചോദ്യത്തിന് ഉത്തരമായി തനി ക്ക് ബ്രഹ്മദേവനുപദേശിച്ചു തന്ന വ്യതം നിനക്കു പറഞ്ഞുതരാമെന്നു പറഞ്ഞു. പയോവൃതമാണത്. മീനമാസത്തിലെ ശു ക്ലപക്ഷ പ്രധമ മുതൽ ദ്വാദശി വരെ ഉള്ള

പന്ത്രണ്ടു ദിവസം പാൽ മാത്രം കഴിച്ച് കറുത്ത വാവിന്റെയന്ന് നദിയിൽ കുളിക്കണം. പുതുമണ്ണ് ദേഹത്തു തേച്ചു കുളിച്ച് മന്ത്രം ജപിക്കണം. ശ്രീഹരിയെ പൂജിച്ച് വേണ്ട കർമ്മങ്ങളനുഷ്ഠിച്ച് പ്രാർത്ഥിക്കണം. ഇത്തരം വ്യതമനുഷ്ഠിക്കുന്നവരിൽ ഭഗവാൻ പ്രസാദിക്കും. ഇതോടുകൂടി മാനസിക ശുദ്ധിയും അറിവും ലഭിക്കും. ദേവി വ്യതമനുഷ്ഠിച്ചു. ഭഗവാൻ പ്രത്യക്ഷപ്പെട്ടു. അനുഗ്രഹം നൽകി. ദേവിയുടെ പുത്രനായി ജനിക്കണമെന്നു അനുഗ്രഹിച്ച് സമാധാനിപ്പിച്ചു. അങ്ങനെ ഭഗവാൻ അദിതിയിൽ അവതരിച്ചു. പ്രപഞ്ചം ഐശ്വര്യത്തിലാറാടി. വളർന്നു വരുംതോറും പൊക്കം കുറഞ്ഞ ഒരു ബ്രാഹ്മണരൂപമായി മാറി. കശ്യപൻ പുത്രന്റെ ഉപനയനം നടത്തി. ശുക്രാചാര്യർ മഹാബലിയെക്കൊണ്ട് യാഗം നടത്തുന്ന ഭൃഗുകച്ഛം എന്ന സ്ഥലത്തേക്കു വാമനൻ പോയി. ദണ്ഡും, കുടയും, കമണ്ഡലവും ധരിച്ച് ഭഗവാൻ യാഗശാലയിലേക്കു കടന്നു. വാമനന്റെ ആകർഷകമായ ഗാംഭീര്യവും എല്ലാവരേയും അതിശയിപ്പിച്ചു. മഹാബലിയും വന്നു. അങ്ങാരാണെന്നും, എവിടെനിന്നു വരുന്നുവെന്നും, മാതാപിതാക്കളാരെന്നും മഹാബലി ചോദിച്ചു. വാമനൻ പറഞ്ഞു:

ഞാനൊരു തപോധന നന്ദനൻ
നിരാധാരൻ
ദീനനായ് മഹാത്മാക്കളാധാരമായുള്ളവൻ
താനേ പോന്നിതു സഹായികളില്ലാരും തന്നെ
സാനന്ദം പലേടത്തും സഞ്ചരിക്കയും ചെയ്യും
പേരവരെല്ലാം അന്നന്നു പലതരം
ഓരോരോ നിമിത്തങ്ങൾക്കോരോന്നേ
ചൊല്ലിപ്പോരു
അങ്ങയെപ്പോലെ മഹാത്മാവായ വേറാരുമില്ല. ദാനധർമ്മിഷ്ഠനായ മഹാബലിയേക്കുറിച്ചു ധാരാളം കേട്ടതുമൂലം കാണാനായി വന്നതാണ് എന്നൊക്കെ പറഞ്ഞു. മഹാബലി വാമനനെ പുകഴ്ത്തി പറഞ്ഞു. സന്തോഷം പൂണ്ട വാക്കുകൾ കേട്ട വാമനൻ വീണ്ടും മഹാബലിയുടെ വംശപരമ്പര്യം പ്രകീർത്തിച്ചിട്ടിങ്ങനെ പറഞ്ഞു: എനിക്ക് എന്റെ കാലു കൊണ്ട് അളക്കാവുന്ന മൂന്നടി ഭൂമി തന്നാലും. മഹാബലി പറഞ്ഞു അങ്ങക്ക് ഒരു ദ്വീപു വേണമെങ്കിലും തരാം. അങ്ങക്കു ജീവിക്കുവാൻ വേണ്ടതു യാചിക്കുക. ഇതു കേട്ട ഭഗവാൻ ലോകത്തിൽ മിക്കവാറും എല്ലാവരും തന്നെ തൃപ്തിപ്പെടാത്തവരാണ്. ഞാൻ പക്ഷെ മൂന്നടി ഭൂമി മാത്രമേ യാചിക്കുന്നുള്ളൂവെന്നു പറഞ്ഞു. മഹാബലി ചിരിച്ചുകൊണ്ട് എടുത്തുകൊള്ളുവാൻ പറഞ്ഞു. ദാനം ചെയ്യാൻ ജലപാത്രമെടുത്തു. ശുക്രാചാര്യർ തടഞ്ഞുകൊണ്ടു പറഞ്ഞു, ഇതു വെറും ആളല്ല. ഭഗവാനാണ്. അദിതിയുടെ മകനായി അവതാരമെടുത്തതാണ്. ഒരടികൊണ്ട് ഭൂമിയും രണ്ടാമത്തെ അടികൊണ്ട് സ്വർഗ്ഗവും ആകാശവും അപഹരിക്കും. മൂന്നാമത്തെ അടിവെക്കാൻ ഒന്നുമില്ലാതെ വരും. ഇങ്ങനെയെല്ലാം ഗുരു പറഞ്ഞിട്ടും മഹാബലി ശ്രദ്ധിച്ചില്ല. ഞാൻ വാക്കു പാലിച്ചാൽ എന്റെ യശസ്സ് നിലനിൽക്കും. വാക്കു പാലിച്ചില്ലെങ്കിൽ ഭഗവാൻ കൊല്ലും. പേരു നശിച്ചുപോകുകയും ചെയ്യും. തന്റെ വാക്കുകളെ ധിക്കരിച്ച മഹാബലിയെ ഗുരു ശപിച്ചു. ആചാര്യൻ ശപിച്ചിട്ടും വാക്കിൽനിന്നും പിൻമാറിയില്ല. മഹാബലി തന്റെ വാക്കു പാലിച്ചു. എല്ലാവരും ആ കർമ്മത്തെ പുകഴ്ത്തി ഭഗവാൻ തന്റെ വിശ്വരൂപം ധരിച്ചു. വിശ്വരൂപം ധരിച്ച ഭഗവാൻ ഒരടികൊണ്ട് ഭൂമിയും

ശരീരത്തിന്റെ വലിപ്പം കൊണ്ട് ആകാശവും കൈകൾ കൊണ്ട് ദിക്കുകളും തീർത്തു. രണ്ടാമത്തെ അടി സ്വർഗ്ഗവും എല്ലാ ലോകങ്ങളും. മൂന്നാമത്തെ അടി വെക്കാൻ സ്ഥലമില്ല. ഇതുകണ്ട അസുരന്മാർ ഭഗവാനോട് എതിർത്തു. മഹാബലി ഈ സമയം ആചാര്യരുടെ ശാപം ഓർത്തു. തങ്ങളുടെ കാലം നല്ലതല്ലയെന്നു പറഞ്ഞു. അസുരന്മാർ പാതാളത്തിലേക്കു പോയി. ഗരുഡൻ മഹാബലിയെ ബന്ധിച്ചു. അങ്ങനെ എല്ലാം എന്റേതാണെന്ന തോന്നൽ മഹാബലിക്കു നഷ്ടപ്പെട്ടു. ഇവിടെ നാം ചിന്തിക്കേണ്ടത് നല്ല കാലത്ത് എല്ലാം നമുക്കനുകൂലമായേക്കാം. ഈ സാഹചര്യം കാണുമ്പോൾ മനുഷ്യൻ ഇതെല്ലാം തന്റേതാണെന്ന തോന്നലിൽ അഹങ്കരിക്കും. ആരെന്തു ചോദിച്ചാലും ചോദ്യം നിസ്സാരമാണെന്നു കരുതും. ആ സമയം ബുദ്ധി പ്രവർത്തിക്കുകയോ മററുള്ളവർ പറയുന്നതു കേൾക്കുകയോ ചെയ്യില്ല. മറ്റുള്ളവർ നമ്മെ സമീപിക്കുമ്പോൾ എന്തുദ്ദേശത്തോടെയാണെന്ന കാര്യം ചിന്തിക്കണം. ഇവിടെ സംശയാലുവായ രോഗിയായി മാററുത്. മറിച്ച് നാനാ വശങ്ങളും ചിന്തിച്ചതിനുശേഷം മാത്രമേ തീരുമാനമെടുക്കാവൂ. ഇതു മനസ്സിലാക്കണമെങ്കിൽ ജ്ഞാനവും പരിശുദ്ധമായ മനസ്സും കാഴ്ചപ്പാടും വേണം. ഇവിടെ മഹാബലിയെ ശുദ്ധമാക്കാനും ഭഗവാൻ ശ്രമിക്കുന്നുണ്ട്. മഹാബലി ധർമ്മിഷ്ടനാണ്. ചോദിക്കുന്നതെല്ലാം നൽകും എന്നെല്ലാവരും പുകഴ്ത്തുന്നുണ്ട്. അങ്ങനെ ബാഹ്യമായ പ്രലോഭനങ്ങളിൽ മുഴുകി അജ്ഞനായി മാറുകയാണ് ചെയ്തത്. ചോദിക്കുന്നതെല്ലാം നൽകുകയല്ല വേണ്ടത്. എന്താണെന്നും ആവശ്യക്കാരനാണോ എന്നും മറ്റും വ്യക്തമായി മനസിലാക്കി മാത്രമേ വാഗ്ദാനങ്ങൾ നൽകാവൂ എന്നു പഠിക്കുവാൻ മനുഷ്യനു കിട്ടിയ ഒരവസരമാണിത്. ചരിത്രത്തിന്റെ ഏടുകളിൽ ഇങ്ങനെ നിലംപരിശായ ഒരുപാടു വ്യക്തിത്വങ്ങളെ കാണാം. അവർക്ക് നരകമാണ് വിധി. ഇവിടെ മഹാബലി തന്റെ വിശ്വാസങ്ങളെ മുറുകെ പിടിച്ചുകൊണ്ട് മൂന്നാമത്തെ അടി തന്റെ തലയിൽ വക്കാനും അങ്ങനെ അവിവേകിയായ തന്റെ അഹങ്കാരം മാറ്റി മുക്തി തരണമെന്നും അപേക്ഷിച്ചു. അഹങ്കാരം സകല ശ്രേയസുകളേയും നശിപ്പിക്കുമെന്ന പാഠം മനസ്സിലാക്കേണ്ടതാണ്. ഇതൊക്കെ മനസ്സിലാക്കിയ ഭഗവാൻ മഹാബലി സത്യത്തെ മുറുകെ പിടിച്ചുവെന്ന കാരണത്താൽ അനുഗ്രഹിച്ചു. സാവർണ്ണി മന്വന്തരത്തിൽ ദേവേന്ദ്രനായി വരുമെന്ന് അനുഗ്രഹിച്ചു. എന്നിട്ട് മഹാബലിയോടു പറഞ്ഞു മഹാനായ അങ്ങക്ക് സുതലവാസം തരുന്ന ദേവന്മാർ അങ്ങയെ ധിക്കരിക്കയില്ല. അസുരഭാവം ഇല്ലാത്ത അങ്ങയെ രക്ഷിച്ച് ഞാൻ ഗോപുരത്തിലിരിക്കും. മഹാബലി സന്തുഷ്ടനായി. ഭഗവാന്റെ അനുഗ്രഹവും കാരുണ്യവും മററാർക്കും ഒരിക്കലും കിട്ടിയില്ലാത്തത്രയും തനിക്കു തന്നതിന് സന്തോഷിച്ചു. വരുണപാശത്തിൽനിന്നും മോചിതനായി ഭഗവാനെ പ്രദക്ഷിണം ചെയ്ത് നമസ്കരിച്ചു. ശുക്രാചാര്യർ തുടങ്ങിവെച്ച യാഗം പൂർത്തിയാക്കി. ഭഗവാനാണെങ്കിൽ സ്വർഗ്ഗം ദേവേന്ദ്രനു കൊടുത്തു. അനുജനായ വാമനനെ യുവരാജാവായി അഭിഷേകം ചെയ്തു.

മഹാബലിയുടെ വിവരണവും ഭഗവാന്റെ അവതാരമായ വാമനന്റെ കഥയും കേട്ടപ്പോൾ ഇനി മത്സ്യാവതാരം കേൾക്കാനാഗ്രഹമുണ്ടെന്ന് പരീക്ഷിത്ത് ശുകനോടു പറഞ്ഞു.

...ത്രൈവിക്രമം കേട്ടു തന്നകം തെളി

ഞ്ഞന്നേരം തൊഴുതു മത്സ്യാവതാര
ത്തെക്കേൾക്കാൻ
മവനത്യാഗ്രഹം പൂണ്ടപേക്ഷിച്ചാനെ
ങ്കിൽ
നിന്നുള്ളം തെളിഞ്ഞു കേൾക്കെന്നു
ശ്രീശുകൻ ചൊന്നാൾ

ആയിരം യുഗങ്ങൾ ചേർന്നതാണ് ഒരു കൽപകം. ബ്രഹ്മാവിന്റെ രാത്രിക്ക് നൈമിത്തിക പ്രളയമെന്നു പറയുന്നു. കഴിഞ്ഞ കൽപത്തിന്റെ അവസാനമുണ്ടായ നൈമിത്തിക പ്രളയത്തിൽ ഭൂമി വെള്ളത്തിൽ മുങ്ങിപ്പോയി. ബ്രഹ്മാവ് ഉറങ്ങുന്ന ആ സമയത്ത് അദ്ദേഹത്തിന്റെ മുഖത്തുനിന്ന് ഹയഗ്രീവൻ എന്ന ദാനവൻ വേദങ്ങൾ അപഹരിച്ചുകൊണ്ടുപോയി. ഇവിടെ ഭഗവാൻ മത്സ്യരൂപം പൂണ്ട് ഹയഗ്രീവനെ വധിച്ച് വേദങ്ങൾ വീണ്ടെടുത്തു.

ഇവിടെ സത്യവ്രതൻ എന്ന രാജർഷിയുടെ കഥകൂടി പറയുന്നുണ്ട്. ഈ രാജർഷി വെള്ളം മാത്രം കുടിച്ചു തപസ്സു ചെയ്തുവന്നു. ഒരു ദിവസം രുതമാലാ നദിയിൽ കുളിച്ചു വെള്ളം കയ്യിലെടുത്തപ്പോൾ കയ്യിൽ ഒരു മത്സ്യത്തെ കണ്ടു.

ഒരുനാൾ ഘൃതമാലയാകിയ നദി
തന്നിൽ
പരമഭാഗവതനാകിയ സത്യവൃതൻ
നൃപതിവര്യൻ ചെമ്മേ കുളിച്ചു തർ
പ്പിക്കുമ്പോൾ
സപദി വന്നങ്ങവൻ കരതാരതി
മദ്ധ്യേ
ചെറുതായൊരു മത്സ്യപോതമായക
പ്പെട്ടാൻ

മത്സ്യത്തെ തിരികെ സമുദ്രത്തിലേക്കിടാൻ തുടങ്ങിയപ്പോൾ രാജാവിനോട് ആ മത്സ്യം പറഞ്ഞു, എന്നെ നദിയിലിടരുത്. അവിടെ വലിയ മത്സ്യങ്ങൾ ചെറുതിനെ തിന്നും. രാജാവ് അതിനെ തന്റെ പാത്രത്തിലെ വെള്ളത്തിലിട്ടു. ഒരു രാത്രികൊണ്ട് ആ മത്സ്യം വളർന്നു.

കലശമതിൽ കിടന്നനിശം ദിനംപ്രതി
വളരും വിഷമതിൽ നിറഞ്ഞു
കരുണാ ഹൃദയനാം നൃപതി വരനെടു
ത്തരികേ കാണായ കൊക്കരണി
തന്നിലിട്ടാൻ

ഇങ്ങനെ മാറി മാറി തടാകത്തിലും അവസാനം സമുദ്രത്തിലും വിട്ടു. ഇവിടെയെല്ലാം പറ്റില്ലായെന്ന സ്ഥിതി വന്നപ്പോൾ രാജാവ് മത്സ്യത്തോട് ആരാണെന്നുചോദിച്ചു. അങ്ങ് കരുണാമയനായ ഭഗവാനാണെറിയാമെന്നും അങ്ങയെ നമസ്കരിക്കുന്നുവെന്നും അങ്ങയെ ആശ്രയിക്കുകയാണെന്നും മറ്റും പറഞ്ഞു നമസ്കരിച്ചു. ഭഗവാൻ സത്യവൃതന്റെ ഭക്തിയിൽ സംപ്രീതനായി. ഭഗവാൻ പറഞ്ഞു: ഇന്നു മുതൽ ഏഴാമത്തെ ദിവസം ലോകം പ്രളയത്തിൽ മുങ്ങും. ഈ ഏഴു ദിവസം കൊണ്ട് എല്ലാ ഔഷധങ്ങളുടേയും വിത്ത് ശേഖരിച്ചു വെക്കുക. സപ്തർഷികളും മറ്റും കയറുന്ന ഒരു കപ്പൽ അങ്ങയുടെ അടുത്തു വരും. അതിൽ കയറുക. കപ്പലിൽ ഭഗവാനും കാണും. എത്ര പ്രശ്നങ്ങളുണ്ടായാലും കപ്പൽ സുരക്ഷിതമായിരിക്കും. ആ സമയം സത്യവൃതന് ഭഗവാനോടു വേണ്ട ചോദ്യങ്ങൾ ചോദിച്ചു ജ്ഞാനം നേടാം. രാജാവ് ഭഗവാന്റെ ആജ്ഞ അതുപോലെ അനുസരിച്ചു. ഇവിടെ ഭഗവാൻ ലോകത്തിന്റെ നശ്വരതയേക്കുറിച്ചു ബോദ്ധ്യപ്പെടുത്തുകയാണ് ചെയ്യുന്നത്. സത്യവൃതൻ പറഞ്ഞു അവിദ്യകൊണ്ട് ആത്മസ്വരൂപത്തെ കാണാൻ

*(ശേഷം പേജ് 31ൽ)*

# അറബി വിജ്ഞാന ഭണ്ഡാരം

സി. രാമചന്ദ്രൻ - 9995820684

മരുഭൂമിയിൽ ചിതറിക്കിടന്ന കലഹ ഗോത്രങ്ങളെ സുസംഘടിതമായ ഒരു സമരസജ്ജ സമൂഹമാക്കി മാറ്റിയ മനുഷ്യനാണ് മുഹമ്മദുനബി. താൻ ദൈവത്തിന്റെ പ്രവാചകനാണെന്ന് അദ്ദേഹം പ്രഖ്യാപിച്ചത് മുൻഗാമികളായ എബ്രഹാമിനേയും മോസസ്സിനെയും യേശുക്രിസ്തുവിനേയും ഓർത്തുകൊണ്ടും അനുകരിച്ചുകൊണ്ടും അവരുടെ അനുഭവങ്ങൾ സ്വാംശീകരിച്ചുകൊണ്ടുമാകാം അതിൽ അദ്ദേഹം ഭാഗികമായിട്ടാണെങ്കിലും വിജയം കണ്ടു. അതിവേഗത്തിൽത്തന്നെ ലോകം കണ്ട ഒരു വലിയ മതവും സാമ്രാജ്യവും കെട്ടിപ്പടുക്കപ്പെട്ടു. ഒരുകാര്യം പ്രത്യേകം ഓർമ്മിക്കണം. മുഹമ്മദിന്റെ വ്യക്തിപ്രഭാവത്തെയും ഇസ്ലാംമതത്തിന്റെ അന്തസത്തയേയും വേറിട്ടുതന്നെ കാണണം.

ഇസ്ലാം മതം സ്വീകരിച്ച ഒട്ടോമൻ തുർക്കികൾ കോൺസ്റ്റാന്റിനോപ്പിൾ പിടിച്ചടക്കി. മതപ്രചാരകർ ആഫ്രിക്കയും കടന്ന് സ്പെയിനിലും ഫ്രാൻസിന്റെ അതിർത്തി കടന്ന് അതിനപ്പുറവും ചെന്നെത്തി. എന്നാൽ യൂറോപ്പ് ആകെ പിടിച്ചടക്കാനുള്ള മോഹം സഫലമായില്ല. മുഹമ്മദിന്റെ ജാമാതാവ് അലിയുടെ നേതൃത്വത്തിൽ ഷിയാ എന്ന മറ്റൊരു വിഭാഗം ശക്തമായി വേറിട്ടുനിന്നു. ക്രിസ്ത്യാനികളിൽ അനവധി വിഘടിത ഗ്രൂപ്പുകളുള്ളതുപോലെ ഇസ്ലാമിലും നിരവധി ഗ്രൂപ്പുകളുണ്ട്. പലതിനെക്കുറിച്ചും, പുറത്തുള്ളവർക്കത്ര അറിവില്ല എന്നു മാത്രം. അമ്പതിലധികം തരം മുസ്ലീങ്ങളുണ്ടത്രെ! ഓരോ വിഭാഗത്തിനും ഓരോ തീവ്രവാദഗ്രൂപ്പും കണ്ടേക്കാം.

കീഴടക്കിയ രാജ്യങ്ങളിൽ നിന്ന് നല്ലതും പ്രയോജനകരവുമായ കാര്യങ്ങൾ സ്വീകരിക്കാനും ഉൾക്കൊള്ളാനും സ്വായത്തമാക്കാനും ഇസ്ലാമികർ സന്നദ്ധരായിരുന്നു. അലക്സാണ്ഡ്രിയ കീഴടക്കിയപ്പോൾ അവശേഷിച്ച ഗ്രന്ഥശേഖരം അവർ സ്വായത്തമാക്കി. പേർഷ്യ കീഴടക്കിയശേഷം അവിടുത്തെ ആശുപത്രിയും സെമിനാരിയും സംരക്ഷിക്കുകയാണുചെയ്തത്. വിദഗ്ധന്മാരുടെ സേവനം തുടർന്നും പ്രയോജനപ്പെടുത്തി. ഗ്രന്ഥങ്ങൾ പലതും അറബിയിലേക്കു പരിഭാഷപ്പെടുത്തി. ബാഗ്ദാദിനെ ലോകവിജ്ഞാന തലസ്ഥാനമാക്കി മാറ്റി. തത്ത്വചിന്തകനും ഗണിതപണ്ഡിതനും ജ്യോതിശാസ്ത്രജ്ഞനും വൈദ്യനുമായിരുന്ന അൽകിണ്ടി എന്ന മഹാനായിരുന്നു അതിനു നേതൃത്വം നൽകിയത്.

ഒരുപക്ഷേ മധ്യകാലത്ത് നഷ്ടപ്പെട്ടുപോകുമായിരുന്ന പ്രാചീനമായ അറിവുകളെ ശേഖരിച്ചു സൂക്ഷിച്ചു എന്നതാണ് അറബികളുടെ ഏറ്റവും വലിയ സംഭാവന. എന്നുവച്ച് അറബികളുടെ മൗലികസംഭാവനകളെ നാം വിലകുറയ്ക്കാനും പാടില്ല. ജ്യോതിശാസ്ത്രം, ഗണിതം, ഭൗതികം, രസതന്ത്രം, വൈദ്യശാസ്ത്രം എന്നീ മേഖലകളിലെല്ലാം അറബികളു

ടേതായ കനപ്പെട്ട സംഭാവനകളുമുണ്ട്. 10, 11, 12 നൂറ്റാണ്ടുകളിലാണ് അവരുടെ കഴിവ് ഏറ്റവും പ്രകടമായത്. അറബിയിൽ എഴുതിയവരെല്ലാം അറബികളോ മുസ്ലീങ്ങളോ പോലുമായിരുന്നില്ല എന്നും ശ്രദ്ധിക്കണം.

അൽക്കമി എന്ന് അന്നറിയപ്പെട്ടിരുന്ന രസതന്ത്രത്തെ പരിപുഷ്ടമാക്കിയ ഒരു വിജ്ഞാനിയായിരുന്നു ജാബെർപിയ്യാൻ. പദാർത്ഥങ്ങൾക്കടിസ്ഥാനം ചതുർഭൂതങ്ങളാണെന്ന് ഗ്രീക്കുകാരെപ്പോലെതന്നെ അദ്ദേഹവും വിശ്വസിച്ചിരുന്നു. 'കിതാബ് അൽസുഹ്ര'യാണ് അദ്ദേഹമെഴുതിയ പ്രധാന ശാസ്ത്രഗ്രന്ഥം. 'നീച' ലോഹങ്ങളിൽ നിന്ന് സ്വർണ്ണം സംസ്കരിച്ചെടുക്കാനാവുമെന്ന് അദ്ദേഹവും വിശ്വസിച്ചിരുന്നു. അതിനാൽ സ്വർണ്ണമുണ്ടാക്കാമെന്ന വ്യാമോഹത്താൽ അവർ ചെയ്ത പരീക്ഷണങ്ങളിലൂടെ പല രാസക്രിയകളും ഉപകരണങ്ങളും വികസിച്ചുവന്നു. സ്വർണ്ണം ലഭിച്ചില്ലെങ്കിലും, രാസപ്രവർത്തനങ്ങൾക്കുപയുക്തമായ ഇവാപൊറേഷൻ, ഡിസ്റ്റിലേഷൻ, സബ്ലിമേഷൻ, ക്രിസ്റ്റലൈസേഷൻ, ഫിൽറ്ററേഷൻ തുടങ്ങിയ പല പ്രക്രിയകളിലും അവർ വ്യുൽപത്തി നേടി. ചൈനാക്കാരിൽ നിന്ന് വെടിയുപ്പിനെക്കുറിച്ചും വെടിമരുന്നിനെക്കുറിച്ചും അവർ അറിവുനേടി. വെടിയുപ്പിനെ 'ചീനമഞ്ഞ്' എന്നാണവർ വിളിച്ചത്.

പ്രകാശശാസ്ത്രത്തിന് വലിയ സംഭാവനകൾ നൽകിയ ഒരാളായിരുന്നു അൽഹസൻ. യുക്ലിഡ്, ടോളമി തുടങ്ങിയ മുൻഗാമികളുടെ അഭിപ്രായങ്ങളെ അദ്ദേഹം നിരാകരിച്ചു. ലെൻസുകളെക്കുറിച്ച് അദ്ദേഹം ഗഹനമായ പഠനങ്ങൾ നടത്തി. അദ്ദേഹമെഴുതിയ 'അൽമനാസിർ' എന്ന ഗ്രന്ഥം റോജർബാക്കനേയും കെപ്ലറേയും വരെ സ്വാധീനിച്ചിട്ടുണ്ട്.

ഇന്ത്യൻ ഗണിതജ്ഞനും ജ്യോതിശാസ്ത്രജ്ഞനുമായിരുന്ന ബ്രഹ്മഗുപ്തന്റെ ബ്രഹ്മസ്ഫുടസിദ്ധാന്തം അറബി ഭാഷയിലേയ്ക്ക് അന്നു വിവർത്തനം ചെയ്തിരുന്നു. പത്തിന്റെസ്ഥാനമൂല്യത്തോടെയുള്ള ഗണിതം അവർ ഇന്ത്യയിൽ നിന്നാണ് പഠിച്ചത്. പ്രസിദ്ധജ്യോതിശാസ്ത്രജ്ഞനായിരുന്ന അൽബത്താനി, ബാഗ്ദാദിലെ വാനനിരീക്ഷണാലയത്തിൽ പഠനങ്ങൾ നടത്തുകയും ക്രാന്തി വൃത്തത്തിന്റെ ചരിവും അച്ചുതണ്ടിന്റെ ഭ്രംശവും കണക്കാക്കുകയും ചെയ്തിരുന്നു. ഇബിൻ യൂനിസ് എന്ന നിരീക്ഷകൻ കൈറോ നിരീക്ഷണാലയത്തിൽ ഗ്രഹണങ്ങളെക്കുറിച്ചു പഠിച്ചത് എടുത്തുപറയത്തക്കതാണ്. അതുപോലെ അൽസാഷെൻ എന്ന ശാസ്ത്രജ്ഞൻ ഏതാണ്ട് ആര്യഭടന്റെ കാലത്തുതന്നെ ഗ്രഹങ്ങൾ സൂര്യനുചുറ്റും ദീർഘവൃത്താകൃതിയിൽ ഭ്രമണം ചെയ്യുന്നു എന്ന സിദ്ധാന്തം മുന്നോട്ടുവച്ചു. ആര്യഭടന്റെ പോലെ അതും കാലത്തിനു യോജിക്കായ്കയാൽ അവഗണിക്കപ്പെട്ടു.

1258-ൽ മംഗോൾ ആക്രമണകാരി ഹുലാഹുഖാൻ ബാഗ്ദാദ് ആക്രമിച്ചു നിലംപരിശാക്കി. അവിടം അത് ശാസ്ത്രത്തിന്റെ ഒരു ശവപ്പറമ്പാക്കി മാറ്റി. എന്നാൽ ഹുലാഹു പിന്നീട് അസർബൈജാൻ ഒരു വിജ്ഞാനകേന്ദ്രമാക്കി വളർത്തിയെടുത്തു. നാലുലക്ഷം പുസ്തകങ്ങളുള്ള ഒരു ഗ്രന്ഥാലയം അദ്ദേഹം അവിടെ സ്ഥാപിച്ചുവത്രെ. വിദൂരസ്ഥലങ്ങളിൽ നിന്നു പോലും അദ്ദേഹം അവിടെ പണ്ഡിതന്മാരെ വരുത്തുകയും വിജ്ഞാനം വളർത്തുകയും ചെയ്തു.

ടൈമൂറിന്റെ ചെറുമകൻ ഗുലുഗ് ബെഗ്ഗിന്റെ ഉത്സാഹത്തിൽ സമർഖണ്ടിൽ ഒരു നക്ഷത്ര നിരീക്ഷണാലയം പടുത്തുയർത്തി. അവിടെ അന്നത്തെ ഏറ്റവും കൃത്യമായ നക്ഷത്രപടങ്ങളു

ണ്ടാക്കി. ടൈക്കോബ്രാഹേയുടെ കാലം വരെ അത് ആധികാരികതയോടെ നില നിന്നു. അധികാര വടംവലിയിൽ സ്വന്തം മകന്റെ കിങ്കരന്മാർതന്നെ ഗുലുഗ്ബെ ഗ്ഗിനെ കൊല ചെയ്തു.

അറബികൾക്ക് ഏറ്റവും താല്പര്യം വൈദ്യശാസ്ത്രത്തിലായിരുന്നു. എ.ഡി. 800–ാമാണ്ടിനോടടുപ്പിച്ച് ഹാരുൺ അൽ റഷീദ് ബാഗ്ദാദിൽ ഒരു ആശുപത്രി സ്ഥാപിച്ചു. ഭാരതത്തിലെ ആയുർവേദഗ്രന്ഥങ്ങളടക്കം ലോകത്തിന്റെ പല ഭാഗത്തുനിന്നും വൈദ്യശാസ്ത്രഗ്രന്ഥങ്ങൾ ശേഖരിച്ച് അറബിയിലേയ്ക്ക് പരിഭാഷപ്പെടുത്തി. ടെഹറാനിനടുത്ത് രാഘാ നഗരത്തിലുണ്ടായിരുന്ന ഒരു ആശുപത്രിയിലെ ഭിഷഗ്വരനായിരുന്ന അൽറാസി, കീർത്തിമാനായ ചികിത്സകനും ഗവേഷകനും ഗ്രന്ഥകാരനുമായിരുന്നു. പിന്നീട് കലീഫാ, അദ്ദേഹത്തെ ബാഗ്ദാദിലേയ്ക്കു വരുത്തി അവിടുത്തെ ചികിത്സാലയത്തിന്റെ അധിപനാക്കി. 'അൽഹാവി' എന്ന സർവ്വവിജ്ഞാനകോശത്തിന്റെ രചയിതാവായ അദ്ദേഹം ശാസ്ത്രത്തിന്റെ അന്നത്തെ ഒട്ടുമിക്ക ശാഖകളിലും ഗ്രന്ഥരചന നടത്തിയിരുന്നു.

ലോകത്ത് അറിയപ്പെടുന്ന പൗരാണിക ഭിഷഗ്വരന്മാരിൽ ഒരാളാണ് അവിസെന്ന. പത്തുവയസ്സിൽ ഖുറാൻ കാണാതെ പഠിച്ച അദ്ദേഹം പിന്നീട് ഭാരതീയ ഗണിതം ആഴത്തിൽ പഠിച്ചു. പതിനെട്ടുവയസ്സിൽ അറിയപ്പെടുന്ന വൈദ്യനായി. അൽകാനൂൻ എന്ന അദ്ദേഹത്തിന്റെ ഗ്രന്ഥം ലത്തീനിലേയ്ക്കു പരിഭാഷപ്പെടുത്തുകയും യൂറോപ്പിലെ സർവ്വകലാശാലകളിൽ പതിനേഴാം നൂറ്റാണ്ടുവരെ പഠിപ്പിക്കുകയും ചെയ്തിരുന്നു. പകർച്ചവ്യാധികൾ പകരാതിരിക്കാൻ അദ്ദേഹം ആണ് ആദ്യമായി അവിടെ ക്വാറൻടൈൻ പരീക്ഷിച്ചത്.

ഇബ്നിൽ അൽഫിനാസ് എന്ന മറ്റൊരു ഭിഷഗ്വരൻ ആരോഗ്യശാസ്ത്രത്തിനുപുറമേ നേത്രചികിത്സയിലും വിദഗ്ദ്ധനായിരുന്നു. രക്തചംക്രമണത്തെക്കുറിച്ചുള്ള ഗാലന്റെ കാഴ്ചപ്പാടിനെ അദ്ദേഹം ഖണ്ഡിച്ചു. എന്നാൽ ഹൃദയത്തിന്റെ പ്രവർത്തനത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ നൂതനമായ അറിവുകൾ, കോപ്പർനിക്കസ്സിന്റെ സൗരകേന്ദ്രിത പ്രപഞ്ചസിദ്ധാന്തത്തിന്റേതുപോലെ അന്ന് ആരും വിലവച്ചില്ല.

ഭൂമിശാസ്ത്രപരമായ കിടപ്പുമൂലം അറിവുകൾ കിഴക്കനേഷ്യയിൽ നിന്ന് യൂറോപ്പിലേയ്ക്കും തിരിച്ചും, അറേബ്യവഴി സഞ്ചരിക്കുകമൂലം അറേബ്യ വിജ്ഞാനത്തിന്റെ ഇടനാഴിയായി വർത്തിച്ചു. ചരക്കുകൾക്കൊപ്പം അറിവുകളും കൈമാറ്റം ചെയ്യപ്പെട്ടു. വെടിമരുന്നും, കടലാസും, അച്ചടിയും മറ്റും അറിവുകളായി ഉറങ്ങുമ്പോൾ, ചൈനയിൽ നിന്ന് അത് അറേബ്യവഴി യൂറോപ്പിലേയ്ക്കു സഞ്ചരിച്ചു. യൂറോപ്പ് ഇതെല്ലാം വഴി വ്യാവസായികമായി വളർന്നു.

പതിമൂന്നാം നൂറ്റാണ്ടായപ്പോഴേയ്ക്കും അറബി സാമ്രാജ്യത്തിന്റെ ശക്തി ക്ഷയിച്ചു. യൂറോപ്പിലുണ്ടായ പോലൊരു വിശ്വാസരാഹിത്യം അറേബ്യയിലും പടർന്നു. ദൈവം, മതം, പ്രപഞ്ചം തുടങ്ങിയ കാര്യങ്ങളിൽ നിലവിലുള്ള സങ്കല്പങ്ങൾ ചോദ്യം ചെയ്യപ്പെട്ടു. അതിനെ പ്രതിരോധിക്കാൻ യാഥാസ്ഥിതികർ നന്നേ വിഷമിച്ചു. മതം ദുർബലമാകുന്നു എന്ന് മതാധികാരികൾക്കു തോന്നിയ സന്ദർഭത്തിൽ ക്രിസ്തീയ സഭകളെപ്പോലെ അവരും ശാസ്ത്രവിരോധികളായി മാറിക്കൊണ്ടിരുന്നു. ശാസ്ത്രത്തിന്റെ നേട്ടങ്ങളെല്ലാം സ്വായത്തമാക്കിക്കൊണ്ടും അനുഭവിച്ചുകൊണ്ടുതന്നെയും ശാസ്ത്രത്തെ തള്ളിപ്പറയുന്ന ശൈലിയുടെ തുടക്കം അവിടെയും കുറിക്കപ്പെട്ടു.

****

# ചില സംശയങ്ങളും മറുപടികളും

ഡോ. ദേവീദാസൻ വെള്ളോടി – 9747480903

സാധാരണ എല്ലാവർക്കും ഉണ്ടാകുന്ന ചില സംശയങ്ങളും അതിനുള്ള ശരിയായ മറുപടിയുമാണ് ഇവിടെ പ്രതിപാദിക്കുന്നത്. പലപ്പോഴും കേട്ടുകേഴ്വിയും സോഷ്യൽ മീഡിയായുടെ അമിത സ്വാധീനവും നമ്മെ തെറ്റായ വഴിക്ക് നയിക്കും. വെളുക്കാൻ തേച്ചത് പാണ്ടാവും എന്ന് ചുരുക്കത്തിൽ പറയാം.

## സോഷ്യൽ മീഡിയ

ഏന്തും എതിനും ഗൂഗിൾ സെർച്ച് ചെയ്യുന്ന ശീലം വർധിച്ചു വരുന്നു. കാര്യങ്ങൾ പല രീതിയിൽ അറിയാൻ സാധിക്കും. ആരോഗ്യ കാര്യങ്ങൾ ഈ വക സോഷ്യൽ മീഡിയ നോക്കി ചെയ്യാതിരിക്കുന്നതാണ് നല്ലത്. പലരും പോസ്റ്റ് ചെയ്യുന്നത് അനുഭവം ആവണമെന്നില്ല. ആർക്കും എന്തും പോസ്റ്റ് ചെയ്യാമെന്നതിനാൽ വളരെ ശ്രദ്ധിച്ചു വേണം കാര്യങ്ങൾ വിശകലനം ചെയ്യാൻ.

**ചോദ്യം ഒന്ന്:** ഒരു ദിവസം മനുഷ്യൻ എത്ര വെള്ളം കുടിക്കണം.? രാവിലെ എഴുന്നേറ്റ ഉടനെ കുറെ വെള്ളം കുടിക്കുന്നത് നല്ലതാണോ? തണുത്ത വെള്ളമാണോ ചൂട് വെള്ളമാണോ കുടിക്കാൻ നല്ലത്.?

**ഉത്തരം :** സാധാരണ നമ്മൾ ഒരു ദിവസം മൂന്ന് ലിറ്റർ വെള്ളമെങ്കിലും കുടിക്കണം. വേനൽക്കാലത്ത് വെയിലത്ത് ജോലിചെയ്യുന്നവരും വിയർത്തു ജോലി ചെയ്യുന്നവരും നിർജ്ജലീകരണം ഒഴിവാക്കാൻ കൂടുതൽ വെള്ളം കുടിക്കേണ്ടിവരും. രാവിലെ എഴുന്നേറ്റാൽ ചൂട് വെള്ളം കുടിക്കുന്നത് നല്ലതാണ്. കാരണം കിടക്കാൻ നേരത്തു കുടിച്ചതിന് ശേഷം നമ്മൾ വെള്ളം കുടിച്ചിട്ടില്ലല്ലോ. മാത്രമല്ല മലശോധനക്കും നല്ലതാണ്. രാവിലെ എഴുന്നാൽ 3 ലിറ്റർ വെള്ളം കുടിച്ചാൽ കൂടുതൽ ആരോഗ്യം ഉണ്ടാകുമെന്നതിന് ശാസ്ത്രീയ അടിത്തറയില്ല. ആവശ്യത്തിന് വെള്ളം കുടിക്കണം. അത് നിർബന്ധമാണ്. വൃക്കരോഗികളിൽ വെള്ളം ഡോക്ടറുടെ നിർദ്ദേശപ്രകാരം കുറച്ചു മാത്രമേ കുടിക്കാൻ പാടുള്ളൂ.

കൊത്തമല്ലി, ജീരകം, ചുക്ക്, കരിഞ്ഞാലി, രാമച്ചം എന്നിവ പോലെയുള്ള ദഹനത്തിന് സഹായിക്കുന്നതും തണുപ്പേകുന്നതുമായ സുഗന്ധ ദ്രവ്യങ്ങൾ ഇട്ടു തിളപ്പിച്ച വെള്ളം ചെറു ചൂടിൽ കുടിക്കുന്നതാണ് ഉത്തമം.

**ചോദ്യം രണ്ട് :** രാവിലെ തേൻ ചൂടു വെള്ളത്തിൽ ഒഴിച്ച് ചെറു നാരങ്ങ നീര് ചേർത്ത് കുടിക്കുന്നത് ആരോഗ്യത്തിന് വളരെ നല്ലതാണോ? തടി കുറയുമോ ? പ്രമേഹം കുറയുമോ? മഞ്ഞൾ പൊടിയിട്ട് ചൂടുവെള്ളം കുടിക്കുന്നത് പ്രമേഹത്തിന് നല്ലതാണോ?

**ഉത്തരം :** ആയുർവേദത്തിൽ തേൻ ചൂടാക്കി കഴിക്കരുത് എന്ന് പ്രത്യേകം നിഷ്കർഷിക്കുന്നുണ്ട്. അതിനാൽ ചൂടാക്കാതെ ഇളം ചൂട് വെള്ളത്തിൽ കുടിക്കാം. തേൻ കഫഹരമാണ്. അതിനാൽ

ചുമ, ശ്വാസകോശ രോഗങ്ങൾ അലർജി അമിത വണ്ണം എന്നിവക്കൊക്കെ പൊതുവേ നല്ലതാണ്.

ചെറുനാരങ്ങ പിഴിഞ്ഞു ഇതിന്റെ കൂടെ കഴിച്ചാൽ പ്രത്യേക ഗുണമുള്ളതായി അറിയില്ല. മാത്രമല്ല, ചെറുനാരങ്ങ നീര് വെറും വയറ്റിൽ കഴിച്ചാൽ അസിഡിറ്റി ഉള്ളവർക്ക് അത് കൂടുതലാകും.

മഞ്ഞൾ നല്ല ഒരു പ്രതിരോധ മരുന്നാണ്. അത് ഏതു രൂപത്തിൽ കഴിക്കുന്നതും രോഗപ്രതിരോധത്തിന് നല്ലതാണ്. പ്രമേഹത്തിന് ഗുണം ചെയ്യും. പക്ഷെ ഇതൊന്നും മരുന്നുകൾക്കു പകരം ആകില്ല എന്ന് ഓർക്കണം.

**ചോദ്യം മൂന്ന്:** രാവിലെ പ്രാതൽ കഴിക്കാൻ സമയം കിട്ടാറില്ല. ജ്യൂസ് കുടിക്കും കുഴപ്പമൊന്നും ഇല്ലല്ലോ?

**ഉത്തരം :** കുഴപ്പമുണ്ട്. സന്ധ്യക്കൊ രാത്രിയിലൊ കഴിച്ച ഭക്ഷണം ദഹനപ്രക്രിയ കഴിഞ്ഞു ആമാശയം കാലിയായിട്ടു ഇരിക്കുന്ന അവസ്ഥയായിരിക്കും. രാവിലെ ദഹനരസങ്ങൾ എല്ലാം ഭക്ഷണത്തിന് വേണ്ടി കാത്തിരിക്കുകയായിരിക്കും. അതിൽ ഭക്ഷണം കിട്ടാതിരിരുന്നാൾ അവ അസിഡിറ്റി കൂട്ടുകയും ഹൈപ്പർ അസിഡിറ്റിക്ക് കാരണം ആകുകയും ചെയ്യുന്നു. ഒരിക്കലും പ്രാതൽ കഴിക്കാതിരിക്കരുത്. പുളിപ്പുള്ള ജൂസുകളും അസിഡിറ്റി കൂട്ടും.

**ചോദ്യം നാല്**: പഴവർഗ്ഗങ്ങൾ ഭക്ഷണത്തിന് മുൻപ് കഴിക്കണോ, അവസാനം കഴിക്കണോ?

**ഉത്തരം:** പഴവർഗങ്ങൾ ഭക്ഷണത്തിന് മുൻപ് കഴിക്കുന്നതാണ് ഉത്തമം. പക്ഷെ പലപ്പോഴും ഏറ്റവും ഒടുവിലാണ് കഴിക്കാറ്. പിന്നെ എല്ലാം ശീലമായായതൽ (സാദ്മ്യം) കുഴപ്പം ഇല്ല.

**ചോദ്യം അഞ്ച്** : കറുവപ്പട്ട പൊടിച്ചു തേൻ ചേർത്ത് ചൂടുവെള്ളത്തിൽ രാവിലെ കുടിച്ചാൽ ബ്ലഡ് പ്രഷർ കുറയുമോ? തടി കുറയുമോ?

**ഉത്തരം** : ഇന്റർനെറ്റിലൂടെ കിട്ടിയ വിവരമല്ലേ? തടിയും പ്രഷറും കുറയാൻ സാധ്യത ഇല്ല. വേറെ പ്രശ്നമൊന്നും ഉണ്ടാകില്ല. ബ്ലഡ് പ്രഷറിനു മരുന്ന് കഴിക്കുന്നതാണ് നല്ലത്.

**ചോദ്യം ആറ്** : രാത്രി മുഖത്ത് ലേപങ്ങൾ പുരട്ടി കിടക്കാമോ?

**ഉത്തരം** : രാത്രിയിൽ മുഖത്ത് ലേപങ്ങൾ ഒന്നും പുരട്ടരുത്. രാവിലെയാണ് ഉത്തമം. പകൽ സമയം ആകാം. മുഖം വൃത്തിയായി കഴുകി ശേഷം വേണം മുഖത്ത് ലേപനങ്ങൾ പുരാട്ടാൻ

**ചോദ്യം ഏഴ്** : കഷണ്ടി ഒരു രോഗമാണോ? എണ്ണ തലയിൽ തേച്ചാൽ കഷണ്ടി മാറുമോ?

**ഉത്തരം :** ജനിതക കാരണങ്ങൾ, ഫംഗസ് ബാധ, അപകടം, റേഡിയോതെറാപ്പി, കീമോതെറാപ്പി ശരീരത്തിൽ പോഷകങ്ങളുടെ കുറവ്, ഓട്ടോഇമ്മ്യൂൺ എന്നിവ മുടികൊഴിച്ചിലിനു കാരണമാകാം.

മുടികൊഴിച്ചിലിനു ചികിത്സ പരിമിതമാണ്. ജനിതക കാരണങ്ങളാലുള്ള പാരമ്പര്യമായ കഷണ്ടിക്ക് തലയിൽ എണ്ണ തേച്ചതുകൊണ്ട് കാര്യമില്ല. മറ്റു കാരണങ്ങൾ കൊണ്ടുണ്ടാകുന്ന മുടി കൊഴിച്ചിൽ കുറെയൊക്കെ തടയാൻ സാധിക്കും.

**ചോദ്യം എട്ട്** : തലയ്ക്കു എണ്ണ തേക്കുന്നില്ലെങ്കിൽ തകരാറുണ്ടോ ?

**ഉത്തരം** : എണ്ണ തേച്ചില്ലെങ്കിൽ കുഴപ്പം ഒന്നും വരില്ല. നീരിറക്കം വരാതിരിക്കാൻ തലക്കെണ്ണ നല്ലതാണ്. തലമുടിക്ക് മാർദ്ദ

വം കിട്ടാനും സ്നിഗ്ദ്ധത കിട്ടാനും എണ്ണ തേക്കുന്നത് നല്ലതാണ്. പക്ഷെ എണ്ണ തേച്ചാൽ മുടി വളരുകയും ഒന്നും ഇല്ല.

**ചോദ്യം ഒമ്പത്** : ഭക്ഷണം കഴിഞ്ഞ ഉട നെ വെള്ളം കുടിക്കാമോ ?

**ഉത്തരം** :ഭക്ഷണത്തിന് മുൻപ് വെള്ളം കുടിക്കുന്നതാണ് അഭികാമ്യം. ഭക്ഷണ ത്തിന്റെ കൂടെ അധികം വെള്ളം കുടി ക്കേണ്ട. അത് ദഹനത്തെ ബാധിക്കും. പക്ഷെ അത്യാവശ്യമാണെങ്കിൽ കുറച്ചു കുടിക്കാം.

**ചോദ്യം പത്ത് :** കരടി നെയ്യു തേച്ചാൽ മീശ വരുമോ?

**ഉത്തരം :** മീശ കിളിർക്കുക ഇല്ല എന്ന് മാത്രമല്ല. കരടിയെ കൊന്നതിന് കൂട്ട് നിന്നതിന് ജയിലിൽ പോകുകയും വേ ണ്ടിവരും.കരടി നെയ്യ് എന്ന് പറഞ്ഞു ലാ ടവൈദ്യന്മാർ വിൽക്കുന്നത് മറ്റെങ്കിലും നെയ്യായിരിക്കും.

**ചോദ്യം പതിനൊന്ന്** ശർക്കരയാണോ പഞ്ചസാരയാണോ ആരോഗ്യത്തിന് ന ല്ലത് ?

**ഉത്തരം :** മധുരം ഏതായാലും കുറയ്ക്കു ന്നതാണ് നല്ലത്. താരതമ്യേന ശർക്കര പഞ്ചസാരയെക്കാളും കുറച്ചു നല്ലതാ ണെന്ന് പറയാം. ശർക്കരയിൽ കുറച്ചു ക്കൂടി ന്യൂട്രിയൻസ് അടങ്ങിയിരിക്കുന്നു. റിഫൈൻഡ് ഷുഗർ ഉണ്ടാക്കുമ്പോൾ മൊളാസസ് നീക്കം ചെയ്യുമ്പോൾ ന്യൂട്രി യന്റ്സും നീക്കം ചെയ്യപ്പെടുന്നു. പ്രമേ ഹരോഗികൾ ഒരു തരത്തിലുള്ള മധു രവും ഉപയോഗിക്കാത്തതാണ് നല്ലത്.

**ചോദ്യം പന്ത്രണ്ട്**: അത്താഴം നേരത്തെ കഴിക്കണോ?

**ഉത്തരം** : അത്താഴം നേരത്തെ കഴിക്കുന്ന താണ് ആരോഗ്യത്തിന് നല്ലത്. അത്താഴം വളരെ ലഘുവായി കഴിക്കണം. കൂടുതൽ നാരു വർഗ്ഗങ്ങൾ ഉള്ളതായിരിക്കണം. എളുപ്പത്തിൽ ദഹിക്കുന്നതായിരിക്കണം. അത്താഴം കഴിഞ്ഞു മൂന്ന് മണിക്കൂറിനു ശേഷം മാത്രം ഉറങ്ങുക.

**ചോദ്യം പതിമൂന്ന്** : പുളി ഉള്ള ഭക്ഷണം കഴിക്കുമ്പോൾ പല്ലു പുളിക്കുന്നത് എന്ത് കൊണ്ടാണ്?

**ഉത്തരം:** വിറ്റാമിൻ ഡിയുടെ കുറവ് കൊ ണ്ടാകാം. പല്ലിന്റെ ഇനാമൽ പോയാലും ഇങ്ങിനെ ഉണ്ടാകാം.

**ചോദ്യം പതിനാല്** : രാത്രി പ്രത്യേകി ച്ച് കാലുകൾ കഴയ്ക്കുന്നത് എന്തുകൊ ണ്ടാകാം?

**ഉത്തരം :** കാലിലെ പേശികളുടെ ശക്തി ക്കുറവ് കൊണ്ടാകാം വിറ്റാമിൻ ഡിയുടെ കുറവ് കൊണ്ടും ഇങ്ങിനെ സംഭവിക്കാം.

**ചോദ്യം പതിനഞ്ച്** : എത്ര മണിക്കൂർ ഉറങ്ങണം പകലുറങ്ങാമോ?

**ഉത്തരം :** ശരാശരി 6-8 മണിക്കൂർ ഉറ ങ്ങണം. കുട്ടികൾ 8 മണിക്കൂറെങ്കിലും ഉറങ്ങിയിരിക്കണം. ഉറക്കത്തിൽ ആണ് ശരീര വളർച്ച ഉണ്ടാകുന്നത്. ശരീരത്തി ലെ മെയന്റനൻസ് നടക്കുന്നത്.

പകൽ ഉറങ്ങരുത്. പ്രായമായവരും കുട്ടികളും മാത്രം കുറച്ചു ഉറങ്ങാം. ഉച്ച ക്ക് ഭക്ഷണം കഴിഞ്ഞ ഉടനെ ഉറങ്ങരുത്. മേദസ്സു വർധിക്കും.



**ചോദ്യം പതിനാറ് :** രാത്രി കിടക്കുമ്പോൾ പഴം കഴിച്ചാൽ പിറ്റേ ദിവസം ശോധന സുഖമാകുമോ?

**ഉത്തരം :** കൂടുതൽ നാരുള്ള പഴർഗ്ഗങ്ങളാണ് നല്ലത്. മുന്തിരി, പൈനാപ്പിൾ, ആപ്പിൾ, പപ്പായ, പേരക്ക എന്നിവയിൽ കൂടുതൽ ഫൈബർ ഉണ്ട്.

**ചോദ്യം പതിനേഴ് :** പശുവിൻ പാൽ ആരോഗ്യത്തിന് നല്ലതല്ലേ?

**ഉത്തരം :** നല്ല പശുവിൻ പാൽ ആരോഗ്യത്തിനു നല്ലതാണ്.

**ചോദ്യം പതിനെട്ട് :** തൈരാണോ മോരാണോ ആരോഗ്യത്തിന് നല്ലത്?

**ഉത്തരം :** സംശയമെന്താ ചെറിയ പുളിയുള്ള മോരാണ് നല്ലത്. മോര് പ്രോബയോട്ടിക് ആണ്. ദഹനത്തിന് സഹായിക്കും. ലഘു ആണ്. കഫകെട്ട് ഉണ്ടാക്കില്ല. വിശപ്പിനെ ഉണ്ടാക്കും. മേദസ്സിനെ കുറയ്ക്കും. ദാഹം ശമിപ്പിക്കും.

**ചോദ്യം പത്തൊൻപത് :** മരുന്നായിട്ടാണെങ്കിലും നെയ്യ് കഴിച്ചാൽ വണ്ണം വയ്ക്കുമോ?

**ഉത്തരം :** മരുന്നായിട്ടു ഉണ്ടാക്കിയ നെയ്യ് ചെറിയ അളവിലാണ് കൊടുക്കുക. ഇതു വണ്ണം വർധിപ്പിക്കില്ല. ആരോഗ്യമുള്ളവർ ഊണിന്റെ കൂടെ ഒരു സ്പൂൺ നല്ല നെയ്യ് കഴിക്കുന്നത് നല്ലതാണ്. നെയ്യ് മേധാശക്തി വർധിപ്പിക്കും. ഓർമ്മ കൂട്ടും നല്ല നെയ്യ് കിട്ടുവാനാണ് പ്രയാസം.

**ചോദ്യം ഇരുപത് :** ഗോതമ്പ് അരിയേക്കാൾ നല്ലതാണോ?

**ഉത്തരം :** ഒരിക്കലുമല്ല. തെക്കേ ഇന്ത്യക്കാർക്ക് അരി ഭക്ഷണം പ്രിയപ്പെട്ടതാണ്. കഴിച്ചു പരിചയമുള്ളതാണ്. ചോറ് ശരീരത്തിന് തണുപ്പ് തരുന്നതാണെങ്കിൽ ഗോതമ്പ് ചൂട് ആണ്. ഗ്ലൈസീമിക്സ് ഇൻഡക്സ് കുറവായ ഗോതമ്പ് പ്രമേഹരോഗികൾക്കു താരതമ്യേന നല്ലതാണ്. ഗോതമ്പു നുറുക്കാണ് നല്ലത്. പക്ഷെ സാധാരണ ആരോഗ്യവാന്മാർക്ക് അരി ഭക്ഷണം തന്നെയാണ് യോജിക്കുക. തവിടു മുഴുവൻ കളയാത്ത കുത്തരിയാണ് പച്ചരിയേക്കാൾ നല്ലത്. അധികം കഴിക്കരുത് എന്ന് മാത്രം. കാർബോഹൈഡ്രേറ്റ് അല്ലേ അധികം ലഭിച്ചാൽ ശരീരം അത് കൊഴുപ്പാക്കി മാറ്റി ശരീരത്തിൽ തന്നെ നിക്ഷേപിക്കും.

---

*(പേജ് 24ന്റ തുടർച്ച)*

കഴിഞ്ഞില്ല. ദേഹത്തിൽ പ്രാധാന്യമുള്ളതുകൊണ്ട് പുണ്യപാപങ്ങൾ ചെയ്യുന്ന ഭഗവാനെ പ്രാപിക്കുമ്പോൾ പരമാനന്ദം കിട്ടുന്നു. അതുകൊണ്ട് അങ്ങയെ ശരണം പ്രാപിക്കുന്ന ഞങ്ങളെ ഈ ലോകത്തിൽ നിന്നും രക്ഷിക്കണം. ജനനം തന്നെ പുണ്യപാപ കർമ്മങ്ങൾ അനുഭവിക്കുതിനു വേണ്ടിയാണ്. പല ജന്മങ്ങളിലൂടെ ആർജ്ജിച്ച അജ്ഞതയും പാപവും ഞങ്ങളെ ആത്മസ്വരൂപത്തിന്റെ ജ്ഞാനത്തിൽനിന്നും മറയ്ക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ട് സർവ്വേശ്വരനും പരമഗുരുവുമായ ഭഗവാനിൽ ശരണം പ്രാപിക്കുന്നു. ഇങ്ങനെ ഭഗവാന്റെ ശക്തിയെ സത്യവൃതൻ പ്രകീർത്തിച്ചു. ഈ പ്രാർത്ഥന കേട്ട ഭഗവാൻ സത്യവൃതന് പരമാത്മതത്ത്വം ഉപദേശിച്ചു കൊടുത്തു. അതാണ് മത്സ്യപുരാണം. ഇതെല്ലാം കേട്ട സത്യവൃതന് ജ്ഞാനവും ആത്മസാക്ഷാത്കാരവുമുണ്ടായി. ഇവിടെ അഷ്ടമസ്കന്ധം അവസാനിക്കുന്നു.

## എറണാകുളം കരയോഗം - ചാരിറ്റി പ്രവർത്തനങ്ങൾക്ക്
### 2022 ഏപ്രിൽ മാസം സംഭാവന നൽകിയവർ

| | | |
|---|---|---|
| 1. | ശ്രീകുമാർ. ജി. ശിവശ്രീ, വൈക്കം തെക്കെനട | 25,062/- |
| 2. | പി. ജയരാമൻ 4 എ., കട്ടിക്കാരൻ ടവേഴ്സ്, പ്രൊവിഡൻസി റോഡ്, കൊച്ചി - 18 | 15,000/- |
| 3. | വിജയലക്ഷ്മി പി. കുമാർ, 5 ബി, വുഡ്ഫോർട് അപ്പാർട്ട്മെന്റ്, കൊച്ചുകടവന്ത്ര | 10,000/- |
| 4. | നളിനി എസ്. മേനോൻ, അപ്പാർട്ട് നം. 1-സി, അൻജോർ അപ്പാർട്ട്, ചിറ്റൂർ റോഡ്, | 5,001/- |
| 5. | ഉഷ വിജയകുമാർ, ഉഷസ്, കൃഷ്ണന്ത് ഹൗസ്, എളമക്കര | 5,000/- |
| 6. | സേതുമാധവൻ, മാധവം 38/2270, ചെമ്മാത്ത് റോഡ്, ഗാന്ധിനഗർ, കൊച്ചി - 17 | 5,000/- |
| 7. | ശശികുമാർ എൻ.ബി., പനോരമ ഗാർഡൻസ്, പണ്ടാരച്ചിറ, കടവന്ത്ര | 5,000/- |

## 2022 ഏപ്രിൽ മാസം അന്തരിച്ച കരയോഗാംഗങ്ങൾക്ക് ആദരാഞ്ജലികൾ



**വി. കൃഷ്ണൻ**
L/911 ശ്രീ, മഹാകവി ജി. റോഡ്,
കൊച്ചി - 11




**എം. രാമൻ**
L/1075, 11 സി. ലിങ്ക് അപ്പാർട്ട്മെന്റ്
വളഞ്ഞമ്പലം, കൊച്ചി - 16



**ദേവകി എസ്. പ്രസാദ്**
L/3197, ഫ്ളാറ്റ് നം 102 നോർത്ത്
ഫോർട്ട് ഗാർഡൻ വടക്കേകോട്ട,
തൃപ്പൂണിത്തുറ



**സരോജിനി ബി. മേനോൻ**
L2948, ശ്രീവിലാസ്, കുന്നമ്പള്ളി
ലെയിൻ, നെറ്റിപ്പാടം റോഡ്,
കൊച്ചി - 16



**എസ്. ബാലചന്ദ്രൻ,**
L/23-23, ഗുഡ് എർത്ത് അപ്പാർട്ട്മെന്റ്
നം 10, ചളിക്കവട്ടം

# ചുട്ടുപഴുക്കുന്ന ഭൂമി, മാറുന്ന കാലാവസ്ഥ: അതിജീവിക്കുമോ മനുഷ്യൻ?

**എൻ. രാജശേഖരൻ നായർ - ഫോൺ - 9895550719**

*(തുടർച്ച)*

## ഉയർന്നു വരുന്ന ഭീഷണികൾ

വീണ്ടും നമുക്ക് ഐ. പി. സി. സി റിപ്പോർട്ടിലേക്ക് ഒന്ന് കണ്ണോടിക്കാം. ഇന്ത്യയിൽ കിട്ടുന്ന മഴയിൽ വലിയ മാറ്റങ്ങൾ ഉണ്ടായേക്കുമെന്ന് റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു, പ്രത്യേകിച്ച് വേനൽ മഴയിൽ. കേരളത്തിലും, ചെന്നൈയിലും ഉണ്ടായികൊണ്ടിരിക്കുന്ന ന്യൂനമർദ്ദം കൊണ്ടുണ്ടാകുന്ന മഴ തന്നെ ഉദാഹരണമാണ്. ഉഷ്ണതരംഗങ്ങൾ, വരൾച്ച, കുടിവെള്ള ക്ഷാമം, മഴക്കെടുതികൾ, ചുഴലികൊടുങ്കാറ്റുകൾ എന്നിവ വളരെ കൂടുതലുണ്ടാവാനാണ് സാധ്യതയെന്ന് റിപ്പോർട്ട് പറയുന്നു. കാലാവസ്ഥാ മാറ്റങ്ങളെ തുടർന്ന് ഏഷ്യൻ രാജ്യങ്ങളിൽ ആളുകളുടെ ഭക്ഷണമായ നെല്ല്, ഗോതമ്പ് എന്നീ വിളകൾക്ക് വളരെ ക്ഷാമമുണ്ടാകുന്നതാണ്. കാലിഫോർണിയയിലെ അഞ്ച് ലക്ഷം ഏക്കർ വനഭൂമിയാണ് കത്തി നശിക്കാനിടയായതും. കഴിഞ്ഞ മാസം, ഇറ്റലിയിലെ സിസിലി ദ്വീപിൽ 48.8 ഡിഗ്രി ചൂടാണ് രേഖപ്പെടുത്തിയത്. വെള്ളപ്പൊക്കം മൂലം ചൈനയിൽ 80000 ൽ കൂടുതൽ ആളുകളെ മാറ്റി പാർപ്പിച്ചു.

സമുദ്രനിരപ്പാകട്ടെ വർഷത്തിൽ 3.7 മില്ലീമീറ്റർ വച്ച് വർദ്ധിച്ച് കൊണ്ടിരിക്കുന്നു. അന്തരീക്ഷത്തിലെ കാർബൺ ഡൈഓക്സൈഡിന്റെ ആധിക്യം കാട്ടുതീയ്ക്ക് കാരണമാകുന്നു. ഗ്രീസിലും, സൈബീരിയയിലും ഉണ്ടായ കാട്ടുതീ എത്ര വലിയ ദുരന്തങ്ങളാണ് ഉണ്ടാക്കിയത്. അതിതീവ്ര ചൂട് കാരണം മരണമടഞ്ഞവരുടെ എണ്ണം 54 ശതമാനത്തിൽ കൂടുതലായി. 2019 ൽ മാത്രം 300 മില്യൺ തൊഴിൽ മണിക്കൂറുകളാണ് നഷ്ടമായത്. 2018 ൽ ഇന്ത്യയിൽ ഉഷ്ണതരംഗങ്ങളാൽ 31,000 മരണങ്ങളാണ് സംഭവിച്ചത്. ലോകമെമ്പാടും നോക്കുകയാണെങ്കിൽ ഉഷ്ണതരംഗങ്ങളാൽ മരിച്ചവർ 2,96,000 ആണ്. 2040 ആകുമ്പോൾ ലോകമെമ്പാടുമുള്ള ജനസംഖ്യയിൽ പകുതിയിൽ കൂടുതൽ പേർ തീവ്രതാപത്താൽ മരണമടയും. ഈ അടുത്തയിടെ സംഭവിച്ചതോ സംഭവിക്കാൻ പോകുന്നതോ ആയ ദുരന്തങ്ങളാണ് ഇവ.

ഇനി എല്ലാവരും പ്രതീക്ഷയോടെ ഉറ്റു നോക്കുന്ന ഗ്ലാസ്ഗോ ഉച്ചകോടിയെ പ്പറ്റി നോക്കാം.

## ഗ്ലാസ്ഗോ ഉച്ചകോടി

കാലാവസ്ഥാ മാറ്റങ്ങളെ തുടർന്നുള്ള ആഗോളപ്രതിസന്ധിയെ എങ്ങനെ മറികടക്കണമെന്നു ചിന്തിക്കാൻ ഇരുനൂറിലേറെ ലോകരാജ്യങ്ങളാണ് സ്കോട്ട്ലന്റിലെ ഗ്ലാസ്ഗോയിൽ സമ്മേളിച്ചത്. 2021 നവംബർ 12 നാണ് ഉച്ചകോടി അവസാനിച്ചത്. 2015 ഡിസംബറിൽ

പാരീസ്സിൽ വച്ചായിരുന്നു കഴിഞ്ഞ ഉച്ച കോടി നടന്നത്. പ്രസ്തുത ഉച്ചകോടിയിൽ ആഗോള താപനില രണ്ട് ഡിഗ്രി സെൽഷ്യസിലധികം കൂടാൻ ഒരു കാരണവശാലും അനുവദിക്കരുതെന്ന് നിഷ്കർഷിക്കുകയുണ്ടായി. അതായത് വ്യവസായവൽക്കരണം തുടങ്ങിയ 150 വർഷം മുമ്പുള്ള ആഗോള താപനിലയെക്കാൾ രണ്ട് ഡിഗ്രി സെൽഷ്യസ് കൂടരുതെന്നായിരുന്നല്ലോ തീരുമാനം. എന്നാൽ ഇപ്പോൾ സ്ഥിതിഗതികൾ അതീവ ഗുരുതരമായി തീർന്നിരിക്കുന്നതിനാൽ 1.5 ഡിഗ്രി സെൽഷ്യസിൽ കൂടരുതെന്ന ലക്ഷ്യവുമായി മുന്നോട്ട് പോകണമെന്ന് മിക്ക രാജ്യങ്ങളും ആവശ്യപ്പെട്ടിരിക്കുന്നു. ഇന്റർ ഗവൺമന്റൽ പാനൽ ഓൺക്ലൈമറ്റ് ചേയ്ഞ്ച് (IPCC) ഈയിടെ പുറത്തു വിട്ട റിപ്പോർട്ടിൽ, സ്ഥിതിഗതികൾ ഇപ്രകാരം മുന്നോട്ട് പോയാൽ ആഗോള താപനില 2.7 ഡിഗ്രി സെൽഷ്യസിൽ ചെന്ന് നില്കുമെന്ന് പറഞ്ഞിരിക്കുന്നു. അതിനാൽ 1.5 ഡിഗ്രി സെൽഷ്യസിൽ എന്ന ലക്ഷ്യത്തിൽ തന്നെ നില്കണമെന്ന് IPCC യുടെ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്.

## നെറ്റ് സീറോ എമിഷൻ

കൂടാതെ മുപ്പത് വർഷത്തിനുള്ളിൽ 'നെറ്റ് സീറോ എമിഷൻ' എന്ന പുതിയ ലക്ഷ്യവും പല രാജ്യങ്ങളും മുന്നോട്ട് വച്ചിട്ടുണ്ട്. അന്തരീക്ഷ മലിനീകരണത്തിൽ ഒരു പ്രധാന പങ്ക് വഹിക്കുന്ന കാർബൺ ഡൈ ഓക്സൈഡിന്റെ ($Co_2$) അന്തരീക്ഷത്തിലേക്കുള്ള ബഹിർഗമനവും, അന്തരീക്ഷത്തിൽ ഇപ്പോൾ തന്നെയുള്ള കാർബൺഡൈ ഓക്സൈഡിന്റെ അളവ് അന്തരീക്ഷത്തിൽ നിന്ന് നീക്കുന്നതിന്റെയും തോത് സമമാക്കുക എന്നതാണ് 'നെറ്റ് സീറോ എമിഷൻ' എന്ന ആശയം കൊണ്ട് ഉദ്ദേശിക്കുന്നത്. ആഗോളതാപത്തിനിടയാക്കുന്ന മറ്റൊരു വാതകമായ മീഥൈന്റെ ബഹിർഗമനം 30% മാക്കി കുറക്കണമെന്നുമാണ് മറ്റൊരു ലക്ഷ്യം.

ഇപ്പോൾ തന്നെ ആഗോളതാപവർദ്ധനവ് 1.6 ഡിഗ്രിയായി ഉയർന്നിട്ടുണ്ട്. ഇതു 2 ഡിഗ്രിയിലും മുകളിലേക്ക് ഉയർന്നാൽ ലോകം സർവ്വ നാശത്തിലേക്ക് തന്നെ നീങ്ങുന്നതാണ്. പിന്നെ യാതൊരു വിധ മനുഷ്യപ്രയത്നത്തിനും ഇതിനെ തടയുവാൻ കഴിയുന്നതല്ല. ഇപ്പോൾ തന്നെ കാലാവസ്ഥാ മാറ്റങ്ങൾ കൊണ്ടുള്ള ദുരിതങ്ങൾ 400 കോടി ജനങ്ങൾ അനുഭവിച്ചു കൊണ്ടിരിക്കുന്നു.

## ഇന്ത്യയുടെ പ്രഖ്യാപനങ്ങൾ

ഉച്ചകോടിയിൽ പങ്കെടുത്തുകൊണ്ട് ഇന്ത്യൻ പ്രധാനമന്ത്രി ശ്രീ.നരേന്ദ്രമോദി നടത്തിയ പ്രഖ്യാപനങ്ങൾ ഏറെ ശ്രദ്ധേയമാണ്. അവയുടെ സംക്ഷിപ്തരൂപം താഴെ ചേർക്കുന്നു.

1.) 2030 ആകുമ്പോൾ 500 ജിഗാബൈറ്റ് ആയി ഫോസിൽ ഇതര ഊർജ്ജശേഷി വർധിപ്പിക്കുന്നതാണ്.

2) ഇന്ത്യയുടെ ഊർജ്ജാവശ്യങ്ങൾ 2030 നകം പകുതിയിലധികം പുനരുപയോഗ ഊർജ്ജസ്രോതസ്സുകളിൽ നിന്നായിരിക്കും നിറവേറ്റുക.

3) ഇന്ത്യയുടെ കാർബൺ ബഹിർഗമനം 2030 നകം 100 കോടി ടൺ കുറയ്ക്കും.

4) സാമ്പത്തിക മേഖലയിൽ കാർബൺ ഇന്ധനങ്ങൾ 45 ശതമാനത്തിൽ താഴെയാക്കും.

5.) "നെറ്റ് സീറോ എമിഷൻ" എന്ന ലക്ഷ്യം 2070 നകം ഇന്ത്യ കൈവരിക്കും.

കൂടാതെ, ഇന്ത്യൻ റെയിൽവേ 2030 ആകുമ്പോഴേക്കും പുനരുപയോഗ ഊർജ്ജത്തിലേക്ക് മാറുന്നതാണ്. ഇപ്രകാരമുള്ള മാറ്റം സംഭവിക്കുമ്പോൾ 6 കോടി ടൺ കാർബൺ പുറം തള്ളലാണ് ഇല്ലാതാകുന്നത്. അടുത്ത പത്ത് വർഷങ്ങൾക്കകം, ഇന്ത്യയുടെ ഊർജ്ജോപയോഗത്തിന്റെ പകുതിയിലധികം പുനരുപയോഗ ഊർജ്ജം കൊണ്ടായിരിക്കുകയും ചെയ്യും.

## ഇല്ലാതാകുന്ന വനങ്ങൾ

ഉച്ചകോടിയിൽ ചർച്ചയ്ക്ക് വന്ന മറ്റൊരു വിഷയം നശിച്ചുകൊണ്ടിരിക്കുന്ന വനങ്ങളെ സംബന്ധിച്ചായിരുന്നു. അടുത്ത 9 വർഷത്തിനുള്ളിൽ ലോകത്തെ 80% വനങ്ങളും സംരക്ഷിക്കാനുള്ള പദ്ധതിയിൽ ലോകനേതാക്കന്മാർ ഒപ്പ് വയ്ക്കുകയുണ്ടായി. 1.2 കോടി ഹെക്ടർ വനങ്ങളാണ് ഓരോ വർഷവും നശിപ്പിക്കപ്പെടുന്നത്. ഹരിത ഗൃഹവാതകങ്ങളുടെ ബഹിർഗമനത്തിൽ 25% വും വനനശീകരണം കൊണ്ട് മാത്രം സംഭവിച്ചതാണ്. വനനശീകരണം കൊണ്ട് 8000 കോടി യു. എസ് ഡോളറിന്റെ നഷ്ടമാണ് പ്രതിവർഷം ലോകത്തിനുണ്ടാകുന്നത്. പൊതുസ്വകാര്യ മേഖലയിൽ മരങ്ങൾ വച്ച് പിടിപ്പിക്കുന്നതിന് 4000 കോടി ഡോളർ ചിലവാക്കുന്നതാണ്.

## പ്ലാസ്റ്റിക് കൊണ്ട് നിറയുന്ന നദികൾ

ഉച്ചകോടിയിൽ ഏറെ ചർച്ചചെയ്യപ്പെട്ട മറ്റൊരു വിഷയമാണ് നദികളിൽ നിക്ഷേപിക്കുന്ന പ്ലാസ്റ്റിക് സാധനങ്ങൾ. ഓരോ വർഷവും 1.1 കോടി മെട്രിക് ടൺ പ്ലാസ്റ്റിക്കാണ് നദികളിൽ കൂടി ഒഴുകി സമുദ്രത്തിലെത്തുന്നത്. ഇതിൽ ഇൻഡസ് നദി 124249 ടണ്ണും, ബ്രഹ്മപുത്ര, ഗംഗ എന്നീ നദികൾ 72845 ടണും പ്ലാസ്റ്റിക് സാധനങ്ങൾ സമുദ്രത്തിലെത്തിക്കുന്നു. ഗ്ലാസ്ഗോ ഉച്ചകോടി വളരെ ശ്രദ്ധ പതിപ്പിച്ച പ്രശ്നമാണ് പ്ലാസ്റ്റിക്കിന്റെ നദിയിലെ സാന്നിദ്ധ്യം. വർഷം തോറും സമുദ്രത്തിൽ എത്തുന്ന പ്ലാസ്റ്റിക് കാലാവസ്ഥാ മാറ്റങ്ങളെ പ്രതികൂലമായി ബാധിക്കും. അന്തരീക്ഷത്തിലെ കാർബണെ വലിച്ചെടുക്കുന്നതിൽ സമുദ്രങ്ങൾ വലിയൊരു പങ്കാണ് വഹിക്കുന്നത്.

പദ്ധതികൾ പ്രാവർത്തികമാക്കാൻ വേണ്ട പണം സ്വരൂപിക്കുക എന്നതാണ് പ്രധാന പ്രശ്നം. ഓരോ രാജ്യവും വാഗ്ദാനം ചെയ്യുന്ന പണം യഥാസമയം ചിലവാക്കുന്നില്ലെങ്കിൽ പദ്ധതികൾ നടക്കാതെ പോകാൻ ഇടയാക്കുന്നതാണ്.

ഗ്ലാസ്ഗോ പ്രഖ്യാപനങ്ങൾ നടപ്പാക്കണമെങ്കിൽ സൗരോർജ്ജം പരമാവധി ഉപയോഗിക്കുകയും കൽക്കരി, പെട്രോൾ, ഡീസൽ എന്നീ ഫോസിൽ ഇന്ധനങ്ങളുടെ ഉപയോഗം കുറയ്ക്കുകയും വേണം. ഇന്ത്യയിൽ തന്നെ നമ്മുടെ പ്രഖ്യാപിത ലക്ഷ്യം നേടണമെങ്കിൽ സൗരോർജ്ജോല്പാദനം 5600 ഗിഗാവാട്ട് ആയി ഉയർത്തണം. അതുപോലെ കൽക്കരി ഉപയോഗിച്ചുള്ള ഊർജ്ജോല്പാദനം ഒരു ശതമാനമായി താഴ്ത്തുകയും വേണം. നെറ്റ് സീറോയിലേക്ക് ഇന്ത്യയുടെ മാറ്റത്തിന് 2070 ആകുമ്പോൾ 13 ലക്ഷം കോടി ഡോളർ (970 ലക്ഷം കോടി രൂപ) ചിലവ് വരുന്നതാണ്.

ഇന്ത്യൻ റെയിൽവേ പുനരുപയോഗ ഊർജ്ജത്തിലേക്ക് ഇതിനകം തിരിഞ്ഞിട്ടുണ്ട്. ലോകത്തിലെ മുഴുവൻ ജനസംഖ്യയെക്കാൾ കൂടുതൽ പേർ ഉപയോ

ഗിക്കുന്ന വൻസ്ഥാപനമാണ് ഇന്ത്യൻ റെയിൽവേ എന്നോർക്കണം.

ഉത്തരധ്രുവ മേഖലയിലെ അതിദ്രുതം ഉരുകുന്ന മഞ്ഞുപാളികളുടെ പ്രശ്നവും ഉച്ചകോടിയിൽ ചർച്ച ചെയ്യപ്പെട്ടു. 1979 – 1992 ൽ 6.5 മില്യൻ മഞ്ഞ് മൂടിയ പ്രദേശമുണ്ടായിരുന്നത് 2021 ൽ 4.72 മില്യൻ ആയി കുറഞ്ഞിട്ടുണ്ട്.

സകല ചരാചരങ്ങളുടെയും അന്ത്യം കുറിക്കുന്ന നാളുകൾ എണ്ണപ്പെട്ടു കഴിഞ്ഞിരിക്കെ, ഗ്ലാസ്ഗോയിൽ നടക്കുന്ന ആഗോള ഉച്ചകോടിയെ ഏറെ പ്രതീക്ഷയോടെയാണ് ഏവരും കാത്തിരുന്നത്. ഭൂമിയുടെ ഉപരിതല ഊഷ്മാവ് ഈ നൂറ്റാണ്ടിൽ രണ്ട് ഡിഗ്രി സെൽഷ്യസ് കടക്കാതെയും, കഴിയുമെങ്കിൽ ഒന്നര ഡിഗ്രിയിൽ കൂടാതെയും നോക്കുക, ഇതിനുള്ള പരിപാടികൾ ചർച്ച ചെയ്ത് തീരുമാനിക്കുക, പ്രാവർത്തികമാക്കുക എന്നതായിരുന്നല്ലോ ഗ്ലാസ്ഗോ സമ്മേളനത്തിന്റെ ലക്ഷ്യങ്ങൾ. എന്നാൽ കാർബൺ ബഹിർഗമനത്തിൽ മുൻനിരയിൽ നില്ക്കുന്ന ചൈനയുടെ പ്രസിഡന്റ് ഷി ജിൻ പിങ്, റഷ്യൻ പ്രസിഡന്റ് വ്ളാദിമർ പുദിൻ എന്നിവർ സമ്മേളനത്തിൽ പങ്കെടുത്തില്ല. അതുപോലെ തുർക്കി, മെക്സിക്കോ, ബ്രസീൽ, ദക്ഷിണാഫ്രിക്ക എന്നിങ്ങനെ പല രാജ്യങ്ങളുടെ നേതാക്കളും ഗ്ലാസ്ഗോയിൽ എത്തിയില്ല. കൂടാതെ കാർബൺ ബഹിർഗമനത്തിന്റെ (നാല്പത് ശതമാനം) നല്ലൊരു പങ്ക് വഹിക്കുന്ന ബ്രിക്സ് രാജ്യങ്ങളിൽ ഇന്ത്യമാത്രമാണ് ഉച്ചകോടിയിൽ പങ്കെടുക്കുന്നത്. ഈ നേതാക്കന്മാരുടെ അഭാവം സമ്മേളനത്തിന്റെ ലക്ഷ്യത്തിൽ തന്നെ മങ്ങലേൽപ്പിച്ചിരിക്കുകയാണ്. സുപ്രധാന തീരുമാനങ്ങൾ പ്രാവർത്തികമാക്കുമ്പോൾ അവരുടെ അസാന്നിദ്ധ്യം എത്രമാത്രം ഫലപ്രദമാകുമെന്ന് കണ്ടു തന്നെ അറിയണം.

ഗ്ലാസ്ഗോ സമ്മേളനം ഉദ്ഘാടനം ചെയ്തു കൊണ്ട് ബ്രിട്ടീഷ് പ്രധാനമന്ത്രി ബോറീസ് ജോൺസൺ പറഞ്ഞത് ‘എല്ലാം നശിപ്പിക്കുന്ന ബോംബ് ശരീരത്തിൽ കെട്ടിവയ്ക്കപ്പെട്ട ജെയിംസ് ബോണ്ട്, അത് നിർവ്വീര്യമാക്കുവാൻ പണിപ്പെടുന്ന അവസ്ഥയാണ് എന്നാണ്.’ ‘ഇപ്പോഴില്ലെങ്കിൽ ഒരിക്കലുമില്ല’ . അദ്ദേഹം കൂട്ടിച്ചേർക്കുകയുണ്ടായി.

സമ്മേളനത്തിൽ സംസാരിച്ചുകൊണ്ട് ഐക്യരാഷ്ട്രസഭാ ജനറൽ സെക്രട്ടറി അന്റോണിയോ ഗുട്ടറസിന്റെ വാക്കുകൾ കേൾക്കുക. “നാം സ്വന്തം ശവക്കുഴി തോണ്ടിക്കൊണ്ടിരിക്കുകയാണ്. മതി എന്ന് പറയേണ്ട സമയമാണിത്. ജൈവവൈവിധ്യത്തോട് ക്രൂരത കാട്ടിയത് മതി. കാർബൺ ഉപയോഗിച്ച് നമ്മെ കൊന്നത് മതി. പ്രകൃതിയെ കക്കൂസ് പോലെ കരുതിയത് മതി. കത്തിച്ചതും, കുഴിച്ചതും, ഖനിച്ചതും മതി. ഇതാണ് പ്രവർത്തിക്കേണ്ട സമയം”.

കാലാവസ്ഥാ വ്യതിയാനം തടയാനുള്ള നടപടികൾ മന്ദഗതിയിലാണെന്നും, ലോകനേതാക്കന്മാർ വെറുതെ അഭിനയിക്കുകയാണെന്നും ആരോപിച്ച് പരിസ്ഥിതി പ്രവർത്തകർ, കാലാവസ്ഥാ ഉച്ചകോടി സമ്മേളിക്കുന്ന സ്ഥലത്ത് നിന്ന് ക്ലൈഡ് നദിയുടെ തീരത്തിലേക്ക് മാർച്ച് നടത്തുകയുണ്ടായി. ഞങ്ങൾ നിങ്ങളെ കാണുന്നുണ്ട് എന്ന മുദ്രാവാക്യം എഴുതിയ ബാനറുകളുമായായിരുന്നു അവരുടെ മാർച്ച്.

ഉച്ചകോടിയിൽ പങ്കെടുത്തു കൊണ്ടിരിക്കുന്ന ലോകനേതാക്കന്മാരും ഈ വൻവിപത്തിന്റെ ഗൗരവം കാണുന്നതായി അഭിനയിക്കുകയാണെന്നാണ് സ്വീഡനിലെ പ്രസിദ്ധ പരിസ്ഥിതി പ്രവർത്തക ഗ്രെറ്റ ത്യുൻബേ പറഞ്ഞത്. ‘മാറ്റം

ഉള്ളിൽ നിന്ന് വരാൻ പോകുന്നില്ല. കൂടുതൽ ബ്ലാ..........ബ്ലാ.............ബ്ലാ............ വേണ്ട.' യു. എൻ ഉച്ചകോടിയെ അതിനിശിതമായി വിമർശിച്ച് കൊണ്ട് ഗ്രെറ്റ പറഞ്ഞു. കെനിയയിലെ പരിസ്ഥിതി പ്രവർത്തക എലിസബത്ത് വാതുറ്റിയുടെ വാക്കുകൾ കേൾക്കുക. ഞാൻ ഇവിടെ ഗ്ലാസ്ഗോയിലെ ഈ കോൺഫറൻസ് സെന്ററിൽ സുഖമായി ഇരിക്കുമ്പോൾ എന്റെ രാജ്യത്തെ 20 ലക്ഷത്തിലധികം ആളുകൾ കാലാവസ്ഥയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കാരണം പട്ടിണിയിലാണ്.'

ആഗോള താപനത്തിന്റെയും തുടർന്നുള്ള കാലാവസ്ഥാ മാറ്റങ്ങളുടെയും, തികച്ചും ഭയാനകം തന്നെയായ ദുരന്തങ്ങൾ ലോകം അനുഭവിക്കാൻ തുടങ്ങി കഴിഞ്ഞിരിക്കുന്നു. ഇതിനകം തന്നെ, ലോകത്തിലെ 400 കോടി ജനങ്ങളെ ദുരന്തങ്ങൾ ബാധിച്ചു കഴിഞ്ഞു. ഇനിയെങ്കിലും ഭൂമിയിലെ ജീവജാലങ്ങളെ ഈ കൊടിയ വിപത്തിൽ നിന്ന് രക്ഷിക്കാൻ ഗ്ലാസ്ഗോയിൽ ഉരുത്തിരിഞ്ഞ് വന്ന തീരുമാനങ്ങൾ തികഞ്ഞ ആത്മാർത്ഥതയോടെ നടപ്പാക്കപ്പെടുമോ? പാരീസ്സ് ഉച്ചകോടിയിൽ നിന്ന് ഒരു പടി കൂടി മുന്നോട്ട് പോയി താപനില 1.5 ഡിഗ്രി സെൽഷ്യസിൽ നിന്ന് ഉയരാൻ അനുവദിക്കില്ല എന്ന സുപ്രധാന പ്രഖ്യാപനമാണല്ലോ? ഇരുനൂറോളം രാജ്യങ്ങൾ പങ്കെടുത്ത ഉച്ചകോടിയിൽ നിന്നുണ്ടായത്!

## ഉച്ചകോടി സമാപിച്ചപ്പോൾ

സ്കോട്ട്ലാൻഡിലെ ഗ്ലാസ് ഗോയിൽ നടന്ന 200 രാജ്യങ്ങൾ പങ്കെടുത്ത ഉന്നതസമ്മേളനം നവംബർ 12 ന് അവസാനിക്കും വരെ വൻപ്രതീക്ഷയോടെയാണ് ലോകം കാത്തിരുന്നത്. എന്നാൽ പരിസ്ഥിതി പ്രവർത്തകർ വിമർശിച്ചത് പോലെ തന്നെ ഒന്നും സംഭവിക്കാതെ വെറും വാചകമടിയിൽ മാത്രം അവസാനിക്കുകയാണുണ്ടായത്. ലോക രാജ്യങ്ങളിലെ ഭരണാധികാരികൾ മാത്രമായിരുന്നില്ല അവർക്ക് പുറമെ ശാസ്ത്രജ്ഞന്മാർ, പരിസ്ഥിതി പ്രവർത്തകർ, യുവാക്കൾ, സർവ്വകലാശാലാ വിദ്യാർത്ഥികൾ എന്നിങ്ങനെ എത്രയോ ഒരു വലിയ നിര തന്നെ ആകാംക്ഷാഭരിതരായി ഉച്ചകോടി സമ്മേളനം നിരീക്ഷിച്ചു കൊണ്ടിരുന്നു. സമ്മേളനത്തിനിടയിൽ തന്നെ കാലാവസ്ഥാ വ്യതിയാനം തടയാനുള്ള നടപടികൾ മന്ദഗതിയിലാകുന്നതിൽ പരിസ്ഥിതി പ്രവർത്തകർ, യു. എൻ കാലാവസ്ഥാ ഉച്ചകോടി നടക്കുന്ന സ്ഥലത്തു നിന്ന് ക്ലൈഡ് നദിയുടെ കരയിലേക്ക് മാർച്ച് നടത്തുകയുണ്ടായി. നേതാക്കൾ അഭിനയിക്കുകയാണെന്ന ആരോപണവുമായി പ്രതിഷേധിച്ച പരിസ്ഥിതി പ്രവർത്തകരുടെ വാക്കുകൾ അക്ഷരം പ്രതി ശരിയായി. അവസാനം ഒന്നും സംഭവിക്കാതെ, ഗൗരവമായ ഒരു തീരുമാനത്തിലുമെത്താതെ ഉച്ചകോടി അവസാനിക്കുകയും ചെയ്തു.

ആഗോള താപനത്തെ തുടർന്നുള്ള കാലാവസ്ഥാ വ്യതിയാനങ്ങളുടെ മൂലകാരണം മനുഷ്യൻ ഭൂമിയിൽ കാണിച്ചു കൂട്ടിയതും, ഇപ്പോഴും തുടരുന്നതുമായ ഇടപെടലുകളാണെന്നും, 2030 നകം അന്തരീക്ഷത്തിലെ അധിക താപവർദ്ധന 1.5 ഡിഗ്രി സെൽഷ്യസിനപ്പുറം കടക്കാതെ പിടിച്ച് നിർത്തണമെന്നും ശാസ്ത്രജ്ഞന്മാർ IPCC യുടെ 6 ാം റിപ്പോർട്ടിൽ വളരെ വ്യക്തമായി തന്നെ പറഞ്ഞിരുന്നു. പ്രസ്തുത റിപ്പോർട്ടാകട്ടെ ആഗസ്റ്റ് ആദ്യം തന്നെ പുറത്തിറക്കുകയും ചെയ്തിരുന്നതാണ്. താപനിലയിലെ വർദ്ധനവ് ഒന്നര ഡിഗ്രി സെൽഷ്യസായി പിടിച്ച് നിർത്തണമെങ്കിൽ 2050 ഓടെയെ

ങ്കിലും കാർബൺ പുറം തള്ളൽ നെറ്റ് സീറോയാക്കേണ്ടി വരും.

ഉച്ചകോടിയിലാകട്ടെ, ഇന്ത്യൻ പ്രധാനമന്ത്രി അമേരിക്കൻ പ്രസിഡന്റ്, ബ്രിട്ടീഷ് പ്രധാനമന്ത്രി, യു. എൻ സെക്രട്ടറി ജനറൽ തുടങ്ങിയ ലോകനേതാക്കന്മാർ പങ്കെടുത്തിരുന്നു. കൂടാതെ ഡേവിഡ് ആറ്റൻബറോയെപ്പോലുള്ള നിരവധി ശാസ്ത്രജ്ഞന്മാർ, ഗ്രെറ്റാത്യുൻബേ അടക്കമുള്ള പരിസ്ഥിതിപ്രവർത്തകർ എന്നിവരുടെ നീണ്ട നിര തന്നെ സമ്മേളനത്തിൽ പങ്കെടുത്തിരുന്നു. സമ്മേളന തീരുമാനങ്ങൾ നമുക്ക് ഒന്ന് നോക്കാം.

1. താപവർദ്ധനവ് 1.5 ഡിഗ്രിയിൽ കൂടുതലാവാതെ ഇരിക്കുന്നതിന് കൽക്കരിയുടെ ഉപയോഗം പരമാവധി കുറക്കുന്നതാണ്.

2. ഹരിതഗൃഹ വാതകങ്ങളുടെ പുറം തള്ളൽ നിയന്ത്രിക്കുന്നതിന് ആഗിരണ സംവിധാനങ്ങൾ വർദ്ധിപ്പിക്കുകയും 2050 വർഷമാകുമ്പോൾ നെറ്റ് സീറോയിൽ എത്തിക്കുന്നതുമാണ്.

എന്നാൽ നിർഭാഗ്യകരമെന്ന് പറയട്ടെ. കാലാവസ്ഥാ വ്യതിയാനത്തെ തുടർന്ന് ലോകമെമ്പാടുമുള്ള ജീവജാലങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന യാതനകൾക്കും, ദുരിതങ്ങൾക്കുമുള്ള യാതൊരു വിധ നടപടികളും ഉച്ചകോടിയിൽ നിന്ന് ഉരുത്തിരിഞ്ഞ് വന്നില്ല എന്നത് ഏറെ സങ്കടകരമായ കാര്യമാണ്. അതുപോലെ തന്നെ ദരിദ്ര രാജ്യങ്ങൾക്കുള്ള കാലാവസ്ഥാ സഹായനിധിയെപ്പറ്റി പാരീസ്സ് സമ്മേളനത്തിൽ തീരുമാനമായതാണെങ്കിൽ കൂടി, സഹായനിധി നൽകണമെന്ന ധാരണ 2025 സമ്മേളനത്തിലേക്ക് മാറ്റിവെക്കപ്പെടുകയാണുണ്ടായത്.

അതുപോലെ തന്നെ നെറ്റ് സീറോ എല്ലാ രാജ്യങ്ങളും എപ്പോഴൊക്കെയാണ് എത്തിച്ചേരുക എന്നതിലും കാര്യമായ ഒരു തീരുമാനവും സമ്മേളനത്തിൽ ഉണ്ടായില്ല.

മറ്റൊരു സുപ്രധാന കാര്യം താപനി ല തടയുന്നതിന് വേണ്ട ചിലവുകൾ വഹിക്കുന്നതിനെപ്പറ്റിയാണ്. വികസ്വര രാജ്യങ്ങളിൽ ജനസംഖ്യ വളരെ കൂടുതലാകായാൽ കാർബൺ പുറം തള്ളൽ വളരെ കൂടുതലായിരിക്കും. കൂടാതെ വികസ്വര രാജ്യങ്ങളിൽ ജനങ്ങളുടെ ജീവിതശൈലി മൂലം ഉണ്ടാകുന്നതാണ് ഈ താപവർദ്ധനവ്. യൂറോപ്യൻ യൂണിയനുകളിലും, അമേരിക്കയിലും ജനസംഖ്യ ലോകജനസംഖ്യയുടെ 25% മാത്രമേ വരുകയുള്ളൂ. എന്നാൽ ഈ രാജ്യങ്ങളിലെ കാർബൺ പുറം തള്ളൽ ആകെയുള്ളതിന്റെ മൂന്നിൽ രണ്ട് (2/3) വരുന്നതാണ്.

ലോകത്തിൽ കൊടും പട്ടിണിയിൽ കഴിയുന്ന രാജ്യങ്ങളിലെ ജനങ്ങൾ ആഗോള താപനത്തിൽ തീർത്തും നിരപരാധികളാണെന്ന് ഓർക്കണം. എന്നാൽ ദുരിതങ്ങൾ അനുഭവിക്കുന്നത് അതിദരിദ്ര ജനങ്ങളുമാണ്. ആഗോളതാപവർധനവിന്റെ ഉത്തരവാദികൾ സമ്പന്ന രാജ്യങ്ങളാണെന്നിരിക്കെ ആയത് കുറയ്ക്കുന്നതിനുള്ള ഉത്തരവാദിത്വവും സമ്പന്നരാജ്യങ്ങൾക്ക് തന്നെയാണ്. ഈ ഉത്തരവാദിത്വങ്ങളിൽ നിന്ന് അവർ ഒഴിഞ്ഞ് മാറുന്നതും, വാഗ്ദാനങ്ങളിൽ നിന്ന് പിറകിലേക്ക് പോകുന്നതും ദയനീയം തന്നെയാണ്. സമ്പന്ന രാജ്യങ്ങളിലെ സാമ്പത്തിക വികസനങ്ങളും, ജനങ്ങളുടെ ആർഭാടമായ ജീവിതരീതികളുമാണ് അന്തരീക്ഷത്തിൽ ഇത്രയധികം കാർബൺ കെട്ടികിടക്കാൻ കാരണമാക്കിയത്. കാർബണിന്റെ പുറം തള്ളൽ വ്യവസായ വിപ്ലവത്തിനു മുമ്പുള്ള അവസ്ഥയിലേക്ക് എത്തിക്കുക തന്നെ വേണമെന്നതു സർവ്വപ്രധാനമായ കാര്യം തന്നെയാണ്. എന്നാൽ സമ്പന്ന രാജ്യങ്ങളിലെ ജനങ്ങൾ അവരുടെ ജീവി

തശൈലി മാറ്റാൻ തയ്യാറാല്ലെന്ന് പ്രതികരിച്ചിരിക്കെ അതിനുള്ള ഉത്തരവാദികൾ വികസ്വരരാജ്യങ്ങളാണെന്നുള്ള ആരോപണം തികച്ചും അവസരവാദം തന്നെയാണ്. ഇപ്പോൾ സംഭവിക്കാൻ പോകുന്നതാകട്ടെ നെറ്റ്സീറോയിൽ (2050 ൽ) എത്തുമ്പോൾ ലോകമൊട്ടാകെ, കാർബൺ ഡൈഓക്സൈഡ് കൊണ്ട് നിറയപ്പെടുകയും, ഭയാനകമായ ദുരിതങ്ങൾ ഭൂമിയിലെ ജീവജാലങ്ങൾ അനുഭവിക്കേണ്ടി വരുകയും ചെയ്യുന്നതാണ്.

നെറ്റ് സീറോയിൽ എത്തിക്കണമെങ്കിൽ കാർബൺ പുറം തള്ളലിനെ നിയന്ത്രിക്കുന്നതിനെക്കാൾ ഏറെ ഫലപ്രദം, പുറം തള്ളപ്പെടുന്ന കാർബൺ ഇല്ലാതാക്കുക എന്നതാണ്. ഇന്ത്യയെ സംബന്ധിച്ചിടത്തോളം പ്രകതിദുരന്തങ്ങൾ ഏറ്റവും കൂടുതൽ ഏറ്റ് വാങ്ങുന്ന ഒരു രാജ്യമാണ്. 2050 ൽ താപവർദ്ധന 1.6 ഡിഗ്രി വർദ്ധിക്കുന്നതാണ്. അതുപോലെ, മഴയിൽ 6% വർദ്ധനവാണ് ഉണ്ടാവാൻ പോകുന്നത്. അറബിക്കടലിൽ അടിക്കടി ഉണ്ടാകുന്ന താപവർദ്ധനവ് ന്യൂനമർദ്ദങ്ങൾ എന്നിവ കേരളത്തിൽ തുടർച്ചയായ മഴയും, ചുഴലിക്കും ഇടയാക്കുന്നു. രണ്ടിൽ കൂടുതൽ ദിവസങ്ങളിൽ ഉണ്ടാകുന്ന തുടർച്ചയായ മഴ കേരളത്തിൽ വെള്ളപ്പൊക്കത്തിന് ഇടയാക്കുകയാണ്. തണ്ണീർ തടങ്ങൾ, കുളങ്ങൾ, നെൽവയലുകൾ, ചതുപ്പുകൾ എന്നിവ ഉപയോഗശൂന്യമായ വസ്തുക്കളെന്ന് കരുതി നികത്തിയതും, രാസവസ്തുക്കൾ, പ്ലാസ്റ്റിക് സാധനങ്ങൾ, ലെഡ്ഡ്, കാഡ്മിയം, നിക്കൽ എന്നീ ഇലക്ട്രോണിക് മാലിന്യങ്ങൾ കൊണ്ട് ഭൂമി കുത്തി നിറച്ചതുമെല്ലാം. ദുരന്തങ്ങൾക്കു കാരണമാണ് വനനശീകരണം. ഇപ്പോഴും നിർബാധം തുടരുകയാണ്. പശ്ചിമഘട്ട നിരകളെ വീണ്ടും കൊള്ളയടിക്കാനുള്ള നീക്കവുമായി ഇടുക്കി വൈദ്യുത പദ്ധതിയുടെ 2-ാം ഘട്ട നിർമ്മാണത്തിലേക്ക് ഇറങ്ങി കഴിഞ്ഞിരിക്കുന്നു. ആഗോളതാപനത്തിന്റെ ദുരന്തങ്ങൾ അതിതീക്ഷ്ണമായി കേരളവും അനുഭവിക്കാൻ തുടങ്ങി കഴിഞ്ഞു.

ഗ്ലാസ്ഗോ ഉച്ചകോടിയുടെ ദിനങ്ങളിൽ ലോകം എത്ര ആകാംക്ഷയോടെയാണ് സമ്മേളനം വീക്ഷിച്ചിരുന്നതെന്നു നോക്കാം.

അതുപോലെ "സീറോനെറ്റ്" എന്ന ലക്ഷ്യം 2070 ആകുമ്പോഴേക്കെങ്കിലും കൈവരിക്കാൻ ലോകത്തിനു കഴിയുമോ? പക്ഷേ മലിനീകരണത്തിന് ഏറ്റവും കൂടുതൽ കാരണക്കാരായ ചൈനയും, റഷ്യയും മനപൂർവ്വമെന്നോണം ഉച്ചകോടിയിൽ നിന്ന് മാറി നിന്നതിന്റെ കാലാവസ്ഥയുടെ രാഷ്ട്രീയം എന്താണ്? നേരത്തെ നടത്തിയ വാഗ്ദാനങ്ങളിൽ നിന്ന് ബോധപൂർവ്വം ഒഴിഞ്ഞ് മാറുന്ന സമ്പന്നരാജ്യങ്ങൾ എന്താണ് ലക്ഷ്യമിടുന്നത് ? ലാഭത്തിനായി

നെട്ടോട്ടമോടുന്ന കോർപ്പറേറ്റുകളെ അലോസരപ്പെടുത്താൻ സമ്പന്ന രാജ്യങ്ങളിലെ ഭരണാധികാരികൾ തയ്യാറല്ലെന്ന് വരുമോ? അതുകൊണ്ടാവുമോ നേരത്തേ നടത്തിയ പ്രഖ്യാപനങ്ങളിൽ നിന്ന് അവർ ഒഴിഞ്ഞു മാറുന്നത്? അങ്ങനെ വരുമ്പോൾ , ഉച്ചകോടികളിൽ മുഴങ്ങികേട്ട പ്രഖ്യാപനങ്ങളും, ഉറപ്പുകളുമെല്ലാം നടത്തിയ ലോകനേതാക്കൾ വെറുതെ അഭിനയിച്ചതാണെന്ന് വരുമോ? യു. എൻ.ഒ യുടെ നിർബന്ധത്തിന് വഴങ്ങി മാമാങ്കംപോലെ നടത്തിവരുന്ന ഉച്ചകോടികൾ, ഇനി നടന്നില്ലെന്ന് വരുമോ?

എന്തായാലും, ഒരു കാര്യം പകൽ പോലെ വ്യക്തമാണ്, ഇപ്പോൾ തന്നെ, അന്തരീക്ഷോമാവ് 1.6 ഡിഗ്രി സെൽഷ്യ

സായി ഉയർന്നിരിക്കുന്നു. ഇത് 2 ഡിഗ്രി സെൽഷ്യസായി ഉയർന്നു കഴിഞ്ഞാൽ, ലോകം സർവ്വനാശത്തിലേക്ക് തന്നെ നീങ്ങുന്നതാണ്. പിന്നെ, യാതൊരു വിധ മനുഷ്യ പ്രയത്നത്തിനും ലോകത്തെ രക്ഷിക്കാനാവില്ല.

ആഗോളതാപനത്തെ തുടർന്ന് കടൽ നിരപ്പ് ഉയർന്ന്, കടൽജലം കരയിലേക്ക് ഇരച്ച് കയറുമ്പോൾ ആദ്യം മുങ്ങിപ്പോകുന്ന രാജ്യമായിരിക്കും. മധ്യപസഫിക്കിലെ മാർഷൽ ഐസ്ലാൻഡ്. കാലാവസ്ഥാ ഉച്ചകോടിയിൽ ഇനിയും കാത്തിരിക്കാൻ സമയമില്ലാത്ത ആ രാജ്യത്തിലെ ഭരണകൂടം തങ്ങളുടെ യാതനകൾ അവതരിപ്പിക്കുകയുായി. ഈ പ്രതിസന്ധിക്ക് കാരണക്കാരായ വികസിത രാജ്യങ്ങളുടെ സാമ്പത്തിക സഹായമാണ് അവരുടെ ആവശ്യം. ഈ സ്ഥിതി ഇനി മറ്റു രാജ്യങ്ങളിലേക്കും വ്യാപിക്കാൻ സമയമേറെ ആവശ്യമില്ല.

സ്വീഡനിലെ പരിസ്ഥിതി പ്രവർത്തക ഗ്രെറ്റ ത്യുൻബേ പറഞ്ഞ വാക്കുകൾ എത്ര ശരി. "നമ്മുടെ വീടിന് തീപിടിച്ചിരിക്കുകയാണ്". അതേ! നമ്മുടെ വീടിന് തീപിടിച്ചു കഴിഞ്ഞു.

ഡേവിഡ് ആറ്റൻ ബറോ പറഞ്ഞതുപോലെ, "സ്വയം നശിക്കാൻ തീരുമാനിച്ച മനുഷ്യ വംശത്തെ രക്ഷിക്കാൻ കഴിയില്ല. അവർ, ഈ ഭൂമിയെയും അതിലെ മറ്റ് ജീവജാലങ്ങളെയും ഇല്ലാതാക്കും". അതേ ! നാം നമ്മുടെ തന്നെ ശവക്കുഴികളാണ് തോണ്ടിക്കൊണ്ടിരിക്കുന്നത്.

***

***

# അറിയിപ്പ് /കരയോഗാംഗങ്ങളുടെ ശ്രദ്ധയ്ക്ക്

**കരയോഗ നിയമാവലി 7(iii) പ്രകാരം എല്ലാ കരയോഗാംഗങ്ങളും ചാരിറ്റി ഫണ്ടിലേക്ക് പ്രതിവർഷം 120 രൂപ നൽകേണ്ടതാണ്. മുൻവർഷങ്ങളിൽ തുക അടക്കാത്തവർ കുടിശ്ശിക സഹിതം അടയ്ക്കേണ്ടതാണ് എന്ന് ഓർമ്മപ്പെടുത്തുന്നു. 2000 രൂപ ഒറ്റത്തവണയായി അടച്ചാൽ പ്രസ്തുത അംഗത്തിന് ആജീവനാന്തം തുക അടയ്ക്കേണ്ടതില്ല എന്ന് അറിയിക്കുന്നു. അതുപോലെ തന്നെ ഏതെങ്കിലും ഇനത്തിൽ കരയോഗത്തിലേക്ക് അടയ്ക്കേണ്ടതായ തുക കുടിശ്ശിക വരുത്തിയിട്ടുണ്ടെങ്കിൽ ആയതുകൂടി നല്കുവാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.**

***ജനറൽ സെക്രട്ടറി***

**എറണാകുളം കരയോഗാംഗത്വമെടുക്കൂ**
**സേവനപ്രവർത്തനങ്ങളിൽ പങ്കാളികളാകൂ**

**എറണാകുളം കരയോഗത്തിൽ അംഗത്വമെടുത്ത് ജീവകാരുണ്യ,സാമൂഹ്യസേവന പ്രവർത്തനങ്ങളിൽ പങ്കാളികളാകുവാൻ എറണാകുളം ജില്ലാതിർത്തിക്കുള്ളിൽ താമസിക്കുന്ന നായർ സമുദായാംഗങ്ങളെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. കൊച്ചി കോർപ്പറേഷൻ പരിധിക്കുള്ളിൽ താമസിക്കുന്ന നായർ സമുദായാംഗങ്ങൾക്ക് ആജീവനാംഗത്വവും ജില്ലാതിർത്തിക്കുള്ളിൽ താമസിക്കുന്ന നായർ സമുദായാംഗങ്ങൾക്ക് അസ്സോസിയേറ്റ് അംഗത്വവും നിബന്ധനകൾക്ക് വിധേയമായി ലഭിക്കുന്നതാണ്.**

**താല്പര്യമുള്ളവർ വിശദവിവരങ്ങൾക്ക് ബന്ധപ്പെടുക.**

**ഫോൺ : 04842361160**




| | | | | |
|---|---|---|---|---|
| 1 | 04-05-2022<br>മുതൽ<br>11 -05-2022<br>വരെ | ബുധൻ<br>മുതൽ<br>ബുധൻ<br>വരെ | ജഗദ്ഗുരു വിചാരയജ്ഞം<br>ശിവാനന്ദലഹരി<br>സൗന്ദര്യലഹരി<br>പരമാചാര്യൻ-ശ്രീ വിദ്യാസാഗർ ഗുരുമൂർത്തി | 10.00a.m. - 12.00pm<br>6.00 pm - 8.00 pm |
| 2. | 09-05-2022 | തിങ്കൾ | വിമൻസ് ഫോറം | 3.30 pm |
| 3. | 15-05-2022<br>മുതൽ<br>21 -05-2022<br>വരെ | ഞായർ<br>മുതൽ<br>ശനി<br>വരെ | ശ്രീമദ്ഭാഗവതം കിളിപ്പാട്ട് പാരായണം | 7.30.a.m. - 3.30 pm |
| 4 | 24-05-2022 | ചൊവ്വ | ബീം - ഉസ്താദ് റഫീക്ക്ഖാൻ ദാർവാഡ് ഖറാനയുടെ സിത്താർ കച്ചേരിയും രത്നശ്രീഅയ്യർ തബലയും | 6.15 pm |
| 5. | 26-05-2022 | വ്യാഴം | കഥകളി - രുഗ്മാംഗദചരിതം | 6.00 pm |
| 6. | 29-05-2022 | ഞായർ | സാംസ്കാരിക വേദി - സംഗീതം | 5.00 pm |
| 8. | 14-05-2022<br>21-05-2022<br>28-05-2022 | ശനി | വേദാന്ത പഠന ക്ലാസ്സ് - ശ്രീമദ് ഭഗവത്ഗീത<br>- ആചാര്യൻ കെ.ആർ. നമ്പ്യാർ | 10.a.m. - 11.30 a.m. |
| 9. | 04-05-2022<br>11-05-2022<br>25-05-2022 | ബുധൻ | ദേവിഭാഗവത ക്ലാസ്സ് - വത്സല.പി.പി | 3.00 p.m - 4.00 p.m. |
| 10 | 05-05-2022<br>12-05-2022<br>19-05-2022<br>26-05-2022 | വ്യാഴം | എറണാകുളം കരയോഗം<br>എൽഡർ സിറ്റിസൺസ് ഫോറം | 4.00 p.m. - 6.00 p.m. |

# തുലാഭാരം

## രാജലക്ഷ്മി - 9

**പ**ല സ്ഥലങ്ങളിലും നോക്കെത്താ ദൂരം ഏക്കറ് കണക്കിന് ഭൂമി സ്വത്ത്, കൃഷിയിടങ്ങൾ, മാന്തോപ്പ്, തെങ്ങിൻ തോപ്പ്, നെൽവയൽ, കരിമ്പിൻ തോട്ടം എന്നിവയുടെ ജന്മാവകാശമുള്ള ഈ ദമ്പതികൾക്ക് വിവാഹം കഴിഞ്ഞ് രണ്ടു പതിറ്റാണ്ടിലേറെകാലം കടന്നുപോയിട്ടും ഒരു കുഞ്ഞിക്കാല് കാണാൻ യോഗമുണ്ടായില്ല. കുഞ്ഞിന് വേണ്ടി മോഹിച്ച് ഇവർ സന്ദർശിക്കാത്ത ക്ഷേത്രങ്ങളോ കാണിക്ക ഇടാത്ത ഭണ്ഡാരങ്ങളോ ഇല്ല. ഒരു ഫലവുമുണ്ടായില്ല. എന്നാൽ രത്നാകരന്റെ പത്നി കനകമണിക്ക് ദൈവത്തിലുള്ള, ഈശ്വരനിലുള്ള വിശ്വാസം തീർത്തും നഷ്ടപ്പെട്ടിരുന്നില്ല.

അവർ രണ്ടു പേരും കൂടി ഗുരുവായൂരമ്പലത്തിൽ ഒരു മാസം വൈശാഖം ഭജിച്ച് മനസ്സ് നൊന്ത് പ്രാർത്ഥിച്ച് ഭഗവൽ സേവ ചെയ്താൽ ഈ ദമ്പതികളുടെ ചിരകാലസ്വപ്നം സാക്ഷാൽക്കരിക്കുമെന്ന് അഷ്ടമംഗല്യപ്രശ്നത്തിൽ കണ്ടെത്തി. ഭർത്താവായ രത്നാകരന് അതിൽ ഒട്ടും വിശ്വാസം ഉണ്ടായില്ല. എന്നാലും കനകത്തിന്റെ നിർബന്ധത്തിന് വഴങ്ങി അവർ ഗുരുവായൂരിലേക്ക് യാത്ര തിരിച്ച് ഭജനം തുടങ്ങി. ഒരാഴ്ച കഴിഞ്ഞപ്പോഴേക്കും ഭർത്താവിന് ഭക്തി വർദ്ധിച്ചു. ബ്രാഹ്മമുഹൂർത്തത്തിൽ തന്നെ കുളിച്ച് ഒരുങ്ങി ഗുരുവായൂരപ്പന്റെ ശ്രീകോവിലിന്റെ നട തുറക്കുന്നതോടൊപ്പം തന്നെ ഇവർ നിർമ്മാല്യം തൊഴാനെത്തും. നിർമ്മാല്യ ദർശനം മുതൽ രാത്രി അത്താഴ പൂജ കഴിഞ്ഞ് തൃപ്പുകയോടെ നട അടച്ചതിന് ശേഷമേ ഈ ദമ്പതികൾ താമസ സ്ഥലത്തേക്ക് മടങ്ങുമായിരുന്നുള്ളൂ. ഗുരുവായൂരപ്പന് നിവേദിച്ച പദാർത്ഥങ്ങൾ മാത്രം ഭുജിച്ചുകൊണ്ടാണ് അവർ ഭജിച്ചിരുന്നത്. അതും സാധുക്കൾക്ക് നൽകിയതിന് ശേഷമെ ഇവർ കഴിക്കൂ. വ്രതാനുഷ്ഠാനങ്ങളിൽ യാതൊരു പിഴവും വരുത്തരുതെന്ന് അഷ്ടമംഗല്യപ്രശ്നത്തിൽ പ്രത്യേകം പറഞ്ഞിരുന്നതിനാൽ വളരെ കൃത്യനിഷ്ഠയോടെ അവർ ആചരിച്ചു പോന്നു. അങ്ങിനെ ഒരു മാസം പരിപൂർണ്ണ സംതൃപ്തിയോടെ ഭജനം പൂർത്തിയാക്കി ആ ദമ്പതികൾ ആത്മാനുഭൂതിയോടെ മടക്കയാത്ര ആരംഭിച്ചു. വീട്ടിലെത്തിക്കഴിഞ്ഞൊരു ദിവസം സന്തതിസൗഭാഗ്യം ലഭിക്കുമെന്ന സ്വപ്നദർശനമുണ്ടായി. ഡോക്ടർമാർ രണ്ടു പേരേയും പരിശോധിച്ചിട്ടും ശാരീരികമായി ഇരുവർക്കും യാതൊരു കുഴപ്പവുമില്ല.

ഞാനെന്തുവേണം ഗുരുവായൂരപ്പാ എനിക്ക് നേർവഴി കാട്ടിത്തന്നാലും. രത്നാകരൻ ഉള്ളുരുകി പ്രാർത്ഥിച്ചു. ഭഗവാൻ അവരുടെ അന്തകരണത്തിൽ കടന്ന് കൂടി ഇങ്ങിനെ തോന്നിച്ചു. എത്രയോ ജനങ്ങൾ ഒരു നേരത്തെ ആഹാരം ലഭിക്കാതെ കഴിഞ്ഞു കൂടുന്ന ഇതേ ഗ്രാമത്തിലല്ലെ ഞാനും ജീവിക്കുന്നത്.

അവരെയെല്ലാം യഥാർത്ഥത്തിൽ ആരാണ് പോറ്റുന്നത് അവരിൽ ചിലർക്കെങ്കിലും സംരക്ഷണം കൊടുത്തുകൂടെ കാലാകാലങ്ങളായി തലമുറതലമുറകളായി സമ്പാദിച്ചു കൂട്ടിയ ലക്ഷോപലക്ഷം രൂപയുടെ സമ്പത്തുകൾ നിങ്ങൾ എന്താവശ്യത്തിനായിട്ടാണ് സ്വരൂപിച്ചുകൂട്ടി വെച്ചിരിക്കുന്നത്. എപ്പോഴെങ്കിലും ഒന്നു ചിന്തിച്ച് നോക്കൂ. ആരോ വന്ന് തന്റെ കാതിൽ മന്ത്രിക്കുന്ന പോലെ അദ്ദേഹത്തിന് തോന്നി. ദാനധർമ്മങ്ങൾക്ക് ഊന്നൽകൊടുത്ത് പാവങ്ങളിൽ അലിവുള്ളവനാവുക. എന്നിൽ വിശ്വാസമർപ്പിച്ച് നിങ്ങൾ രണ്ടുപേരും ഞാനുമായി താദാത്മ്യം പ്രാപിക്കുക. ഉറക്കത്തിൽ നിന്നും ഉണർന്ന് കണ്ണു തിരുമ്മി ഗുരുവായൂരപ്പന്റെ പൂ ജാവിഗ്രഹത്തിന് മുമ്പിൽ സാഷ്ടാംഗം പ്രണമിച്ചു. തന്റെ ഭർത്താവിന് ഗുരുവായൂരപ്പനോടുള്ള ഭക്തിയുടെ മനപരിവർത്തനത്തിൽ കനകം അതീവ സന്തുഷ്ടയായി.

തന്റെ സർവ്വവിധ പ്രൗഢികളും മറന്ന് സാധാരണക്കാരിൽ സാധാരണക്കാരനായിട്ടാണ് ഭഗവാന്റെ മുന്നിൽ തൊഴുകയ്യുമായി ദർശനത്തിന് നിന്നത്. 'ഉണ്ണി കൃഷ്ണൻ മനസ്സിൽ കളിക്കുമ്പോൾ ഉണ്ണികൾ മറ്റു വേണമോ മക്കളായ്' എന്ന പൂന്താനത്തിന്റെ ആശയം ഒരു പക്ഷെ ഇവരെയും ഭഗവാൻ സ്വാധീനിപ്പിച്ചിട്ടുണ്ടാവാം. ഓരോ പൂജാസമയത്തും ഓരോരോരൊ വേഷ വിധാനങ്ങൾ. പുലർച്ചെ ഉഷ പൂജക്ക് ശേഷം കാണുന്ന പൊന്നുണ്ണി വെണ്ണക്കണ്ണൻ, കാൽ പിണച്ച് നിൽക്കുന്ന ബാലഗോപാലൻ, ഊഞ്ഞാലിൽ ആടുന്ന രാധാകൃഷ്ണൻ ഓടക്കുഴലിൽ മുരളീഗാനം ആലപിക്കുന്ന പട്ടുകോണകമുടുത്ത് നിൽക്കുന്ന ഗോകുലബാലൻ, ദശാവതാരങ്ങൾ അങ്ങനെ അങ്ങനെ വർണ്ണിക്കാനാവാത്ത ഭഗവാന്റെ സുന്ദരരൂപങ്ങൾ കളഭച്ചാർത്തിൽ മുങ്ങി നിൽക്കുന്ന ആ ദിവ്യകൈശോര രൂപം മനസ്സിൽ തെളിയുമ്പോൾ ഇവരുടെയും മിഴികൾ സന്തോഷാശ്രുക്കളാൽ ഹർഷപുളകിതമാകും. ആ ഉണ്ണിക്കണ്ണൻ തങ്ങളുടെയും ഗൃഹത്തിൽ കൊച്ചുകുഞ്ഞായി പിറവിയെടുക്കുമെന്ന് അവരുടെ മനസ്സ് പറഞ്ഞു. ഗുരുവായൂരപ്പന്റെ സന്നിധിയിൽ ദിവസേന നൂറ് കണക്കിന് കുഞ്ഞുങ്ങളെ മടിയിൽ കിടത്തി ചുണ്ടിൽ ഗുരുവായൂരപ്പന്റെ നിവേദ്യച്ചോറ് ഉപ്പും പായസവും തൊട്ട് കൊടുക്കുന്നത് കാണുമ്പോൾ കനകത്തിന്റെ മാതൃഹൃദയം ഒരു ഉണ്ണിക്കുവേണ്ടി തുടികൊള്ളും, പ്രസവിക്കാത്ത ആ അമ്മ തനിക്കും ഒരു ഓമനകുഞ്ഞ് ഉണ്ടായിരുന്നെങ്കിൽ എന്ന് ആശിച്ച് മതിവരാതെ ആ ദൃശ്യം നോക്കി നിൽക്കും, നെടുവീർപ്പിടും എന്തേ ഭഗവാൻ തങ്ങളിൽ കനിയാത്തതെന്ന് ചിന്തിച്ച് പോകും. എല്ലാം ഭഗവാൻ നൽകിയിട്ടും ഒരു കുറവ്. ഭഗവാൻ ഈ ലോകത്ത് നടമാടുന്ന ലീലകളെല്ലാം കണ്ട് പുഞ്ചിരിതൂകി നിൽക്കുന്നു. എല്ലാം ഭഗവൽ പ്രസാദമായി കണ്ട് അവർ ഗുരുവായൂരപ്പന്റെ അനുഗ്രഹത്തിന്നായി ആ പാദാരവിന്ദങ്ങൾ മുറുകെ പിടിച്ച് ശരണം പ്രാപിച്ച് ആ സന്നിധിയിൽ എല്ലാം സമർപ്പിച്ചു. ഓരോരുത്തർക്കും അവനവൻ അർഹിക്കുന്ന രക്ഷയും ശിക്ഷയും ഗുരുവായൂരപ്പൻ നൽകുന്നവനാണെന്ന് അവർക്ക് മനസ്സിലായി. തിന്മയെ തിന്മകൊണ്ട് നേരിട്ടാൽ തിരിച്ചടി കിട്ടാതിരിയ്ക്കില്ല.

രത്നാകരൻ ഒരു പ്രസിദ്ധനായ അഭിഭാഷകനാണ്. സാധുക്കളായ മനുഷ്യർ

കേസുകളിൽ കുടുങ്ങുമ്പോൾ യാതൊരു പ്രതിഫലവും വാങ്ങാതെ അവരുടെ രക്ഷകനായി അദ്ദേഹം ഓടി എത്തും. അദ്ദേഹം ഹാജരാകുന്ന ഏത് കേസ്സും വാഗ്ധോരണികൊണ്ട് വിജയത്തിലെ കലാശിച്ചിട്ടുള്ളൂ. അദ്ദേഹം എല്ലാവർക്കും സമാദരണീയനായിരുന്നു. അദ്ദേഹത്തിന് തലമുറകളായി പൂർവ്വാജ്ജിതസമ്പത്ത് ഉള്ളതിന്റെ ഒരു ഗർവ്വും ഉണ്ടായിരുന്നില്ല.

തന്റെ സ്വത്തുക്കളിൽ ഏറിയ പങ്കും ആലംബഹീനരായവർക്കുവേണ്ടി നൽകിയിരുന്നു. ആസ്വത്തിനെല്ലാം ഏക അവകാശി തന്റെ ഭാര്യ കനകം മാത്രം. കനകമോ പണം കുമിഞ്ഞു കൂടിയ ജന്മിയുടെ ഏക മകൾ. ഇരുവരും ആ ഗ്രാമത്തിൽ പാർക്കുന്ന പാവങ്ങൾക്കെല്ലാം കൃഷി ചെയ്യാൻ ഭൂമി നൽകിയിരുന്നു. എന്നാൽ ക്രയവിക്രയം ചെയ്യുന്നതിന് മുമ്പ് അതിൽ തിരിമറി നടത്താതിരിക്കാനായി രത്നാകരനെ അറിയിക്കണമെന്ന് മാത്രം വ്യവസ്ഥ വച്ചിരുന്നു. അങ്ങിനെ അദ്ദേഹം ഏഴൈതോഴനായിട്ടാണ് ജീവിച്ചിരുന്നത്. ദൈവം വിചാരിച്ചാൽ ഒരു നിമിഷം മതി സർവ്വസൗഭാഗ്യങ്ങളും നൽകാൻ എന്ന് അവർ ഉറച്ച് വിശ്വസിച്ചു. ഉടയവരും ഉറ്റവരും തുണയില്ലാതെ എത്രയോ പേർ. ഭഗവൽ സന്നിധിയിൽ അഭയം പ്രാപിക്കുന്നു. ഗുരുവായൂരപ്പൻ സർവ്വർക്കും രക്ഷകനായി കാരുണ്യകടാക്ഷം ചൊരിഞ്ഞ് ശ്രീലകത്ത് നിറഞ്ഞ് വിരാജിക്കുന്നു. അദ്ദേഹം തങ്ങളെയും കടാക്ഷിക്കുമെന്ന് അവർ ഉറച്ച് വിശ്വസിച്ചു. സ്വപ്നം ചിലർക്ക് ചിലകാലമൊത്തിടും എന്ന ആപ്തവാക്യം അന്വർത്ഥമാക്കി നാൽപ്പത്തിനാലാമത്തെ വയസ്സിൽ ആ ദമ്പതികൾക്ക് ഒരു പെൺകുഞ്ഞ് പിറന്നു. ഗുരുവായൂരപ്പൻ നൽകിയ അരുമ സന്തതിയിൽ മാത്രം മതി മറന്ന് അവർ ക്രമേണ മറ്റൊന്നിലും ശ്രദ്ധയില്ലാത്തവരായി. ഗുരുവായൂരപ്പന്റെ സന്നിധിയിൽ വച്ച് ചോറുകൊടുക്കാമെന്നാണ് പ്രാർത്ഥിച്ചിരുന്നത്. അതിനിടയിൽ തങ്ങളുടെ പൊന്നോമനക്ക് കടുത്ത ജ്വരം ബാധിച്ചു. കുഞ്ഞ് ബോധരഹിതയായി. കനകം ഉള്ളഴിഞ്ഞ് ഗുരുവായൂരപ്പനെ പ്രാർത്ഥിച്ചുകൊണ്ട് പറഞ്ഞു. ഈ പൊന്നോമന രക്ഷപ്പെട്ടാൽ ആദ്യമായി ചെയ്യുക. ഇവളെയും കൊണ്ട് ഭഗവാന് നൂറിന്റെ നോട്ട് കൊണ്ട് തുലാഭാരം ചെയ്യലായിരിക്കും. ഗുരുവായൂരപ്പന്റെ ഇംഗിതമനുസരിച്ച് ഉൽക്കണ്ഠാകുലമായ മണിക്കൂറുകൾക്ക് ശേഷം ഡോക്ടർ വന്ന് പറഞ്ഞു. കൈവിട്ടു പോയ മകൾ അത്ഭുതകരമായി മകൾ രക്ഷപ്പെട്ടു. മകളുടെ പൂർണ്ണാരോഗ്യം കിട്ടിയ പാടെ രത്നാകരനും കനകമണിയും ഗുരുവായൂരിൽ വന്ന് തന്റെ കുഞ്ഞിന് ചോറു കൊടുത്തു. നൂറിന്റെ നോട്ടു കെട്ടുകൾകൊണ്ട് തുലാഭാരം നടത്തി. ആ തുലാഭാരം കാണുവാനായി ഒട്ടനവധി ആരാധകർ തടിച്ചുകൂടി. ഇത്രയും വലിയ വഴിപാട് അടുത്തകാലത്തൊന്നും ഭക്തർ ദർശിച്ചിട്ടില്ല. ഗുരുവായൂരപ്പനോടുള്ള കടപ്പാട് ആ ദമ്പതികൾ വീട്ടി. ബാലചികിത്സക്കു വേണ്ടിയുള്ള വലിയൊരു ധർമ്മാശുപത്രി പണിയാനുള്ള ധനസഹായവും നൽകിയാണ് അവർ മടങ്ങിയത്. ധാർമ്മിക ആവശ്യത്തിനുള്ള പണം ഗുരുവായൂരപ്പൻ നൽകാമെന്ന ഉറച്ചവിശ്വാസത്തോടെ ആ ദമ്പതികൾ തന്റെ പൊന്നോമനയുമായി ഗുരുവായൂരപ്പസ്മരണയിൽ കാലം കഴിച്ചുകൂട്ടി. നമുക്കും ഗുരുവായൂരപ്പന്റെ തൃപ്പാദങ്ങളിൽ ശരണം പ്രാപിക്കാം.

***

# ഉള്ളൂരിന്റേത് ശക്തിയുടെ കവിത –

ഡോ. ശാന്തകുമാരി –

**വൈ**ചാരികതയും പാണ്ഡിത്യവും ഉള്ളൂരിന്റെ ശക്തിയാണ്. അതേ സമയം ഉൽകൃഷ്ടം, മഹത്തരം, ഉദാത്തം എന്നീ കാര്യങ്ങളെല്ലാം ഉള്ളൂർ കവിതയുടെ പ്രത്യേകതകളുമാണ്. വൈകാരികതയ്ക്ക് ഇതിനുശേഷമേ കവിസ്ഥാനം കണ്ടിട്ടുള്ളു. വായനക്കാരിൽ ഹൃദയോന്നതി ഉണ്ടാക്കുകയായിരുന്നു കവി. ഇതിനെല്ലാമുപരി ഉള്ളൂർകവിതയിൽ സ്ഥാനം പിടിച്ചിരുന്ന ഒന്നായിരുന്നു ദേശാഭിമാനം. പ്രപഞ്ചത്തിലെ ഏതു കാര്യത്തെക്കുറിച്ചു പറയുമ്പോഴും ഈ കാര്യം കവിതയിൽ ഒളിഞ്ഞും തെളിഞ്ഞും കാണാനാകുന്നു. കവിയുടെ ദേശഭക്തി തന്നെയാവാം ഇതിനുകാരണം. കവിതകളിലുടനീളമുള്ള ഈ വസ്തുതയെയാണ് ഇവിടെ അന്വേഷിച്ചുപോകുന്നത്.

അന്യസംസ്ക്കാരങ്ങളെയെല്ലാം ആദരിക്കുന്ന കവി ഇന്ത്യയുടെ ആദ്ധ്യാത്മികതയിൽ ഏറെ അഭിമാനിക്കുന്നു.

എൻതായേവെന്നാലുമൃഗ്വേദക്ഷേത്രമേ
ചിന്താതിവർത്തിതാൻ നിൻ മാഹാത്മ്യം
ഓരോരോപൂഴിയുമമ്മയിൽ മിന്നുന്ന
തോരോരോയോഗീന്ദ്രവിഗ്രഹമാണു
(പിംഗള)

ഭാരതത്തിന്റെ രാഷ്ട്രീയപാരമ്പര്യം മറ്റാരെക്കാളും ശ്രേഷ്ഠമാണ്. അതിനാൽത്തന്നെ ഭാരതീയർ അതിന്റെ പൂർവ്വചരിത്രത്തിൽ അഭിമാനിയ്ക്കേണ്ടവരാണ്. നമുക്കു മുന്നേ കടന്നു പോയവർ നല്കിപ്പോയ ഏറ്റവും വലിയ സമ്പത്തും ഇതാണെന്ന് ഉള്ളൂർ വിശ്വസിച്ചു. കവിപാടി.

അവർ ഞങ്ങൾക്കരുളിയപൈ
തൃകസ്വത്തൊന്നുമാത്രം
അളവറ്റുപൊന്തിടുന്ന ദേശാഭിമാനം
അതു ഞങ്ങൾ നിലവിളക്കെന്ന പോ
ലെ സംരക്ഷിക്കും
അതു ഞങ്ങൾക്കനുദിനം നേർവഴി
കാട്ടും (തൃപ്പാദങ്ങളിൽ)

ഈ സാംസ്ക്കാരിക പാരമ്പര്യത്തെ ആദരിക്കാത്തവരെ ഒരു കവിതയിൽകൂടി ഉള്ളൂർ കളിയാക്കുന്നുമുണ്ട്. (ഗ്രാമവും നഗരവും)

നമ്മളിൽ വിശുദ്ധസംസ്കാരം നിറച്ച പൂർവ്വികരുടെ മഹത്തായ കാര്യങ്ങളെ സ്തുതിക്കാൻ കവിക്ക് പ്രത്യേക കഴിവാണ്.

'ദത്താപഹാര'ത്തിൽ
"അമ്മയെനിക്കുണ്ട്
പൈതൃകവാത്സല്യ
മർമ്മമറിഞ്ഞ മനസ്വിനിയാൾ" –

ഈ മനസ്വിനി ഭാരതാംബതന്നെ. ഹരിദത്തൻെറ ആത്മഹത്യയിലൂടെ പാരമ്പര്യത്തിന്റെ മാറ്റു കൂട്ടുന്നു. ഇതുപോലെ ഭാരതത്തിന്റെ മഹാപുരുഷന്മാരെല്ലാം ഉള്ളൂരിന്റെ മാനസപുത്രന്മാർ ആണ്. ഗുരുഗോവിന്ദസിംഗ്, ശ്രീശങ്കരൻ, രാമാനുജൻ, കബീർ, ശ്രീബുദ്ധൻ.

അതുപോലെ ഭാരതത്തിന്റെ ചരിത്രപ്രമേയങ്ങൾ ഏറ്റവും കൂടുതൽ ഉപയോഗിച്ച കവിയാണ് ഉള്ളൂർ. (വിശ്വവിജയം, ശിവഗീത, ഉമാകേരളം) ഉള്ളൂരിന്റെ ഒരു പ്രത്യേകത കൂടി ഈ സന്ദർഭത്തിൽ ഓർക്കാതിരിക്കാനാവില്ല. ഭൂതകാലമഹത്വമോർക്കുന്ന കവി വർത്തമാനകാലത്തെ അറിഞ്ഞു പാടുമ്പോൾ പൂർണ്ണ സംതൃപ്തനല്ല.

ഭൂതകാലമഹാമേരു
പുണ്യശൃംഗത്തിൽ നിന്നു നാം
പതിച്ചു പോയ് വർത്തമാന
പാഴ്ക്കുണ്ടിൽ ഭാരതീയരേ (അന്നും-ഇന്നും) എന്ന് വേദനിക്കുന്നു. ഈ വീഴ്ചക്കു കാരണം ഭാരതീയരുടെ കുറ്റം തന്നെ സ്വയം സമ്മതിക്കുകയും ചെയ്യുന്നു. നമ്മുടെ സാംസ്ക്കാരിക പാരമ്പര്യം ശ്രേഷ്ഠമാണ്. അതിനാൽ താല്കാലിക വിഷമങ്ങളിൽ നിന്നെല്ലാം ഭാരതീയരെ ഉദ്ധരിക്കാൻ കവി പലപ്പോഴും കവിതകളിലൂടെ ശ്രമിക്കുന്നു. ഓരോ താഴ്ചയും ഉയർച്ചയിലേക്കുള്ള പടവായി കാണുന്നു. ദേശസ്നേഹികൂടിയാണ് ഉള്ളൂർ. "പാരതന്ത്ര്യം നിനക്കു വിധി കല്പിതമാണ് തായേ" എന്ന് ഒരിക്കലും ഉള്ളൂർ നിരാശനായിട്ടില്ല. സ്വന്തം കുറ്റങ്ങൾ മനസ്സിലാക്കാനുള്ള ആഹ്വാനമാണ് ഉള്ളൂർ കവിത.

ജനങ്ങൾജാഗരൂകരായിരിക്കണം എന്ന് കവി എപ്പോഴും ആശിച്ചു. അതിനൊ പ്പം ഒരു കാര്യം കൂടി ഉള്ളൂർ ഊന്നിപ്പറഞ്ഞു.

"മുഗ്ദ്ധനാം കിരീടിയിടൊന്നോതി ഗീതാചാര്യൻ
ഉദ്ധരിച്ചാലുംഭവാനാത്മാവാലത്മാവിനെ"
ഇക്കാര്യം എന്നാണോ ഭാരതീയൻ സ്വന്തമാക്കുന്നത് അന്ന് സ്വാതന്ത്ര്യത്തിന് വഴി തുറക്കുമെന്നും ഉള്ളൂർ കവിത വിശ്വസിക്കുന്നു. പ്രഭാതഗാഥയിലാകട്ടെ ഐക്യത്തിന്റെ മഹത്വത്തെ കവി വാഴ്ത്തുകയാണ് ചെയ്യുന്നത്. ഭാരതീയന്റെ പ്രധാനശത്രു ആലസ്യമാണ്. ഇത് ലക്ഷ്യത്തിലേക്കുള്ള തടസ്സമാണെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. ഒരു ശത്രുവിന്റെ ശക്തിയും ശാശ്വതമല്ല. സൂര്യന്റെ ഉദയവും അസ്തമയവും കവി ഉദാഹരിക്കുന്നു. വിദേശികൾക്കൊന്നും ഭാരതത്തെ പരാജയപ്പെടുത്താനാവില്ലെന്ന ഉറച്ച വിശ്വാസം കവിയ്ക്കുണ്ട്. എപ്പോഴും എവിടെയായാലും വൈകിയാണെങ്കിലും വിജയം ധർമ്മപക്ഷത്തായിരിക്കും എന്ന പാരമ്പര്യത്തിൽ ഉള്ളൂർ കവിത ശക്തി നേടുന്നു.

ഒരിക്കലേ വേണ്ടുമരിക്കൽ; ഏവർക്കും
ശരി, കൃതമായിരിക്കിൽ നന്നല്ലേ?
എന്ന ഇന്നത്തെ കർത്തവ്യം എന്ന കവിത സ്വരാജ്യസ്നേഹത്തിന് നിദർശനം തന്നെ. പാശ്ചാത്യർ നാടു വാഴുമ്പോൾ നാടുവാഴി ഭരണകാലത്തെ ഉദ്യോഗസ്ഥനായിരുന്നല്ലോ ഉള്ളൂർ. ഗാന്ധിജി, ബോസ് ഇവരെക്കുറിച്ചു പാടാൻ കാലഘട്ടം കവിയെ സജ്ജമാക്കി. കവികൾ കാലത്തിന്റെയും സൃഷ്ടികളാണല്ലോ. ഒന്നിനും കവി പേടിച്ചിരുന്നില്ല. ആ ചുടലക്കളം, ജയഭേരി, വിജയപ്രാർത്ഥന എന്നീ കവിതകളിൽ ഗാന്ധിജിയെ കവി പ്രണമിക്കുന്നു. കേരളത്തെ ഉള്ളൂർ അളവറ്റു സ്നേഹിച്ചിരുന്നു.

അടിയനിനിയുമുണ്ടാം ജന്മമെന്നാലതെല്ലാം
അടി മുതൽ മുടിയോളം നിന്നിലാക്കട്ടതായേ
അടിമലരിണവേണം താണ്ടുവാൻ മറ്റൊരേടത്തടിയുവതുഞ്ഞെരുക്കം മുക്തിസിദ്ധിക്കുവോളം

ഈ പ്രാർത്ഥന ഉള്ളൂരിനേ പറ്റൂ.
അമ്മതൻവാക്കുതാനാമ്നായസർവ്വസ്വം
അമ്മയിൽ ഭക്തിതാൻ മുക്തിമാർഗ്ഗം
ഞങ്ങളുടെ ശരീരം നീ
ഞങ്ങളുടെ മനസ്സു നീ
ഞങ്ങളുടെ ചൈതന്യം നീ
സർവ്വസ്വവും നീ (കേരള ഗാനം)

കേരളത്തോടുള്ള ആദരവും ഭക്തിയുമെല്ലാം ഈ കവിതകളിൽ തുളുമ്പി നില്ക്കുന്നു.

പൗരാണികേതിവൃത്തം കാവ്യവിഷയമായി ഒരു കാലം. അപ്പോഴും ഉള്ളൂർ കേരള ചരിത്രം മറന്നില്ല. ചരിത്രസംബന്ധമായ കഥകൾ കവി കൈകാര്യം ചെയ്തു. അത്രമാത്രം കേരളത്തെ കവി സ്നേഹിച്ചിരുന്നു. സ്വദേശത്തെ മാത്രം സ്മരിച്ച് രാജ്യത്തെ സേവിച്ച കവി.

കരങ്ങളേവരും പരസ്പരം
കോർത്തും
ഒരേ തരം ജയാരവം മുഴക്കിയും
എതിരിട്ടും വിഘ്നശതങ്ങളെ ദൂരെ
പ്പതിരിൽ മട്ടൂതിപറപ്പിച്ചും (മലകേറൽ)

ഈ വരികൾ പണിയെടുക്കുന്നതിന്റെ മാഹാത്മ്യത്തിലേക്ക് വിരൽ ചൂണ്ടുന്നു. ഏതു പ്രതിസന്ധിയേയും തരണം ചെയ്യാൻ ഭാരതിയർക്ക് കഴിയണം എന്ന് ഉള്ളൂർ ആശിച്ചു. അതിനായി കവിതകളിലൂടെ പ്രചോദനം നല്കി. അതുകൊണ്ട് മടിയന്മാരെ കവി ശകാരിച്ചു. കവി വാക്യം നോക്കുക.

പാഴരണ്യത്തിൽ പതിക്കട്ടേ, പാദങ്ങൾ
പാഷാണംകൊണ്ടു മുറിഞ്ഞിടട്ടെ
കുന്നും കുഴിയും നിറയട്ടെ, മധ്യത്തിൽ
വന്യമൃഗങ്ങളലറിടട്ടെ
അന്തക്കരണം തിരിച്ചു വിടും വഴി
അന്തരമെന്നിയേ നാം തുടർന്നാൽ
എന്തും ചെന്നെത്തേണ്ട ദിക്കിൽ.........

നിശ്ചയദാർഢ്യവും ധീരതയും ലക്ഷ്യത്തിലേക്കുള്ള വഴി വിളക്കുകളായി കവി കാണുന്നു.

'ചൈത്ര പ്രഭാവ'ത്തിലാകട്ടെ ഭാരതീയർ നമ്മുടെ പാരമ്പര്യത്തെ മുൻനിർത്തി ധർമ്മം ചെയ്യാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു. ഉള്ളൂരിന്റെ ഏതു കവിത പരിശോധിച്ചാലും ഒളിഞ്ഞും തെളിഞ്ഞും ദേശസ്നേഹത്തിന്റെ ശക്തി വായനക്കാരന് കാണാനാകും. ഇതോടൊപ്പം അനാചാരങ്ങളെയും ഉള്ളൂർ നിരസിക്കുന്നു.

ഹിന്ദുമതം സനാതനം വിശ്വമോഹനം എന്ന ആദ്ധ്യാത്മിക സമ്പത്തിലാണ് ഉള്ളൂർ പദമൂന്നുന്നത്. ഉള്ളൂരിന്റെ ഇഷ്ട ഗ്രന്ഥം തന്നെ മഹാഭാരതമായിരുന്നു. ഈ മഹാകൃതിയിലെ സന്ദേശങ്ങൾ അനശ്വരമാണെന്നും ഉള്ളൂർ കവിത ആവർത്തിക്കുന്നു.

ഭാരതാംബ പ്രത്യക്ഷ ദേവതയായുള്ളപ്പോൾ മറ്റു ദൈവങ്ങളെന്തിനെന്നാണ് കവിയുടെ ചോദ്യം.

"വരദാ നോല്ക്കയായങ്ങു
വാഴ്കെ പ്രത്യക്ഷദേവതേ
മക്കൾക്കെന്തിന്നു ദൃശ്യങ്ങൾ
മറ്റു ദൈവങ്ങൾ കൈതൊഴാൻ"

ഋഷിയല്ലാത്തവൻ കവിയല്ലല്ലോ. ഭാരതത്തിന്റെ ആർഷപാരമ്പര്യത്തിൽ മുറുകെപ്പിടിച്ച യോഗി. അതേസമയം സമൂഹ ജീവിതത്തിൽ കൊള്ളേണ്ടത് കൊണ്ടും തള്ളേണ്ടതു തള്ളിയും നിന്ന വിപ്ലവകാരി, കറപുരളാത്ത രാജ്യസ്നേഹി ഇതെല്ലാമാണ്. ഉള്ളൂർ എങ്കിൽ ഈ ഗുണങ്ങളുടെയെല്ലാം പ്രതീകം തന്നെയാണ് ഉള്ളൂർ കവിതയും.

***

# യോഗ ചതുഷ്ടയം

**എം.ആർ.എസ്. മേനോൻ - 9037126220**

## ഭാഗം - 2 കർമ്മയോഗം

**ക**ഴിഞ്ഞ തവണ നാം ഭക്തിയോഗത്തെപ്പറ്റി പറഞ്ഞു. ചെയ്യുക എന്നർത്ഥമുള്ള കൃ ധാതുവിൽ നിന്നാണ് കർമ്മം എന്ന വാക്ക് ഉണ്ടായത്. ഒരു വ്യക്തിക്കും ഒരു നിമിഷം പോലും കർമ്മം ചെയ്യാതെ ജീവിക്കാൻ സാധ്യമല്ല. എന്നാൽ ഒരു വ്യക്തി സാധാരണ ചെയ്യുന്ന കർമ്മങ്ങളുടെ ലക്ഷ്യം സ്വാർത്ഥ സുഖങ്ങളായിരിക്കും. സ്വാർത്ഥ ലക്ഷ്യങ്ങളോടെ ചെയ്യുന്ന കർമ്മങ്ങൾ വാസനകൾസൃഷ്ടിക്കും. ജ്ഞാനമാണ് ജീവിതത്തിന്റെ പരമലക്ഷ്യം. വാസനാക്ഷയത്തിൽ നിന്നേ ജ്ഞാനം തേടാൻ കഴിയൂ. നാം ചെയ്യുന്ന കർമ്മങ്ങൾ വാസനകളെ വർദ്ധിപ്പിക്കുന്നു. വാസനകൾക്കനുസരിച്ച് വീണ്ടും കർമ്മം ചെയ്യുന്നു. സ്വാർത്ഥതയില്ലാതെ, ഫലേഛയില്ലാതെ കർമ്മം ചെയ്താൽ ആ കർമ്മം മൂലം നിലവിലുള്ള വാസനകൾ ക്ഷയിക്കുന്നു. പുതിയ വാസനകൾ സൃഷ്ടിക്കപ്പെടുന്നില്ല.

കർമ്മാചരണത്തിലൂടെ വാസനകൾ ഇല്ലാതായി, ചിത്തശുദ്ധി കൈവരിച്ച് നമുക്ക് ജ്ഞാനത്തിന് അധികാരിയായിത്തീരാം. കീർത്തിയോ, സ്വർഗ്ഗ പ്രാപ്തിയോ, പദവികളോ, ധനമോ ആഗ്രഹിക്കാതെ ചെയ്യുന്ന കർമ്മമാണ് ശ്രേഷ്ഠം. ഇങ്ങിനെയാണ് നാം കർമ്മത്തെ കർമ്മയോഗമാക്കി മാറ്റുന്നത്. കർമ്മേന്ദ്രിയങ്ങളെ അടക്കിപ്പിടിച്ച് മനസ്സ് കൊണ്ട് ഇന്ദ്രിയവിഷയങ്ങളെ ചിന്തിച്ചിരിക്കുന്നവരെ ഭഗവത് ഗീത മിഥ്യാചാരൻ എന്നാണ് പറയുന്നത്. അതിനാൽ മനസ്സ് കൊണ്ട് ഇന്ദ്രിയങ്ങളെ നിയന്ത്രിച്ചിട്ട് വേണം കർമ്മയോഗം അനുഷ്ഠിക്കാൻ.

വൈദിക കർമ്മങ്ങൾ നാലുവിധമുണ്ട്. 1. നിത്യം:- നിത്യവും അനുഷ്ഠിക്കേണ്ടവ. 2. നൈമിത്തികം:- ചില സന്ദർഭങ്ങളിൽ അനുഷ്ഠിക്കേണ്ടവ. 3. കാമ്യം:- ദേവപ്രീതിക്കായി നടത്തേണ്ടവ. 4. നിഷിദ്ധം:- അവിശുദ്ധമെന്ന് വിലക്കപ്പെട്ടവ. എന്നാൽ സങ്കുചിതമായ അർത്ഥത്തിൽ നിന്ന് വിട്ട് യജ്ഞ പദത്തിന് കുറെക്കൂടി വിശാലമായി ലോക സംഗ്രഹത്തിന് വേണ്ടി നിസ്വാർഥമായ ഭാവനയോടെ ചെയ്യുന്ന കർമ്മം എന്ന അർത്ഥമാണ് ഗീത നൽകിയിരിക്കുന്നത്. ചെയ്യുന്ന പ്രവർത്തിയുടെ ഫലം തനിച്ച് അനുഭവിക്കുന്നവനെ "സസ്തേന ഏവ", അവൻ കള്ളൻ തന്നെ എന്നും തങ്ങൾക്ക് വേണ്ടി മാത്രം പാകം ചെയ്യുന്നവനെ "തേ പാപാതു അഘം ഭുഞ്ജതേ", ആ പാപികളാകട്ടെ പാപം തന്നെ ഭുജിക്കുന്നു എന്നുമാണ് ഗീത പറയുന്നത്. ഈ യജ്ഞഫലം എല്ലാവരും ഒന്നിച്ച് അനുഭവിക്കേണ്ടതാണ്. ആസക്തി കൂടാതെ പ്രവർത്തി ചെയ്യുന്നവൻ പരമപദത്തെ പ്രാപിക്കുന്നു എന്ന് ഗീത പഠിപ്പിക്കുന്നു.

കർമ്മം എപ്പോഴും മനസ്സിനോട് ബന്ധപ്പെട്ടിരിക്കുന്നു അതിനാൽ കർമ്മങ്ങളെ ഈശ്വരനിൽ സമർപ്പിച്ച്, മമത കൂടാതെ

ഈശ്വരാർപ്പണ ബോധത്തോടെ ചെയ്യണം. കർമ്മത്തിന് ഫലം നിശ്ചയമായും ഉണ്ട്. ഫലത്തിൽ മനസ്സ് വച്ച് കർമ്മം ചെയ്യുമ്പോൾ പ്രവൃത്തിയുടെ മേന്മയേ അത് ബാധിക്കുന്നു. ഫലത്യാഗം സാധിച്ചില്ലെങ്കിൽത്തന്നെ ഫലത്തെ ഭഗവാനായി സമർപ്പിക്കുകയാണ് എളുപ്പം. ഫലത്തെ സമർപ്പിച്ചാൽ പിന്നെ ഫലചിന്ത മനസ്സിനെ ബാധിക്കുന്നേ ഇല്ല. ഒരു കർമ്മം ഏററവും നന്നായി ചെയ്യാൻ കഴിയുന്നത് ഫലചിന്ത ഇല്ലാത്ത അവസരത്തിലാണ്.

ഓരോ കർമ്മവും ഈ ഭാവനയോടെ ചെയ്യുമ്പോൾ കർമ്മത്തിൽ നിന്ന് ആനന്ദവും ലഭിക്കുന്നു. ഒരദ്ധ്യാപകൻ പഠിപ്പിക്കുമ്പോൾ താൻ ചെയ്യുന്നത് തന്റെ ധർമ്മമാണെന്നും ഇത് ഈശ്വരോപാസനയാണെന്നും, ഉള്ള ഭാവനയോടെ ചെയ്യുമ്പോൾ അവന് തന്റെ തൊഴിലിൽ നിന്ന് ആനന്ദം അധികമായി ലഭിക്കുന്നു. ഒരു നഴ്സ് രാത്രിയിൽ ആശുപത്രിക്കിടക്കയിലെ രോഗികളുടെ രോദനങ്ങൾക്കിടയിൽ ഉറങ്ങതെ തന്റെ പ്രവൃത്തികൾ ചെയ്യുമ്പോൾ താനീ ചെയ്യുന്ന പ്രവർത്തി ഈശ്വാരാരാധനയെന്ന സമർപ്പണ ബുദ്ധ്യാ ചെയ്യുമ്പോൾ ആ വ്യക്തിക്ക് ജോലിയിൽ നിന്നുള്ള ആനന്ദം അധികഫലമായി ലഭിക്കുന്നു. ഇത് ജീവിതപ്രയാണത്തിന് ഉത്തേജകമായി ഭവിക്കും എന്നതിൽ സംശയമില്ല. ഒരു ഗൃഹസ്ഥൻ കർമ്മനിരതനാവേണ്ടത് ലോകത്തിന്റെ ഉയർച്ചക്ക് ആവശ്യമാണ്. കർമ്മയോഗികളായ ഗൃഹസ്ഥന്മാരുടെ കഠിന പ്രയത്നത്തിന്റെ ഫലമാണ് ഇന്ന് ലോകത്ത് കാണുന്ന എല്ലാ ഭൗതിക വളർച്ചയുടെയും പിന്നിൽ.

വിഹായ കാമാൻ യ സർവ്വാൻ പുമാംശ്ചരതി നിസ്പൃഹ:
നിർമ്മമോ നിരഹങ്കാര സ ശാന്തിമധിഗച്ഛതി (ഗീത 2.71)

ആവശ്യങ്ങളും ആഗ്രഹങ്ങളും തീരെ വിട്ട് ഞാനെന്നും എന്റെതെന്നും തോന്നലില്ലാതെ ജീവിത യാത്ര ചെയ്യുമ്പോൾ നിസ്വാർത്ഥത പൂർണ്ണമാകുന്നു. അതോടെ അവൻ ശാന്തി തേടുകയും ചെയ്യുന്നു.

നിത്യേന നാം ചെയ്യുന്ന കർമ്മങ്ങളെ നമ്മുടെ സങ്കൽപ്പം കൊണ്ട് പവിത്രമാക്കാം. ഓരോ പ്രവർത്തിയും സ്വധർമ്മമാണെന്ന ബോധത്തോടെ ഈശ്വരാർപ്പണമായി ചെയ്താൽ അത് കർമ്മയോഗമായി മാറും. ഇപ്പോൾ ചെയ്യുന്ന പ്രവർത്തിയിൽ മനസ്സിന്റെ ഭാവം കൂടി ചേർന്നാൽ അത് കർമ്മയോഗമായി. മുൻകാലത്ത് സ്വർഗ്ഗ പ്രാപ്തിക്കു വേണ്ടി നിരവധി യാഗാനുഷ്ഠാനങ്ങൾ നടത്തി വന്നു. പക്ഷേ ഈ കർമ്മം പോലും കർമ്മയോഗമല്ല. കുറച്ചെങ്കിലും സ്വാർത്ഥഭാവമില്ലാതെ ചെയ്യുന്ന ഓരോ കർമ്മവും നമ്മേ ബന്ധിച്ചിരിക്കുന്ന ചങ്ങലകളുടെ കണ്ണി പൊട്ടിക്കാൻ സഹായിക്കുന്നു. ലോകത്തെ മാറ്റിമറിക്കാനുള്ള ശക്തി ഒരു കർമ്മയോഗിക്കുണ്ടാവും. ആത്മജ്ഞാനവും അയാൾക്ക് എളുപ്പത്തിൽ കരഗതമാകും. നമ്മുടെ രാഷ്ട്രപിതാവായ മഹാത്മജിയുടെ ജീവിതം ഉത്തമമായ കർമ്മയോഗത്തിന് ഉദാഹരണമാണ്. ഗീതയിലെ കർമ്മയോഗം എന്ന ആശയമായിരുന്നു മഹാത്മജിക്കും, ലോകമാന്യതിലകനും ജീവിതത്തിൽ ഏറ്റവും പ്രചോദനമായത്. (രണ്ടു പേരും ഗീതക്ക് വ്യാഖ്യാനം രചിച്ചിട്ടുണ്ട് എന്നതും സ്മരണീയമാണ്) കർമ്മയോഗം എന്ന ആശയത്തെ ജീവിതത്തിൽ ഉൾക്കൊണ്ടാൽ അത് രണ്ട തലത്തിൽ വ്യക്തിയുടെ ആദ്ധ്യാത്മിക വളർച്ചക്കും, സമൂഹത്തിന്റെ പുരോഗതിക്കും സഹായകമായിരിക്കും

(തുടരും)

# കൈകേയി

**അംബുജാക്ഷി. പി. – 9447577652**

(തുടർച്ച)

**എ**ന്റെ കുഞ്ഞിക്കൈകൾകൊണ്ട് മുനിയുടെ മുഖത്തെ കരിഞ്ചായം മുഴുവൻ തുടച്ചുകളഞ്ഞു. നിഷ്കളങ്കമായ ആ മൃദുസ്പർശം മുനിയുടെ മുരടഭാവത്തെ ശമിപ്പിച്ചിട്ടുണ്ടാവാം. അദ്ദേഹം ആ ഇരുമ്പുദണ്ഡ് തിരിച്ചു തന്ന് എന്റെ ഇടംകൈ തടവിക്കൊണ്ട് പറഞ്ഞു.

കുഞ്ഞേ, നിന്റെ കുട്ടിക്കുറുമ്പ് എന്നെ ഒന്നു ചൊടിപ്പിച്ചു. പക്ഷെ നിന്റെ ഈ മൃദുസ്പർശം എന്റെ കോപം ശമിപ്പിച്ചു. നിന്റെ ഈ ഇടംകയ്യിന് ആവശ്യം വരുമ്പോൾ വജ്രത്തിന്റെ കരുത്തു തരും. മഹർഷി എന്നെ അനുഗ്രഹിച്ചു. എനിക്കും സന്തോഷമായി. ആ അനുഗ്രഹമാണ് എന്റെ കരുത്ത്. പക്ഷെ ആ ശാപത്തിന്റെ തീഷ്ണത മനസ്സിലാക്കാൻ അനുഭവിക്കാൻ ഏറെ കാത്തിരിക്കേണ്ടി വന്നു.

ഞാൻ എന്റെ ചിന്തയിൽ നിന്ന് ഉണർന്നു. മന്ഥര എന്നെ അദ്ഭുതത്തൊടെ നോക്കി.

"മന്ഥരേ, സമയമാകട്ടെ, ഇപ്പോൾ അവർ കുഞ്ഞുങ്ങളല്ലേ, മനസ്സിൽ കാപട്യം ഇല്ലാതെ വളരട്ടെ".

"കുമാരിയുടെ സമയമെത്തുമ്പോഴേക്കും എല്ലാം നിശ്ചയിച്ചുകഴിഞ്ഞിരിക്കും. എന്തു പറയാൻ കുമാരിക്ക് കൗസല്യാമഹാറാണിയുടെ ദാസിയായിരിക്കാനാണ് വിധി".

മന്ഥരയുടെ ഏഷണിക്ക് ശക്തി കൂടിക്കൂടി വന്നു. എനിക്ക് കൗസല്യാദേവിയെ മഹാറാണിയാക്കുന്നതിൽ യാതൊരു പ്രയാസവുമില്ല. മഹാരാജാവ് എന്റെ കൂടെത്തന്നെ വേണം. പക്ഷെ മന്ഥരക്ക് കൗസല്യാദേവിയുടെ ദാസിമാരുടെ പദവി അംഗീകരിക്കാനാവില്ല. അവർ അടങ്ങിയിരിക്കില്ല. ഭരതന്റെ യുവരാജപദവിക്കുവേണ്ടി അവൾ എന്റെ വാശിയെ ശക്തിപ്പെടുത്തികൊണ്ടേയിരുന്നു.

എല്ലാ കുമാരന്മാരും എനിക്കേറെ പ്രിയപ്പെട്ടവർ. പ്രത്യേകിച്ച് രാമകുമാരൻ. ആ കുമാരനും കൗസല്യാദേവിയേക്കാൾ ഏറെ അടുപ്പവും ആരാധനയും എന്നോടാണ്. കാരണമുണ്ട്. ഏഴ് കുഞ്ഞാങ്ങളമാരുടെ വീരനായികയായിരുന്നു ഞാൻ. ഇവിടെ ഇപ്പോൾ നാലു രാജകുമാരന്മാരുടെ വീരമാതാവും ശാസ്ത്രവിദ്യയിലും ശസത്രവിദ്യയിലും എന്റെ നൈപുണ്യം കുട്ടികളെ അദ്ഭുതപ്പെടുത്തുന്നു. എന്റെ ശൗര്യവും തന്ത്രവും സൂത്രപ്പണികളും ഒക്കെ അവർ കണ്ടും കേട്ടും അറിഞ്ഞും അനുകരിക്കുന്നു. പ്രത്യേകിച്ച് എന്റെ ഇടതുകൈ പ്രയോഗം. എന്റെ കൈക്കരുത്ത് പരിശോധിച്ചുകൊണ്ട് രാമൻ എപ്പോഴും എന്റെ കൂടെത്തന്നെ ഉണ്ടാകും. പിന്നാലെ മറ്റു മൂന്നുപേരും.

ഉടലെടുത്ത ചതുർവേദം പോലെ പക്ഷെ എത്രയൊക്കെ നിസ്വാർത്ഥമായി ചിന്തിച്ചാലും യുവരാജപദവിയിൽ ഭരതനെത്തന്നെ പ്രതിഷ്ഠിക്കാൻ എനിക്കും തോന്നിത്തുടങ്ങി. മന്ഥരയുടെ നിരന്തര

മായ പ്രേരണ ഫലം കണ്ടു തുടങ്ങിയോ?

അര നിമിഷം പോലും മക്കളെ കാണാതെയിരിക്കാൻ ദശരഥമഹാരാജാവിന് സാധിക്കില്ല. പ്രത്യേകിച്ച് രാമനെ. എനിക്കും രാമനെ ഏറെ ഇഷ്ടമാണ്. രാമനാകട്ടെ കൗസല്യാദേവിയേക്കാളും കൂടുതൽ അടുപ്പം എന്നോടുതന്നെ. എന്നാലും രാജാവിനു രാമനോടുള്ള താല്പര്യം എന്നിൽ അസ്വസ്ഥതയുണ്ടാക്കാറുണ്ടോ?

ഒരു ദിവസം വിശ്വാമിത്രമഹർഷിയും ശിഷ്യന്മാരും കൊട്ടാരത്തിൽ വന്നു. രാജാവ് അദ്ദേഹത്തെ ഭയഭക്തിബഹുമാനത്തോടെ സ്വീകരിച്ചു. പക്ഷെ ആഗമനോദ്ദേശം അറിഞ്ഞപ്പോൾ....

"ഞാൻ ഒരു നീണ്ട യാഗം ആരംഭിക്കാനുള്ളള ശ്രമത്തിലാണ്. അങ്ങയുടെ ഓമനപുത്രനായ രാമനെ എന്റെ കൂടെ അയക്കൂ. ഒരു പത്തു ദിവസം മാത്രം". വിശ്വാമിത്രൻ ആവശ്യപ്പെട്ടു.

"എന്റെ യാഗം മുടക്കാൻ കുറെ മായാവികളായ രാക്ഷസന്മാരുണ്ട് അവരെ അടക്കി നിർത്തുകയോ കൊല്ലുകയോ വേണ്ടി വരും". മഹർഷി തുടർന്നു.

"മഹർഷേ എന്റെ കുമാരന് പതിനാറുവയസുപോലും ആയിട്ടില്ല. അസ്ത്രശക്തിയോ അഭ്യാസമോ യുദ്ധപരിചയമോ ഇല്ല. എന്നോടു കരുണ കാണിക്കണേ അങ്ങയുടെ കൂടെ ഞാൻ വരാം. വൃദ്ധനാണെങ്കിലും ഇന്നും ഞാൻ യുദ്ധ നിപുണനാണ്". ദശരഥൻ ദയനീയമായി അപേക്ഷിച്ചു.

വിശ്വാമിത്രന്റെ ഭാവം മാറി. "രാമനാരാണെന്നും രാമന്റെ ശക്തിയെന്തെന്നും എല്ലാവർക്കും അറിയാം". തീ പാറുന്ന കണ്ണുകളോടെ രാജാവിനെ നോക്കിക്കൊണ്ട് മഹർഷി പറഞ്ഞു. "ഇതാണ് രഘുവംശത്തിന് മേന്മയെങ്കിൽ ഞാൻ പോകുന്നു".

കുപിതനായ മുനിയെ ആശ്വസിപ്പിക്കും വിധം വസിഷ്ഠൻ ദശരഥനോടു പറഞ്ഞു.

"രാജാവേആശ്രിതരക്ഷണമാണ് രാജധർമ്മം. അങ്ങ് മുനിമാരേയും യാഗത്തേയും രക്ഷിക്കാൻ ബാധ്യസ്ഥനാണ്. അങ്ങയുടെ പുത്രൻ രാമനെക്കുറിച്ചു എല്ലാവർക്കും അറിയാം. കുമാരന്റെ ജനനോദ്ദേശം തന്നെ ദുഷ്ടനിഗ്രഹമാണ്. കുമാരനെ മുനിയോടൊന്നിച്ച് അയക്കൂ".

വസിഷ്ഠന്റെ വാക്കുകൾ രാജാവിനേയും മുനിയേയും ഒന്നുപോലെ ആശ്വസിപ്പിച്ചു. വിശ്വാമിത്രൻ തുടർന്നു.

"രാവണന്റെപ്രേരണകൊണ്ടാണ് മാരീചനും സുബാഹുവും യാഗം മുടക്കാൻ ഒരുങ്ങുന്നത്. അവരെ നേരിടാൻ എനിക്കെന്റെ തപശ്ശക്തി പോരാഞ്ഞിട്ടല്ല. യാഗഭൂമിയിൽ ഒരു ഹിംസയോ ശാപമോ വേണ്ടെന്നു കരുതിയിട്ടാണ്. അവർ മായാവികളാണ്. എപ്പോൾ എവിടെ എങ്ങനെ പ്രത്യക്ഷപ്പെടും എന്ന് ശ്രദ്ധിക്കാൻ പറ്റില്ല. രക്തവും മാംസക്കട്ടകളും അവർ യാഗാഗ്നിയിൽ വർഷിക്കും. അതിനാണ് ഞാൻ രാമന്റെ സഹായം ആവശ്യപ്പെടുന്നത്. ഇതുകൊണ്ട് രഘുവംശത്തിന് അഭ്യുദയം മാത്രമേ ഉണ്ടാവൂ".

വസിഷ്ഠമുനി പറഞ്ഞു. "രാജാവേ ഭയപ്പെടേണ്ട. നമ്മുടെ രാമൻ ഒരു മഹാവീരനാണ്. നിഷ്പ്രയാസം രാക്ഷസന്മാരെ തുരത്തും. ആയുധജ്ഞാനവും പരിശീലനവും ഒത്തിണങ്ങിയിട്ടുണ്ട് മാത്രമല്ല, ധാരാളം ദിവ്യാസ്ത്രങ്ങളും മന്ത്രങ്ങളും കൈവശമുള്ള വിശ്വാമിത്രമഹർഷിയാണ് കൊണ്ടുപോകുന്നതും മുനിയുടെ കൂടെയുള്ള യാത്രപോലും ശസ്ത്രപ

രിചയം നല്കുന്നതായിരിക്കും. അറിയാനും നേടാനുമുള്ള അവസരമാണിത്. അങ്ങ് സംശയിക്കാതെ രാമലക്ഷ്മണന്മാരെ മുനിയോടൊപ്പം അയച്ചാലും.

സത്യം തന്നെ. വിശ്വാമിത്രമഹർഷിയുടെ ആയുധവിജ്ഞാനം കേട്ടിട്ടുണ്ട്. അദ്ദേഹം കുമാരന്മാർക്ക് ശസ്ത്രവും ശാസ്ത്രവും അനുഗ്രഹവും നൽകട്ടെ. കുമാരന്മാർ പോയി വരട്ടെ. ദശരഥ രാജാവിനും സമ്മതമായി.

രാമലക്ഷ്മണന്മാർ വിശ്വാമിത്രനെ അനുഗമിച്ചു. ഭരതനും ശത്രുഘ്നനും കേകയത്തിലും. ഇടയ്ക്കൊക്കെ യുധാജിത്ത് മരുമക്കളെ കേകയത്തിലേക്ക് കൂട്ടിക്കൊണ്ടു പോകും. കുറച്ചു ദിവസം കഴിഞ്ഞാൽ കൈ നിറയെ സമ്മാനങ്ങളുമായി തിരിച്ചുകൊണ്ടുവന്നാക്കും. കുമാരൻന്മാർ ഇല്ലാത്തതുകൊണ്ട് അയോധ്യയിൽ ഒരു ശൂന്യത. യാഗം ഒരു മാസം നീണ്ടു നില്ക്കും എന്നറിയുന്നു. പ്രധാന ചടങ്ങുകൾ പത്തു ദിവസം മാത്രം. പക്ഷെ യാത്രയും പരിശീലനവുമൊക്കെയായി കുമാരന്മാർ എന്നു തിരിച്ചെത്തുമാവോ?

എന്നാൽ അതിനിടയിൽ ഭരതനും ശത്രുഘ്നനും തിരിച്ചു വന്നു. ധാരാളം സമ്മാനങ്ങളുമുണ്ട്. ഇത്തവണ ഉപഹാരങ്ങളുടെ കൂട്ടത്തിൽ ഒരു രത്ന കിരീടവും ഒരു സ്ഥാനവടിയും ഉണ്ടായിരുന്നു. കളിപ്പാട്ടമാണ്. എല്ലാം കൂടി ഒരു മൂലയിൽ ഉപേക്ഷിച്ച് അവർ പിതാവിനെ കാണാൻ പോയി. ഞാനത് താല്പര്യപൂർവ്വം എടുത്തുവെച്ചു. പുതിയ സ്വപ്നങ്ങൾ കാണാൻ. പിന്നെ അതു തുടച്ചുമിനുക്കി രാജാവിന് കാണിച്ചു കൊടുത്തു.

മാതുലഗൃഹത്തിൽ നിന്നുള്ള ആ ഉപഹാരം ഞാൻ കൗതുകപൂർവ്വം രാജാവിനെ കാണിച്ചുകൊടുത്തു.

കിരീടവും ചെങ്കോലും ഇപ്പോഴേ തയ്യാറായി. ഇനി അഭിഷേകം മാത്രം.

ഞാൻ ചിരിച്ചുകൊണ്ടു തന്നെ രാജാവിനെ അർത്ഥഗർഭമായി നോക്കി. അദ്ദേഹം ഒന്നു ചിരിച്ചു. യാന്ത്രികത ഉണ്ടായിരുന്നുവോ? എനിക്കു തോന്നിയതാവാം.

കൗസല്യയും സുമിത്രയും വ്രതവും പ്രാർത്ഥനയുമായി കഴിഞ്ഞുകൂടുന്നു.

പതിനാറു കഴിയാത്ത രാമലക്ഷ്മണന്മാർ. ആയുധാഭ്യാസം കഴിഞ്ഞേയുള്ളൂ. വേണ്ടത്ര പരിശീലനമോ പരീക്ഷണമോ ഉണ്ടായിട്ടില്ല. അതിനു മുമ്പു തന്നെ ഈശ്വരാ! അമ്മമാരുടെ പ്രാർത്ഥനകൾ പാഴാകല്ലേ. ശത്രുക്കളോടു പൊരുതാൻ. ഇനിയുമെത്ര മറുവിദ്യകൾ വേണ്ടി വരും. കുട്ടികൾക്ക് ദീർഘായുസ്സു നൽകണേ.

പ്രാർത്ഥനകളുടെ ഫലമാകാം കാട്ടിൽ നിന്ന് എത്തുന്ന വാർത്തകൾ അദ്ഭുതാവഹമായിരുന്നു. കുഞ്ഞുങ്ങൾ മഹർഷിയിൽ നിന്ന് വളരെയധികം ആയുധങ്ങളും പ്രയോഗങ്ങളും മന്ത്രങ്ങളും വശത്താക്കിയത്രെ. വിശപ്പും ദാഹവും കീഴ്പ്പെടുത്താനുള്ള പരിശീലനവും കിട്ടി!

വനങ്ങൾ, നദികൾ, ഭൂപ്രദേശങ്ങൾ എന്നിവയെ അടുത്തറിയാൻ കഴിഞ്ഞു. പ്രകൃതിയെന്ന മഹാവിദ്യാലയത്തിലൂടെയുള്ള പഠനയാത്ര. ഇതിനും പുറമെ ആയിരം ആനകളുടെ കരുത്തുള്ള ഒരു രാക്ഷസിയെ കൊന്നുവെന്നു കേട്ടു. മായാവികളായ രണ്ടു രാക്ഷസന്മാരിൽ ഒരാളെ ആഗ്നേയാസ്ത്രം പ്രയോഗിച്ച് ചുട്ടുകളഞ്ഞു. മാരീചനെന്ന അപരനെ അമോഘമാനവാസ്ത്രം കൊണ്ട് കടലിൽ വീഴ്ത്തി.

ഏറ്റവും അത്ഭുതപ്പെടുത്തിയ മറ്റൊ

രു വാർത്തയും പിന്നാലെ എത്തി. അത് അഹല്യയെന്ന സ്ത്രീയുടെ കാര്യമായിരുന്നു. മനസ്സും ശരീരവും മരവിച്ച ആ സ്ത്രീ രാമകുമാരന്റെ ദർശനത്തിൽത്തന്നെ പുണ്യം നേടിയെന്ന് കേട്ടു.

ഈ കുമാരൻ കേവലം ഒരു മനുഷ്യനല്ല എന്നെനിക്ക് തോന്നിത്തുടങ്ങി. അമാനുഷികമായ ഒരു ചൈതന്യം കുമാരനിൽ കാണുന്നുണ്ട്.

'എന്റെ രാമകുമാരൻ'! ഞാൻ അഭിമാനം കൊണ്ടു. അല്പനേരത്തേക്കെങ്കിലും ഞാൻ കിരീടത്തിന്റേയും സ്ഥാനദണ്ഡിന്റേയും ചിന്ത മാറ്റി വെച്ചു.

വനചരന്മാരായ ദൂതന്മാരിൽ നിന്ന് ഇനിയും എന്തൊക്കെയാണ് വാർത്തകൾ എത്തുന്നത്.

യാഗം സമാപിച്ച ശേഷം മഹർഷി കുമാരന്മാരേയും കൂട്ടി മിഥിലയിലേക്ക് പോയിട്ടുണ്ടെന്നറിഞ്ഞു. എന്തോ കണക്കുകൂട്ടലുകൾ ഉണ്ടാവാം. അവരൊക്കെ ദൈവജ്ഞന്മാരല്ലേ? മിഥിലാരാജാവായ സീരധ്വജജനകന്റെ കൊട്ടാരത്തതിൽഒരു ശിവക്ഷേത്രം ഉണ്ട്. അവിടെയുള്ള ഒരു മഹാധനുസ്സാണ് ത്രയംബകം. ആ ത്രയംബകപൂജയ്ക്കാണ് മഹർഷിയെ രാജാവ് ക്ഷണിച്ചിട്ടുള്ളതും. അതിൽ പങ്കുകൊണ്ട ശേഷം മുനിയും കുമാരന്മാരും അയോധ്യയിൽ തിരിച്ചെത്തും. യാഗരക്ഷക്കുശേഷം തിരിച്ചെത്തുന്ന കുമാരന്മാരെ സ്വീകരിക്കാൻ അയോധ്യ മുഴുവൻ അണിഞ്ഞൊരുങ്ങിയിട്ടുണ്ട്.

അടുത്തൊരു ദിവസം തന്നെ മിഥിലയിൽ നിന്നും രാജദൂതൻന്മാർ അയോധ്യയിലത്തി. ദശരഥമഹാരാജാവിനെ മിഥിലയിലേക്ക് ക്ഷണിക്കാനാണത്രെ.!

സംഭവം അറിഞ്ഞപ്പോൾ എല്ലാവർക്കും ആശ്ചര്യവും സന്തോഷവും തോന്നി. ആ ധനുഷ്പൂജയിൽ പങ്കെടുത്ത രാമൻ ആർക്കും എടുത്തുയർത്താൻ പറ്റാത്ത വില്ലെടുത്തു കുലയ്ക്കാൻ ശ്രമിച്ചു. അപ്പോൾ അത് പൊട്ടിപ്പോയി.

ആ വില്ലെടുത്തു കുലയ്ക്കുന്നവർക്കു മാത്രമേ വീര്യശൂല്കയും അയോനിജയുമായ തന്റെ മകൾ സീതയെ വിവാഹം ചെയ്തുകൊടുക്കുകയുള്ളൂ എന്ന് ജനകരാജാവ് തീരുമാനിച്ചിരുന്നു.

അതിനും ഒരു കാരണം പറഞ്ഞും കേട്ടിട്ടുണ്ട്. ശൈശവത്തിൽത്തന്നെ ത്രയംബകത്തെ പൂജിച്ചിരുന്ന സീതക്കുട്ടി ഒരിക്കൽ അതെടുത്തുയർത്തിയത്രെ. ആ അസാധാരണകർമ്മം കണ്ട ജനകൻ ആശ്ചര്യത്തോടെ അന്ന് തീരുമാനിച്ചതാണ് ഇത്.

'എന്റെ ഈ അയോനിജയായ മകൾ ഏതോ ഒരു ദിവ്യാവതാരമാണ്. ഭൂമിയിൽ അവതരിച്ച ലക്ഷ്മിയോ സരസ്വതിയോ പാർവതിയോ ആയിരിക്കാം. അതുകൊണ്ടു തന്നെ അത്തരതത്തിലൊരു ദിവ്യാവതാരത്തിനേ എന്റെ മകളെ ദാനം ചെയ്യുകയുള്ളൂ'.

അങ്ങനെയൊരു വീരൻ എത്തിയത് ശ്രീരാമന്റെ രൂപത്തിലാണ്. രാമൻ വില്ലെടുത്തുയർത്തുക മാത്രമല്ല അത് ഭഞ്ജിക്കുകയും ചെയ്തു.

സന്തുഷ്ടനായ രാജാവ് ഉടനെ ദശരഥമഹാരാജാവിനെ വിവരം അറിയിക്കാൻ ദൂതന്മാരെ അയച്ചതാണ്.

"നിങ്ങൾ അയോധ്യയിൽച്ചെന്ന് ദശരഥമഹാരാജാവിനെ വിവരം അറിയിക്കൂ. അദ്ദേഹത്തിന്റെ സാന്നിധ്യവും സമ്മതവും ആശീർവാദവും ഞാൻ അപേക്ഷിക്കുന്നതായി പറയൂ".

(തുടരും)

*****

# കേരളത്തിലെ കലകൾ

വിദ്വൽപ്രഭ. ജെ. എസ്

**ക**ല എന്ന വാക്കിന് 'സൃഷ്ടി' എന്നാണർത്ഥം. നയനാന്ദകരമായ ഈ പ്രപഞ്ചത്തിലെ മുഴുവൻ ദൃശ്യങ്ങളും ഒരേ ഒരു വിശ്വശില്പിയുടെ കലാസൃഷ്ടിയാണ്. മനുഷ്യൻ സ്വന്തം ദു:ഖങ്ങൾ മറക്കുവാനും സുഖസന്തോഷം വർദ്ധിപ്പിക്കുവാനും ഓരോ പ്രവർത്തികളിലേർപ്പെടുന്നു. അവയിൽ ബുദ്ധിപൂർവ്വം ചെയ്യുന്ന കർമ്മങ്ങൾ കലകളായി പരിണമിക്കുന്നു.

പ്രകൃതിയിൽ നാം കാണുന്നതൊന്നും കലയല്ല. അവയൊക്കെ ജഗന്നിയന്താവിന്റെ കരവിരുതുകൾ മാത്രം. മനുഷ്യബുദ്ധിയിൽ പിറവിയെടുക്കുന്ന അപൂർവ്വ വസ്തുക്കൾ മാത്രമാണ് കല. വിശ്വസൗന്ദര്യകേന്ദ്രമായ ഹിമാലയം ഒരിക്കലും കലയാവുന്നില്ല. എന്നാൽ മനുഷ്യൻ ഒരു ചിത്രമാക്കി മാറ്റുമ്പോൾ അതു കലയാകുന്നു. വാടിക്കൊഴിഞ്ഞ ഒരു പൂവിനെ കാണുന്ന മനുഷ്യമനസ്സിൽ ഒരു രസവും അങ്കുരിക്കുന്നില്ല. അതേ പൂവ് കവി വർണ്ണനയിൽ വരുമ്പോൾ മനുഷ്യമനസ്സിനെ തൊട്ടുണർത്തുന്നു.

നമ്മുടെ ചുറ്റും നടക്കുന്ന വഴക്കുകളും വക്കാണങ്ങളുമൊന്നും കലയല്ല. ആ വിഷയം നാടകമായി നടന്മാർ തന്മയത്വത്തോടെ അഭിനയിക്കുമ്പോൾ അത് രസാത്മകമായ കലയായി മാറുന്നു.

മനുഷ്യൻ മറ്റു ജീവജാലങ്ങളെക്കാൾ വ്യത്യസ്ഥനാണ്. തന്റെ ബുദ്ധിവൈഭവം കൊണ്ട് നൂതനസൃഷ്ടികൾ നടത്താനുള്ള ത്വരയാണ് കലകളുടെ ഉത്ഭവം. കുട്ടികൾ മാതാപിതാക്കളെ അനുകരിക്കുന്നതുപോലെ മനുഷ്യൻ ജഗൽപിതാവിന്റെ സൃഷ്ടിയെ അനുകരിച്ചു പുതിയ സാദ്ധ്യതകൾക്ക് വഴിയൊരുക്കി ജീവിതത്തിന് പുതിയ മാനങ്ങൾ വെട്ടിത്തെളിച്ചു.

അപൂർവ്വ സൃഷ്ടികളുടെ ഉടമകളെ കലാകാരന്മാരെന്നു പറയുന്നു. അവർ സ്വയം സൃഷ്ടിച്ച അത്ഭുത വലയത്തിലാണ് ജീവിക്കുന്നത്. കലാകാരന്മാരുടെ സങ്കല്പലോകം വിസ്മയങ്ങൾ നിറഞ്ഞതാണ്. പ്രകൃതി നിയമങ്ങളെ ലംഘിച്ചു കൊണ്ട് സ്വപ്നലോകത്ത് വസിക്കുന്നവരാണിക്കൂട്ടർ.

പ്രപഞ്ചം സൃഷ്ടിക്കുവാൻ സൃഷ്ടികർത്താവിന് ധാരാളം സാധനങ്ങൾ വേണമായിരുന്നു. മണ്ണ്, വെള്ളം, തീയ്, കാറ്റ് ഇവയൊക്കെ ഉപയോഗിച്ചാണ് സൃഷ്ടി നടത്തിയത്. ഒരു ജീവിയോ സസ്യമോ അവയെ സൃഷ്ടിച്ച് പൂർണ്ണതയിലെത്തിക്കാൻ വേണ്ടുന്ന ഉപാധികളൊക്കെ നല്കുകയും വേണം. എത്രയും ലഘുവായ ഒരു സാധനം കൊണ്ട് അത്യത്ഭുതമായ ഒരു ലോകം തന്നെ കല്പിച്ചുണ്ടാക്കാൻ കലാകാരനു കഴിയും. ഒരു കവിക്ക് സ്വർഗ്ഗവും നരകവും ഈ ഭൂമിയിലാണെന്ന് നിഷ്പ്രയാസം സഹൃദയരെ ബോധ്യപ്പെ

ടുത്താൻ സാധിക്കും. വൈവിദ്ധ്യമുള്ള നടന്മാർ സ്വന്തം അഭിനയത്തിലൂടെ ജീവിത വൈചിത്ര്യങ്ങളെ അവിഷ്കരിക്കുന്നു. നല്ലൊരു ചിത്രകാരന് കാടും, മലയും, പർവ്വതവും ചിത്രീകരിക്കുവാൻ കേവലം പെൻസിലും പേനയും മാത്രം മതിയാകും.

കരിങ്കൽ പണിക്കാരന് കരിങ്കല്ലും മരപ്പണിക്കാരന് മരവും മതി അവന്റെ കലാസൃഷ്ടിക്ക്. അങ്ങനെ ഒരേ ഒരു സാമഗ്രിക്കൊണ്ട് സമ്പൂർണ്ണ ലോകത്തിന്റെ സൃഷ്ടി നടത്തുന്നവരാണ് കേവലം മനുഷ്യരായ കലാകാരന്മാർ. അവർക്ക് സ്വാതന്ത്ര്യമേറെയാണ്.

മനുഷ്യഹൃദയത്തിന് ആനന്ദം പ്രദാനം ചെയ്യാൻ കലാകാരന് അസാമാന്യമായ കഴിവുണ്ട്. സുഖദു:ഖ സമ്മിശ്രമായ ജീവിതത്തിൽ ഒരു അഭയമാണ് കലയെന്നു പറയാം. മനസ്സിന്റെ ഭാരം ലഘൂകരിക്കാനുള്ള മാന്ത്രികശക്തിയുണ്ട് കലയ്ക്ക്. ഒരു കലാകാരന്റെ ധർമ്മമാണ് അവന്റെ കലകൊണ്ട് മാനവസമൂഹത്തെ സന്തോഷിപ്പിക്കുകയെന്നത്. വീടു പണിപോലും കലാസൃഷ്ടിയാണ്. കാരണം എല്ലാം ചേരുംപടി ചേർത്ത് അതിന്റെ പാരമ്യത്തിലെത്തിക്കുന്നത് സൃഷ്ടിയാണ്. മനുഷ്യന് തനിക്കു വേണ്ടുന്ന സാമഗ്രികൾ സൃഷ്ടി ക്കാനുള്ള കഴിവില്ല. ഗൃഹനിർമ്മാണത്തിൽ കല്പണിക്കും, മരപ്പണിക്കും വെവ്വേറെ ആളുകൾ ആവശ്യമാണ്. സകലവിധ സൃഷികളും ഒറ്റയ്ക്കു ചെയ്യാൻ സാധിക്കുന്ന ശക്തി ഒന്നേയുള്ളൂ. ഭൂമിയേയും, ആകാശത്തേയും, പർവ്വതത്തേയും എന്തിന് കലാകാരനെന്ന മനുഷ്യനേയും നിർമ്മിച്ച ആകരവിരുത് സർവ്വശക്തനായ ജഗന്നിയാന്തവിന്റെയാ ണ്. പരിപൂർണ്ണ സൃഷ്ടികർത്താവായ ആദിശില്പി ഈശ്വരനാണ്.

കലാവാസന മനുഷ്യന്റെ പ്രത്യേക ലക്ഷണമാണ്. ജനനം മുതൽ മനുഷ്യൻ കലകളുടെ ലാളനകളും ശുശ്രൂഷയും അനുഭവിച്ചു തുടങ്ങുന്നു. കുഞ്ഞുങ്ങളെ നാം സന്തോഷിപ്പിക്കുന്നതു തന്നെ പാട്ടു പാടിയും, കൊട്ടി കേൾപ്പിച്ചുമൊക്കെയാണ്. അമ്മയുടെ താരാട്ടു പാട്ടാണ് ആദ്യം ഒരു മനുഷ്യജീവിയെ സന്തോഷിപ്പിക്കുന്ന കല. അത് അവരുടെ കലാവാസനയെ പരിപോഷിപ്പിക്കാനുള്ള തുടക്കം കുറിക്കുന്നു. എല്ലാവർക്കും സുഖ സന്തോഷത്തോടെ ജീവിക്കാൻ ഏതെങ്കിലുമൊക്കെ കലകൾ അനിവാര്യമാണ്.

ഉത്തമകലയുടെ ഉല്പത്തിക്ക് മൂന്നു കാര്യം ഒത്തു ചേരേണ്ടതുണ്ട്. വാസനയും, പഠിപ്പും, പരിശ്രമവും. ജന്മസിദ്ധമായ വാസനയെ വർദ്ധിപ്പിക്കുന്നതും നിലനിർത്തുന്നതും അഭ്യാസബലമാണ്. വാസനയും, പഠിപ്പും, ഉത്സാഹവും ഒത്തു ചേരുക വളരെ അപൂർവ്വമാണ്. അതുകൊണ്ടാണ് ഉത്തമക്ലാകാരന്മാരുടെ സംഖ്യ എവിടെയും എപ്പോഴും കുറയുന്നത്.

കലകൾ സാമാന്യകലകളെന്നും വിശേഷകലകളെന്നും രണ്ടു വിധമാണ്. സാമാന്യകലകൾ ശരീരരക്ഷയ്ക്കും നിലനില്പിനും വേണ്ടിയുള്ളവയാണ്. കണ്ടും കേട്ടും ചിന്തിച്ചും രസിക്കാനുമുള്ള കലകളാണ് വിശേഷകലകൾ. ലളിതകലകൾ, കോമളകലകൾ, സുകുമാരകലകൾ,

സുന്ദരകലകൾ, ഭദ്രകലകൾ ഇവയാണ് മനുഷ്യസമൂഹത്തെ ആസ്വാദ്യകരമാക്കുന്നവ.

സാഹിത്യം, പ്രതിമാശില്പം, ചിത്രം, അഭിനയം എന്നീ നാലു കലകളാണ് മനുഷ്യജീവിതത്തിന്റെ എല്ലാ വൈചിത്ര്യങ്ങളേയും സ്പഷ്ടമായും തന്മയത്വത്തോടു കൂടിയും പ്രകാശിപ്പിക്കുവാൻ പ്രാപ്തിയുള്ള പൂർണ്ണകലകൾ. നൃത്തം, ഗീതം, വാദ്യം ഇവയ്ക്ക് സ്വതന്ത്രമായി മനുഷ്യമനസ്സുകളെ വിഭിന്നവികാരങ്ങളിൽ ആന്ദോളനം ചെയ്യിക്കാനുള്ള കഴിവുണ്ട്.

ക്ഷണികമായ ജീവിതത്തെ ശാശ്വതമാക്കി തീർക്കാനുള്ള പ്രയത്നമാണ് സാഹിത്യാദികലകളിൽ കാണുന്നത്. വാല്മീകിയുടെയും വ്യാസന്റെയും കാലത്തെ ജീവിതം അവരുടെ സാഹിത്യ കൃതികളിൽ ഇന്നും മങ്ങാതെ തെളിഞ്ഞു കാണാം. നിത്യങ്ങളായ ശബ്ദങ്ങളിൽ ചിത്രണം ചെയ്തിട്ടുള്ള രാമായണ ഭാരതാദികൾ ഈ ലോകമുള്ളിടത്തോളം കാലം മാഞ്ഞു പോകില്ല.

പുരാതനഭാരതീയ ക്ഷേത്രങ്ങളിൽ കാണുന്ന ശിലാപ്രതിമകളും മറ്റും പണ്ടത്തെ ജീവിതസ്വഭാവങ്ങളെ പറ്റി പല പാഠങ്ങളും നമുക്ക് നല്കുന്നുണ്ട്. ചിത്രങ്ങൾ - അതെഴുതുന്ന തലത്തേയും ചായത്തേയും ആശ്രയിച്ചായിരിക്കും അതിന്റെ ആയുസ്സ്.

അഭിനയ കലയാകട്ടെ ചുരുങ്ങിയ സമയം കൊണ്ട് ജീവിതഗന്ധിയായ അനേകമുഹൂർത്തങ്ങൾ മനുഷ്യ മനസ്സിൽ കോറിയിടുന്നു. ഭാവനാരൂപത്തിൽ അവ മനുഷ്യഹൃദയങ്ങളിൽ കാലാകാലങ്ങളായി കുടികൊള്ളുന്നു.

രാജ്യമോ, ഭാഷയോ, പ്രായമോ, സ്വഭാവമോ വ്യത്യാസമില്ലാതെ എല്ലാവരേയും ഒന്നിച്ചാകർഷിക്കാൻ കോമളകലയ്ക്ക് അസാമാന്യ കഴിവുണ്ട്. തിങ്ങി നിറഞ്ഞ സദസ്യരെ പ്രകമ്പനം കൊള്ളിക്കാൻ നല്ലൊരു ഗാനത്തിനാകും. കലയ്ക്കുള്ള കാന്തശക്തി മറ്റൊന്നിനുമില്ല. ജനങ്ങളിൽ ഐകമത്യവും വിവേകവും സംസ്കാരവും വളർത്താൻ കലയ്ക്കേ കഴിയൂ.

(തുടരും)

*****

മിനിക്കഥ

# ഇരുകൂട്ടർ

ഉണ്ണിവാരിയത്ത്

“ആരും ആവശ്യപ്പെടാതെതന്നെ നിങ്ങൾ അറിഞ്ഞു ചെയ്യേണ്ടതാണ് ദാനധർമ്മം. അത് അറിയപ്പെടാൻ വേണ്ടിയുമാകരുത്. അതുപോലെ, അർഹതപ്പെട്ടവർ ആവശ്യത്തിൽ കുറവേ സ്വീകരിക്കാവൂ” അയാൾ ഉപദേശിച്ചു.

ഇരുകൂട്ടർക്കും അതു സമ്മതമല്ലായിരുന്നു. ഒരു കൂട്ടർക്ക് അമിതമായ പരസ്യം വേണം. മറുകൂട്ടർക്ക് ആവശ്യത്തിൽ കവിഞ്ഞ് എല്ലാം വേണം. ഇരുകൂട്ടർക്കും സൗജന്യമായിപ്പോലും ഉപദേശം വേണ്ടേവേണ്ടെന്നും.

# ധ്യാനഹേയാസ്തദ്വൃത്തയ

കൈതപ്രം വാസുദേവൻ നമ്പൂതിരി - 9447077203

**ആ** വൃത്തികളെ ധ്യാനം കൊണ്ട് ഇല്ലാതാക്കാം.

രണ്ടാമധ്യായത്തിന്റെ തുടക്കത്തിൽ ക്രിയായോഗത്തേ അവതരിപ്പിച്ചു. തപസ്സ്, സ്വാധ്യായം, ഈശ്വരപ്രണിധാനം എന്നിവയാണ് ക്രിയായോഗം. അതിന്റെ ഫലമായി ക്ലേശങ്ങൾ തനൂകരിക്കപ്പെടും. തനു എന്നാൽ മെലിഞ്ഞത്, കുറഞ്ഞത് എന്നർത്ഥം. ക്രിയായോഗം കൊണ്ട് ക്ലേശങ്ങൾ കുറയും എന്നർത്ഥം.

അവിദ്യാ, അസ്മിത, രാഗം, ദ്വേഷം, അഭിനിവേശം എന്നിവയാണ് ക്ലേശങ്ങൾ. അവയുടെ സ്ഥൂല വൃത്തികളാണ് ക്രിയായോഗം കൊണ്ട് നശിക്കുക. ഏകാന്തത്തിൽ ധ്യാനത്തിലിരിക്കുമ്പോൾ രാഗം ദ്വേഷം മുതലായവ നമ്മെ ബാധിക്കില്ല. അത് നശിച്ചു എന്നു നമ്മൾ കരുതും. പക്ഷെ അവ സൂക്ഷ്മമായി നിലനില്ക്കും. അനുകൂല സാഹചര്യത്തിൽ അതായത് സമൂഹത്തിലിറങ്ങുമ്പോൾ വീണ്ടും മുളപൊട്ടും. പടർന്നു പന്തലിക്കും.

ഇതിനു പരിഹാരമെന്ത്? അവയെ ധ്യാനം കൊണ്ട് നശിപ്പിക്കണം എന്നാണ് ഹരിഹാരം. പ്രസംഖ്യാനമെന്നാണ് ഈ ധ്യാനത്തെ വ്യാസൻ വിശേഷിപ്പിച്ചത്. വിവേകത്തോടെയുള്ള ധ്യാനം എന്നർത്ഥം. സംസാര വിഷയങ്ങളെ കുറിച്ചും അവയെ അനുഭവിക്കുമ്പോഴുണ്ടാകുന്ന സുഖദുഃഖങ്ങളെ കുറിച്ചും നിരന്തരം ചിന്തിച്ച് ചിന്തിച്ച് അതിലുള്ള താല്പര്യം കുറയുന്നു. വൈരാഗ്യം നേടുന്നു.

വസ്ത്രത്തിൽ ചെളി പുരണ്ടാൽ അത് വെള്ളത്തിൽ മുക്കിയെടുക്കുമ്പോൾ കുറെ ഭാഗം വെള്ളത്തിൽ പോവും. എന്നാൽ സൂക്ഷ്മമായ കറ ബാക്കിയാവും. സോപ്പിട്ടലക്കിയാൽ വീണ്ടും കുറേ പോകും. പല തവണ ഇതാവർത്തിക്കുമ്പോൾ മുഴുവനും പോവും. സൂക്ഷ്മമായ കറ കളയാനാണ് കൂടുതൽ പ്രയത്നം വേണ്ടി വരിക എന്നർത്ഥം.

ഇതേ പോലെയാണ് ക്ലേശങ്ങളും. ക്രിയായോഗം കൊണ്ട് സ്ഥൂല വൃത്തികൾ നശിക്കും. അവ ശക്തി കുറഞ്ഞ വൃത്തികളാണ്. എന്നാൽ സൂക്ഷ്മ - സൂക്ഷമതര - സൂക്ഷ്മതമ വൃത്തികൾ ക്രമേണ കൂടുതൽ കൂടുതൽ ശക്തങ്ങളാണ്. അവയെയാണ് പ്രസംഖ്യാന ധ്യാനം കൊണ്ട് വരട്ടി വറുത്ത വിത്തു പോലെയാക്കുന്നത്. പ്രസംഖ്യാനം അഥവാ വിവേക ഖ്യാതി വൃത്തികളെ വറുക്കുന്ന അഗ്നിയാണ്. അവ പിന്നെ മുളക്കില്ല.

ക്ലേശങ്ങളെ സൂക്ഷ്മനിരീക്ഷണത്തിലൂടെയോ തിരിച്ചറിയാവൂ. എനിക്കു മരണത്തെ ഒട്ടും ഭയമില്ല എന്നു പറയുന്നവരുണ്ട്. പക്ഷെ സാധാരണക്കാരിൽ ഇത് സത്യമല്ല. യോഗികളിൽ തന്നെ ധർമ്മമേഘ സമാധിയിൽ എത്തിയാലേ ക്ലേശബീജം നിശ്ശേഷം നശിക്കൂ.

ഏതു വസ്തുവിനും മൂന്ന് അവസ്ഥകളുണ്ട്. സൃഷ്ടിക്കു ശേഷിയുണ്ടായിട്ടും സൃഷ്ടിക്കാതിരിക്കുന്ന അവസ്ഥ. ഉറങ്ങിക്കിടക്കുന്ന വിത്തുപോലെ അത്

സൃഷ്ടി തുടങ്ങിയാൽ ഉണർന്ന അവസ്ഥയായി. എന്നാൽ അത് കെട്ടുപോയാൽ പിന്നെ ഒരിക്കലും മുളക്കില്ല.

ക്ലേശങ്ങളെ ഇല്ലാതാക്കാൻ അതിന്റെ പരിണാമത്തിനെ അറിയണം. എന്നിട്ട് അതിന്റെ വിപരീത ദിശയിൽ ശ്രമിക്കണം. അഭിനിവേശമെന്ന അന്ത്യഘട്ടത്തിൽ നിന്ന് തൊട്ടു മുമ്പത്തെ ദ്വേഷത്തിലേക്ക് ചുരുക്കണം. പിന്നെ അവ രണ്ടും രാഗത്തിലേക്കു മടങ്ങണം. പിന്നെ ഇവ മൂന്നും അസ്മിതയിലേക്കും ആത്യന്തികമായി അവിദ്യയിലേക്കും മടങ്ങണം.

ഇവിടെ ധ്യാനം എന്നത് ഏകാഗ്രതയല്ല. അന്തർ മൗനമാണ്. ആന്തരികമായ ക്ലേശനിരീക്ഷണമാണ്. അതിലൂടെ ക്ലേശവൃത്തികളെ സൂക്ഷ്മമാക്കി നശിപ്പിക്കലാണ്. വിവേകം, ബുദ്ധിപരമായ സമീപനം ഇതിൽ ഗുണം ചെയ്യും.

ധ്യാനവും വിവേകവും ഇവിടെ ഒത്തുചേരുന്നതു നാം കാണുന്നു. ധ്യാനം രാജയോഗവും വിവേകം ജ്ഞാനയോഗവുമാണ്. ചിലപ്പോൾ ഇതിൽ കർമ്മയോഗവും ഭക്തിയോഗവും കൂടി ചേരേണ്ടിവന്നേക്കാം. അവ ആപത്ഘട്ടത്തിലെ സഹായിയാവും.

*****

# ഇഷ്ടം

**കല്പകം സോമരാജൻ - 9895453072**

പെരുമീനുദിച്ചിടും നേരത്തുമെല്ലയെ-
ന്നരികത്തണഞ്ഞിടുന്നച്ഛൻ
കണ്ണിമ പൂട്ടി ഞാൻ നിദ്രനടിക്കുമ്പോ
ഴരികത്തണഞ്ഞിടുന്നച്ഛൻ
മഞ്ഞിമതൂകും സുഖത്തിലാകൈവിര
ലെൻ നെറ്റി മേലുഴിഞ്ഞൻപാൽ
കുഞ്ഞേയുണർന്നീടുനേരം വെളത്തുപോയ്
നിൻ കൂട്ടുകാരൊക്കെയെത്തി
എന്നോതിയെന്നെയുണർത്തിയെൻ ജീവിത
പാതതുറന്നുതന്നച്ഛൻ
എന്നുമെനിക്കെന്റെയച്ഛനെയാണിഷ്ട-
മൊത്തിരിയേറെയാണിഷ്ടം.
ആരു വന്നാലുമെൻ ജീവിതശ്രേണിയി-
ലച്ഛനെപോലൊക്കുകില്ല
എന്നുമെനിക്കെന്റെയച്ഛനെയാണിഷ്ട-
മൊത്തിരിയേറെയാണിഷ്ടം.
കൈവിരൽ നോവുമോയെന്നു ചോദിച്ചു കൊ-
ണ്ടപ്പൂഴി മണ്ണിൽ പതുക്കെ
അക്ഷരകൂട്ടങ്ങളെണ്ണിപ്പഠിപ്പി
ച്ചൊരച്ഛനെയാണെനിക്കിഷ്ടം.
കല്ലുസ്ലേറ്റും ചെറുപെൻസിലുമായി ഞാൻ
വിദ്യാലയം നോക്കി നിൽക്കെ
മെല്ലെ തലോടിപറഞ്ഞിടും പോയിടൂ-
നല്ല കാലത്തിനുവേണ്ടി
മെല്ലെ മെല്ലെ ഞാൻ വളരുന്നതു കണ്ടു
നിർവൃതികൊണ്ടൊരെന്നച്ഛൻ
എന്റെ നേട്ടങ്ങളിൽ മാതാവിനൊപ്പമായ്
അത്താണിയായൊരെന്നച്ഛൻ
എൻമനോഖേദങ്ങളൊറ്റനോട്ടത്തിനാൽ
തിട്ടമായെണ്ണുമെന്നച്ഛൻ
കൈത്തലംകൊണ്ടെന്റെ മൂർദ്ധാവിൽമെല്ലെ
തഴുകി തണുപ്പിക്കുമെല്ലാം.
കാലങ്ങളേറ കടന്നെന്റെ ജീവിത-
ശ്രേണിയിൽ ഞാൻ കണ്ടുലോകം
എങ്കിലുമേകാന്തനോവിൽ ഞാനെന്നുമെ-
ന്നച്ഛനെയോർത്തുവിങ്ങുന്നു.
നല്ലതും തീയതുംചൊല്ലി വളർത്തിയെ-
ന്നച്ഛനാണെൻ മുന്നിലെന്നും.
പ്രജ്ഞയിലിന്നെന്റെ കൈവിരൽസ്പർശത്തി-
ലച്ഛനെയോർത്തു ഞാൻ നില്ക്കെ
ഈശ്വരദാനമെന്നെണ്ണുന്നു ഞാനെന്റെ
അമ്മയെച്ഛന്മാരെയെന്നും.
കുഞ്ഞേ വരികെന്നു ചേർത്തണച്ചീടുമെന്ന
ച്ഛനെയാണെനിക്കിഷ്ടം
എന്നുമെന്നും മുന്നിലെന്നെ നയിക്കുമെന്ന
ച്ഛനെയാണെനിക്കിഷ്ടം
ഒത്തിരിയേറെയാണിഷ്ടം.

# ജീവിതയാത്ര

യു.എസ്. രവീന്ദ്രൻ – 9496120978

ഇടവപ്പാതിയിലെ മഴയിൽ എപ്പോഴെങ്കിലും വഴിയിൽപ്പെട്ടു പോയിട്ടുണ്ടോ? ഇടിമിന്നലോടുകൂടി പെയ്യുന്ന മഴയിൽ കുടയില്ലാതെ, കേറിനിൽക്കാനൊരു ഇടമില്ലാതെ വന്നാലത്തെ സ്ഥിതി ഒന്നാലോചിച്ചു നോക്കൂ. മഴമാറിയശേഷം നനഞ്ഞൊട്ടി വീട്ടിൽപ്പെടാൻ ഉള്ള വിഷമം മറ്റാരോടും പറഞ്ഞറിയിക്കാൻ കഴിയുകയില്ല. അനുഭവിക്കുന്നവർക്കേ അറിയൂ. അതുപോലെ, ജീവിതത്തിലെ പല, പല വെല്ലുവിളികളേയും, നിഷേധാത്മകമായ സന്ദർഭങ്ങളേയും നേരിട്ട് മുന്നോട്ട് പോകാൻ അനുഭവിക്കേണ്ടി വരുന്ന മനപ്രയാസങ്ങളേയും പറഞ്ഞറിയിക്കുക സാദ്ധ്യമല്ല. എല്ലായ്പ്പോഴും സമാധാനത്തോടെയും സന്തോഷത്തോടെയും ഇരിക്കുവാനാണ് എല്ലാവർക്കും ഇഷ്ടം. എന്നാൽ ജീവിതത്തിലെ വെല്ലുവിളികളിൽ നിന്നും ഒഴിഞ്ഞുമാറാതെ എല്ലാത്തിനേയും സധൈര്യം നേരിട്ട് സമാധാനത്തിലും സന്തോഷത്തിലും എത്തിച്ചേരുമ്പോഴാണ് ജീവിതം അർത്ഥപൂർണ്ണമാകുന്നത്.

ആൽഡസ് ഹക്സ്‌ലി എന്ന മനശാസ്ത്രജ്ഞൻ പറയുന്നത് ശ്രദ്ധിക്കൂ. “അനുഭവങ്ങൾ യാദൃശ്ചികമായി വന്നുചേരുന്നതല്ല. സംഭവങ്ങളെ ഒരാൾ എങ്ങിനെ നേരിടുന്നത് എന്നതിനെ ആശ്രയിച്ചാണ് അനുഭവങ്ങൾ ഉണ്ടാകുന്നത്. ഓരോ സംഭവത്തോടും ഒരാൾ എങ്ങിനെ പ്രതികരിക്കുന്നു എന്നതിന്റെ ഫലമാണ് അനുഭവം”. ഒരാളുടെ ജീവിതത്തെ മാറ്റി മറിക്കുവാൻ തക്ക വിലപിടിപ്പുള്ള വസ്തുവാണ് അയാളുടെ മനോഭാവം. നമ്മുടെ ആത്മകഥയുടെ സൃഷ്ടികർത്താവ് നമ്മൾ മാത്രമാണ്. വെല്ലുവിളികളും ബുദ്ധിമുട്ടുകളും ഏതു നിമിഷനേരം വേണമെങ്കിലും പെയ്തിറങ്ങിയേക്കാം. ഇടവപ്പാതിയിലെ മഴപോലെ. ക്ഷണിച്ചുവരുത്തേണ്ട കാര്യമില്ല. നമ്മുടെ വഴിയിൽ പ്രശ്നങ്ങൾ വരുമ്പോൾ എങ്ങിനെ പ്രതികരിക്കുമെന്നുള്ളത് നമ്മുടെ മനോഭാവത്തെ ആശ്രയിച്ചിരിക്കുന്നു.

സന്തോഷം തന്നത്താൻ വന്നുചേരുന്നില്ല. കുട്ടിക്കാലം തൊട്ടെ സ്ഥിരം മൂശകളിൽ വാർത്തെടുത്ത വിദ്യാഭ്യാസ സമ്പ്രദായത്തിൻ കീഴിൽ കണക്ക്, ഭൗതികശാസ്ത്രം, രസതന്ത്രം എന്നിവ പഠിക്കുന്നു. എന്നാൽ സന്തോഷവാനായിരിക്കുവാൻ മാത്രം പഠിപ്പിക്കുന്നില്ല. സമതുലിതമായ (Balanced) സന്തോഷപ്രദമായ (Happy) ആർജ്ജവത്വം സമഗ്രതയോടുകൂടിയ ജീവിതം എങ്ങിനെ കരുപ്പിടിപ്പിച്ചെടുക്കാം? എപ്പോഴെങ്കിലും സ്വൈരമില്ലാഴിക തോന്നിയിട്ടുണ്ടോ? സ്വന്തം ജീവിതത്തിലെ വികാര, വിചാര പ്രവർത്തികൾക്ക് ഒരു പ്രത്യേക ശ്രദ്ധ വേണമെന്ന് തോന്നിയിട്ടുണ്ടോ? അസ്വസ്ഥത തോന്നിയിട്ടുണ്ടോ? ഇതിലെ ഏതെങ്കിലും ചോദ്യത്തിനുള്ള ഉത്തരം ‘ഉണ്ടെ’ന്നാണെങ്കിൽ ജീവിതം ഒരു തുലനാവസ്ഥയിലല്ലെന്ന് മനസ്സിലാക്കണം. വിജയിയുടെ ജീവിതരഹസ്യം ജീവിതത്തെ തുലനാവസ്ഥയിൽ നിർത്തുക എന്നതുള്ളതാണ്. അത് കിറുകൃത്യം ആയിക്കൊള്ളണമെന്നില്ല. ഒരു കാർ നാലുചക്രങ്ങളിൽ ബാലൻസ് ചെയ്തു നിൽക്കുന്നതുപോലെ ഒരാൾ വ്യക്തി

ജീവിതം, ബന്ധങ്ങൾ, ഔദ്യോഗിക ജീവിതം, സാമൂഹിതപ്രതിബദ്ധത എന്ന നാലുചക്രങ്ങളിൽ ബാലൻസ് ചെയ്ത് നിൽക്കണം.

ബാഹ്യമായ തലത്തിൽ ബാലൻസു ചെയ്യുക എന്നു വച്ചാൽ ചക്രങ്ങളുടെ വിന്യാസം (alignment) കറക്ട് ചെയ്യുന്ന പോലെയാണ്. നമ്മുടെ ചുമതലകളുടെ മുൻഗണനാക്രമവും ഈ നിമിഷത്തിന്റെ ആവശ്യവുമനുസരിച്ച് ഏതു ചക്രമാണോ ശരിയായി വിന്യസിക്കാത്തത് (alignment) എന്നതിനനുസരിച്ച്, ചില ഘട്ടങ്ങളിൽ ഔദ്യോഗികജീവിതത്തിന് വ്യക്തിജീവിതത്തേക്കാൾ കൂടുതൽ ശ്രദ്ധകൊടുക്കേണ്ടി വന്നേക്കാം. ഒരു പദ്ധതി (Project) ഇന്ന് തീർക്കാൻ ഓടി നടക്കുന്ന ഒരു വ്യക്തിക്കൊപ്പം അല്പം സമയം ചെലവഴിക്കാൻ സാദ്ധ്യമാണോ സാദ്ധ്യമല്ല തന്നെ. അയാൾ ലക്ഷ്യം സാക്ഷാത്കരിക്കാൻ വളരെ തിരക്കിലായിരിക്കും. ചിലപ്പോൾ വ്യക്തിജീവിതത്തിനായിരിക്കും മുൻഗണന. പിറ്റേന്ന് വിവാഹം നടക്കേണ്ട വധുവരന്മാരോട് കുറച്ചു സമയം കൂടി കൂടുതൽ ഓഫീസിൽ ജോലി ചെയ്യണമെന്ന് പറയാൻ പറ്റുമോ.? അത് ന്യായീകരിക്കാവുന്നതല്ല. അവരുടെ ജീവിതത്തിലെ ഒരു പ്രധാനപ്പെട്ട ദിവസത്തിന് അവർ തയ്യാറെടുക്കുകയാണ്. സുഹൃത്തുക്കളെ, നമ്മുടെ മുൻഗണനാക്രമങ്ങളെ ചക്രങ്ങളുടെ വിന്യാസം (alignment) ശരിയാക്കുന്ന വിധത്തിൽ ചെയ്തെടുക്കണം.

ജീവിതത്തിലെ തുലനാവസ്ഥ നമ്മുടെ മനോഭാവത്തിന്റേയും നമ്മൾ കാത്തുസൂക്ഷിക്കുന്ന മൂല്യങ്ങളേയും ആശ്രയിച്ച് നമ്മുടെ തന്നെ നിയന്ത്രണത്തിലുള്ളതാണ്. നമ്മുടെ മനോഭാവം (attitude) കാറിന്റെ ടയറിനകത്ത് നിറച്ചിട്ടുള്ള വായു പോലെയാണ്. എല്ലാ ടയറുകളുടെയും അകത്ത് നിറച്ചിട്ടുള്ള വായു തുല്യമായ കൃത്യമർദ്ദത്തിലുള്ളതല്ലെങ്കിൽ യാത്ര സുഗമമാകുകയില്ല. ടയർ പഞ്ചറാകാൻ സാധ്യത കൂടും. ലക്ഷ്യത്തിൽ എത്തിച്ചേരാൻ സാധിക്കുകയില്ല. അതുകൊണ്ട് മനസ്സിന്റെ തുലനാവസ്ഥ കൃത്യമായി കാത്തു സൂക്ഷിക്കേണ്ടതുണ്ട്. പുറമെയുള്ളത് ബാലൻസ് adjustment ഉം alignment ഉം ആണ്. അകത്തെ ബാലൻസ് മനോഭാവവും (attitude) ജീവിതമൂല്യങ്ങളുമാണ്. (value)

ബാഹ്യമായും ആന്തരികമായും തുലനാവസ്ഥ നിലനിർത്തുക എന്നത് ജീവിതവിജയത്തിന്റെ അടിസ്ഥാനതത്ത്വമാണ്. അതിന്റെ നിയന്ത്രണചക്രം ആത്മീയതയാണ്. എല്ലാ തുലനാവസ്ഥകളും ശരിയാക്കിയാലും ആത്മീയത എന്ന സ്റ്റിയറിങ്ങ്വീൽ കയ്യിലില്ലെങ്കിൽ എത്തിച്ചേരേണ്ടിടത്ത് എത്തിച്ചേരാൻ സാധിക്കുകയില്ല. ശ്രീബുദ്ധൻ പറഞ്ഞതോർക്കുക. ഒരു തിരികൊളുത്തുവാൻ തീനാളം ആവശ്യമാണ്. ജീവിതത്തിൽ വെളിച്ചം കൊളുത്തുന്ന തീനാളമാണ് ആത്മീയത. ജീവിതത്തിന് ഒരു വിലപ്പെട്ട ലക്ഷ്യവും ഉദ്ദേശവും ആത്മീയത കൊണ്ടുവരുന്നു. ചിലപ്പോൾ മനസ്സിൽ ശൂന്യത അനുഭവപ്പെട്ടേക്കാം. നഷ്ടപ്പെട്ട ഒരു പ്രതീതി ഉണ്ടായേക്കാം. ജീവിതം എങ്ങോട്ടോ പോകുന്നു. നമ്മളെ എങ്ങോട്ടോ കൊണ്ടുപോകുന്നു എന്ന് തോന്നിയേക്കാം. ഈ സമയങ്ങളിലൊക്കെ ആത്മീയത എന്ന steering wheel മുറുകെ പിടിച്ച് നേരേ മുൻപോട്ട് പോകണം. ഈ steering wheel ന് നാലു ഭാഗങ്ങളാണുള്ളത്. അവ സാധന, പ്രാർത്ഥന, യോഗ തുടങ്ങിയവയും സത്സംഗം, സദാചാരം, സേവനം എന്നിവയുമാണ്. ഈ നാലു ഘടകങ്ങൾ കൂട്ടിയിണക്കിയിട്ടുള്ള സ്റ്റീയറിങ്ങ്വീലിൽ മുറുകെ പിടിച്ച് മുന്നോട്ട് പോകുകയാണെങ്കിൽ ജീവിതമാകുന്ന വാഹനയാത്രയിൽ കൃത്യമായി ലക്ഷ്യത്തിൽ എത്തിച്ചേരുന്നതാണ്.

നമുക്ക് ശ്രമിച്ചു നോക്കാം.

****

ഒന്നാം ഭാഗം

# തത്ത്വമസി

സി. നാരായണൻ

**ത**ത്ത്വമസി എന്ന വാക്യം കേൾക്കാത്തവരും, അതിന്റെ ഏകദേശമായ അർത്ഥം അറിയാത്തവരുമായി ഭാരതീയരായി ആരെങ്കിലുമുണ്ടാവുമെന്നുതോന്നുന്നില്ല. കാരണം ഭാരതീയ ദർശനത്തിൻെറ ആണിക്കല്ലാണ് അതിന്റെ ഉള്ളടക്കം. മറ്റു മൂന്നു മഹാകാവ്യങ്ങളുടേതെന്ന പോലെ, 'തത്ത്വമസി' വാക്യത്തിന്റേയും അർത്ഥം 'ജീവൻ ഈശ്വരൻ തന്നെ' യാണെന്ന അഖണ്ഡബോധാത്മകമായ 'നീ അതാകുന്നു' എന്നാണ്. പക്ഷേ അതിന്റെ ശരിയായ വിവക്ഷ മനസ്സിലാക്കാത്തതിനാൽ മിക്കവാറുമാരും അതിനെ കാര്യമായെടുക്കാറില്ല. അതിനെ ഖണ്ഡിക്കാനും മുതിരാറില്ല. കാരണം അതിനു തക്കതായ ഗൗരവം കൊടുക്കാനും വേണ്ട പോലെ പഠിക്കാനുമൊന്നും ആരും ശ്രമിക്കാറില്ല. വേണ്ടത്ര പ്രാധാന്യം കൊടുത്താലല്ലേ ശരിയും തെറ്റുമൊക്കെ വിവേചിക്കാൻ ശ്രമിക്കൂ.

പക്ഷേ, എല്ലാ ശാസ്ത്ര പഠനത്തിന്റേയും ഉദ്ദേശ്യം ഈ വാക്യത്തിന്റെ അർത്ഥം സ്വാംശീകരിക്കലാണ്. തീർത്ഥയാത്ര, ദാനം എന്നീ ലളിതമായവ തുടങ്ങി ക്ലിഷ്ടവും തീവ്രവുമായ എല്ലാ സാധനകളും, ഇതിന്റെ സാരം ഉൾക്കൊള്ളത്തക്ക വിധം മനസ്സിനെ പരിപാകപ്പെടുത്താനുദ്ദേശിച്ചുള്ളവയുമാണ്.

നാം നമ്മുടെ ജീവിതം അപഗ്രഥിക്കയാണെങ്കിൽ, അതിൻെറ ഏതു ദിശയിലും നാം എന്തോ ഒന്ന് നേടാൻ ശ്രമിക്കുകയായിരുന്നുവെന്നു കാണാം. പക്ഷേ, തങ്ങളുടെ ഉദ്യമങ്ങളിലൂടെ തൃപ്തരായ ആരെയും നമുക്കു കാണാൻ സാധിക്കുകയുമില്ല. താൻ അന്വേഷിക്കുന്ന ചാരിതാർത്ഥ്യം. അതായത്, 'ഞാൻ അന്വേഷിക്കുന്നത്. എനിക്കു കിട്ടി, ഇനി എനിക്കു ഒന്നും നേടേണ്ടതില്ല' എന്ന് തന്നോടു തന്നെ സത്യസന്ധമായി പറയാനുള്ള കൃതകൃത്ത്യത ജീവിതത്തിന്റെ ഒരു ഘട്ടത്തിലും ആർക്കും ലഭിക്കാറില്ല. അതിന്റെ കാരണം നാം അന്വേഷിക്കുന്ന വസ്തു നാം പിന്തുടരുന്ന മാർഗ്ഗങ്ങളിലൂടെ കിട്ടുന്ന ഒന്നല്ല എന്നതാണ്.

ഈ വസ്തുതയെപ്പറ്റി കൂടുതൽ വിശകലനം ചെയ്യേണ്ടതുണ്ട്. നാം ധരിച്ചുവെച്ചിരിക്കുന്നത്, നമ്മുടെ എല്ലാവിധ ആവശ്യങ്ങളുടെയും പൂർത്തീകരണത്തിനു ആവശ്യമായ വസ്തുക്കൾ നമുക്ക് പുറത്തു വിഷയങ്ങളുടെ രൂപത്തിൽ ലഭ്യമാണെന്നാണ്. നമുക്കു ശ്വസിക്കാനുള്ള പ്രാണ വായു, വിശപ്പു ശമിപ്പിക്കാനുള്ള ഭക്ഷണം, ദാഹം തീർക്കാനുള്ള വെള്ളം, മൈഥുനം പോലെയുള്ള ആവശ്യങ്ങൾ നിറവേറ്റാനുള്ള മാർഗ്ഗങ്ങൾ എന്നിവയെ

ല്ലാം നമുക്കു പുറത്തു കിട്ടുന്നവയാണ്. മാത്രമല്ല, നമ്മുടെ സൗന്ദര്യബോധത്തെ തൃപ്തിപ്പെടുത്താനും പുറത്തു വിഷയങ്ങൾ ഉണ്ട്. ദീപ്തമായ ഒരു സൂര്യോദയം, വർണ്ണാഭമായ പൂക്കൾ, മലയിടുക്കിൽ നിന്ന് പ്രവഹിക്കുന്ന അരുവി എന്നിങ്ങനെ ചുറ്റുമുള്ള നയനാനന്ദകരമായ വിഷയങ്ങളെ കൂടാതെ മറുനാടുകളിലും എത്രയോ രമണീയമായ കാഴ്ചകൾ നമുക്കു പുറത്തുണ്ട്. ഇനി ശ്രോത്രേന്ദ്രിയത്തിലൂടെയുള്ള ആനന്ദത്തിനാണെങ്കിൽ പ്രകൃതിയിലെ മധുര ശബ്ദങ്ങൾക്കു പുറമേ നാം വൈവിധ്യമാർന്ന ധാരാളം സംഗീതോപകരണങ്ങൾക്ക് രൂപം കൊടുത്തിട്ടുണ്ട്. ഇവയെല്ലാം നമുക്കു പുറത്താണ്.

പിന്നെയും, നമ്മുടെ രസനേന്ദ്രിയത്തിന്റെ സുഖത്തിനു വ്യത്യസ്ത രുചിയിലുള്ള പദാർത്ഥങ്ങളും പുറത്തു തന്നെയുണ്ട്.

പുഷ്പങ്ങളുടെ സുഗന്ധത്തിനു പുറമേ കൃത്രിമമായ പരിമളങ്ങളും നമുക്ക് ലഭ്യമാണ്. അങ്ങനെ നമ്മുടെ സ്ഥൂലശരീരത്തിന്റെ ആവശ്യങ്ങൾ മുഴുവനും പൂർത്തീകരിക്കാൻ മാത്രമല്ല, നമ്മുടെ സൗന്ദര്യബോധത്തെ ഉണർത്തുന്നതും നമ്മുടെ പുറത്തു വിഷയരൂപത്തിലുള്ളവ തന്നെ.

ഈ അവസരത്തിൽ ഓർമ്മിക്കേണ്ട ഒരു വസ്തുത, നാം ഒരു വസ്തുവിനേയോ, സംഭവത്തേയോ അനുഭവിക്കുന്നത്, അതിനെ മനസ്സിന്റെ വിഷയമാക്കിക്കൊണ്ടാണ് എന്നതാണ്. മനസ്സിന്റെ വിഷയത്തെയാണ് നാം സ്നേഹിക്കുന്നതും വെറുക്കുന്നതും. നമ്മുടെ എല്ലാതരം അറിവുകളും വിഷയരൂപങ്ങളിലുള്ളവയാണ്. ഒരു കവിതയായാലും യുദ്ധതന്ത്രമായാലും അതു രൂപപ്പെടുന്നത് മനസ്സിന്റെ വിഷയമായാണ്. ഓരോ മാത്രയും നാം ജീവിക്കുന്നത് മനസ്സിലെ വിഷയങ്ങൾക്കൊപ്പമാണ്. ഒരു തരത്തിൽ ജീവിതം തന്നെ മനസ്സിലെ ഒരു വിഷയമാണ് ഇങ്ങിനെയൊക്കെയാണെങ്കിലും ഈ തത്ത്വം വ്യാവഹാരികതലത്തിൽ മാത്രമേ സത്യമാകുന്നുള്ളൂ. പഞ്ചേന്ദ്രിയങ്ങളാൽ അറിയുന്ന വസ്തുക്കൾ മാത്രമേ മനസ്സിനു വിഷയമാകുന്നുള്ളൂ.

പക്ഷേ നാം അന്വേഷിക്കുന്നതു പഞ്ചേന്ദ്രിയങ്ങളാൽ അറിയുന്ന വസ്തുവിനു തരാൻ സാധിക്കുന്ന പരിമിതമായ വിഷയരൂപത്തിലുള്ള സുഖമല്ല. അങ്ങിനെയാണെങ്കിൽ, ഏതെങ്കിലും സാങ്കേതിക വിദ്യയുടെ സഹായത്തോടെ നാം എന്നേ അതിനെ സാർവത്രികമായി എല്ലാവർക്കും ലഭ്യമാക്കുമായിരുന്നു. നാമറിയാതെ തന്നെ നാം അന്വേഷിക്കുന്നതു നമ്മുടെ നിരതിശയമായ സ്വരൂപാനന്ദമായതു കൊണ്ട് അത് ഒരിക്കലും മനസ്സിന്റെ വിഷയമാകില്ല. കാരണം അത് സത്തും ആനന്ദവുമാണെന്നതിനു പുറമേ ജ്ഞാനസ്വരൂപവുമാണ്.

അറിവിനെ എങ്ങിനെയാണ് അറിവിന്റ തന്നെ വിഷയമാക്കുക ഞാൻ എനിക്ക് ഒരിക്കലും വിഷയമാവില്ല. കാരണം, ഏതെങ്കിലും ഒന്നിനെ വിഷയമാക്കാൻ അതിൽ നിന്ന് വിട്ടുനിൽക്കണം. എന്റെ അസ്തിത്വത്തിൽ നിന്ന് ഞാൻ എങ്ങിനെയാണ് വിട്ടുനിൽക്കുക.

ഈ തത്ത്വം നമ്മുടെ ചില അനുഭവങ്ങളിൽ പരിശോധിച്ചാൽ മനസ്സിലാവും. ഉദാഹരണത്തിനു ഒരു പൈതലിന്റെ പുഞ്ചിരി നമുക്ക് സന്തോഷം തരുന്നു. അത് നമ്മുടെ ഭൗതികമായ ഏതെങ്കിലും മാനദണ്ഡം അനുസരിച്ചല്ല. ആ മന്ദഹാസം ഇത്ര സെന്റീമീറ്റർ വലുപ്പമുള്ളതുകൊണ്ടോ, ഒരു പ്രത്യേക ആങ്കിളി

ലുള്ളതുകൊണ്ടോ ഒന്നുമല്ല നമുക്കത് ഇഷ്ടമാകുന്നത്. അതു നമ്മുടെ ഹൃദയത്തിലെ ഏതോ ഒരു സംതൃപ്തിക്ക് ഏതോ ഒരു നിമിത്തത്താൽ കാരണമാകുന്നതുകൊണ്ടാണ്. നമുക്കു തന്നെ ആ പുഞ്ചിരി ആനന്ദമാകുകയാണെങ്കിൽ ആ ശിശുവിന്റെ അമ്മയുടെ കാര്യം പറയാനുണ്ടോ? പക്ഷേ ആ അമ്മ കഠിനമായ തലവേദനയാൽ ക്ലേശിക്കുന്ന അവസരമാണെന്ന് വെയ്ക്കുക. അമ്മക്ക് അപ്പോൾ തന്റെ കുട്ടയുടെ പുഞ്ചിരി ആനന്ദകരമായി തോന്നില്ല. സന്തോഷം എന്ന് ആ പുഞ്ചിയിരുടെ പ്രാഥമിക സ്വഭാവമായിരുന്നുവെങ്കിൽ തലവേദന ഒരു തടസ്സമേ ആവാതെ മറ്റേത് അവസരത്തിലെന്ന പോലെതന്നെ അപ്പോളും അവർക്ക് സന്തോഷം കിട്ടേണ്ടതാണ്. പക്ഷേ അങ്ങിനെ കാണുന്നില്ല.

നമ്മുടെ നിസ്സാര സന്തോഷങ്ങൾ കൂടി നമ്മുടെ പുറത്തുള്ളതല്ല, നമ്മുടെ സ്വരൂപമാണ് ആ ആനന്ദം എന്നാണ് ശ്രുതി പറയുന്നത്. പക്ഷേ മായ തന്റെ വികൃതിയാൽ ധർമ്മത്തേയും ധർമ്മിയേയും തലതിരിച്ചു കാണിക്കുന്നതു കൊണ്ടാണ്. ആനന്ദം നമ്മുടെ പുറത്തുള്ള വിഷയങ്ങിലാണെന്നു തോന്നുന്നത്.

അതായത് ആനന്ദം എന്നത് സദ്വസ്തുവായ ആത്മാവിന്റെ ധർമ്മമാണ്. മായ എന്ന പ്രതിഭാസം, ആദ്യമേ പുറത്തുള്ള വസ്തുവും നമ്മുടെ ആത്മാവായ സദ്വസ്തുവും തമ്മിൽ താദാത്മ്യരൂപത്തിലുള്ള അഭേദം കല്പിക്കുന്നു. പിന്നെ ധർമ്മ ധർമ്മികളെ വിപരീതമാക്കി കാണിക്കുന്നു.

ഉദാഹരണത്തിനു ഒരു പൂവ് നമുക്ക് ആനന്ദം തരുന്നുവെന്നിരിക്കട്ടെ. ആനന്ദസ്വരൂപമായ സത് വസ്തുവിന്മേൽ പൂവ് എന്ന രൂപം മായയാൽ ആരോപിതമാണ്. സദ്വസ്തുവിനെ പൂവിലും അധ്യാസം ചെയ്യുന്നു. ഇങ്ങനെ പരസ്പരം അധ്യാസം ചെയ്ത് അവരുടെ ധർമ്മ ധർമ്മിത്വം മായ വിപരീതമായി കാണിച്ചു തരുന്നു. അതായത് പൂവ് എന്ന വസ്തു (ധർമ്മ)വിന്റെ ധർമ്മമാണ് ആനന്ദവും അസ്തിത്വവുമെന്നു നമ്മെ മോഹിപ്പിക്കുന്നു. യഥാർത്ഥത്തിൽ ആനന്ദം എന്നത് പൂവുൾപ്പെടെയുള്ള ജഗത്തിലെ എല്ലാ വസ്തുക്കളുടേയും അധിഷ്ഠാനമായ ആത്മാവ് എന്ന സത്വസ്തുവിന്റെ മാത്രം ധർമ്മമാണ്. പൂവ് എന്ന മിഥ്യാവസ്തുവിനു ശരിയായ ഉണ്മ തന്നെയില്ല. അത് ആനന്ദവും സത്യവുമായ സദ്വസ്തുവിൽ തോന്നുന്നഒരുപ്രതീതിമാത്രമാണ്.അതെങ്ങിനെ സത്വസ്തുവിന്റെ ധർമ്മമായ ആനന്ദം തരുന്നതിനു സമർത്ഥമാവും. അതായത് ആനന്ദം പൂവിൽ സ്ഫുരിക്കുകയല്ല. പൂവ് എന്ന മിഥ്യാവസ്തു ആനന്ദത്തിൽ സ്ഫുരിക്കയാണു ചെയ്യുന്നത്. പൂവ് താത്ക്കാലികമായി കുറച്ചു നേരം ആനന്ദം തരുന്നുണ്ടെന്ന തോന്നൽ ഉണ്ടാക്കിയാലും.അതും അതു പോലുള്ള വസ്തുക്കളും നശ്യങ്ങളായതിനാൽ അവ അല്പകാലത്തിനു ശേഷം സുഖം തരാൻ അസമർത്ഥമായി ഭവിക്കുന്നു. ആ അനുഭവം നമുക്കു ദു:ഖത്തിനു കാരണമാകാതെ വയ്യ. ലോകത്തിലെ എല്ലാ ദു:ഖങ്ങൾക്കും കാരണം, നാം സുഖത്തിനായി ഇത്തരം വസ്തുക്കളെ ആശ്രയിക്കുന്നതും നിശ്ചയമായും നാമതിൽ വഞ്ചിക്കപ്പെടുന്നതു കൊണ്ടും മാത്രമാണ്. പക്ഷേ ആ സത്യം മനസ്സിലാക്കാതെ വീണ്ടും വീണ്ടും അതേ തെറ്റു തന്നെ നാം ആവർത്തിച്ചുകൊണ്ടിരിക്കുന്നു. നാം അന്വേഷിക്കുന്ന അനന്തമായതും ഒരിക്കലും നശിക്കാത്തതുമായ

സുഖം തരാൻ പുറത്തുള്ള ഒരു വിഷയവും പ്രാപ്തമല്ലെന്ന വസ്തുത നമുക്കു മനസ്സിലാവുന്നില്ല. ആ ആനന്ദം തന്റെ ആത്മാവാണെന്നും അത് ഒരിക്കലും വിഷയമാവില്ലെന്നും എപ്പോളും വിഷയിയാണെന്നും ശ്രുതിയിലൂടെ മാത്രമേ നമുക്കറിയാൻ സാധിക്കൂ.

ഇവിടെ ഒരു ചോദ്യമുയരാം. നമ്മുടെ ആത്മാവിന്റെ തന്നെ ആനന്ദമാണ് നാം ശിശുവിന്റെ പുഞ്ചിരി മുതലായ ദൃശ്യങ്ങളിൽ കാണുന്നതെങ്കിൽ, അതെന്തുകൊണ്ട് എല്ലാ വസ്തുക്കളിലും ഒരുപോലെ കാണുന്നില്ല. അതിനുത്തരം പ്രത്യക്ഷജ്ഞാനത്തിൽ മായ ഒരു ഘടകമാകുന്നുണ്ട് എന്നാണ്. മായ ത്രിഗുണാത്മികയാണ്. അതിനാൽ അന്തക്കരണത്തിലൂടെ വൃത്തികളിലും സത്വം രജസ്സ് തമസ്സ് എന്നീ മായ ഗുണങ്ങൾ ഉണ്ടാവുക സ്വാഭാവികമാണ്. പുഷ്പം മുതലായവ ഉണ്ടാക്കുന്ന സത്വഗുണപ്രധാനമായ ശാന്ത വൃത്തികളിൽ മാത്രമേ ആത്മാവിന്റെ ആനന്ദാംശം പ്രതിഫലിക്കൂ.

പാമ്പ്, തേള് മുതലായ ഘോരവൃത്തികൾ മനസ്സിൽ ജുഗുപ്സത ജനിപ്പിക്കുന്നു. കാരണം, അവയിൽ ആത്മാവിന്റെ ആനന്ദം സ്ഫുരിക്കുന്നില്ല, സത്ത് ചിത്ത് എന്നീ അംശങ്ങൾക്കു മാത്രമേ അവ പാത്രമാകുന്നുള്ളൂ. ഒരു മുറിയിലെ മൂലയിൽ കത്തിച്ചു വെച്ച വിളക്കിലെ അഗ്നിയുടെ വെളിച്ചം എന്ന അംശം മാത്രം മുറി മുഴുവൻ പരക്കുമ്പോൾ അതിന്റെ ചൂട് എന്ന ധർമ്മം അതിൽ മാത്രം പ്രകടമാകുന്നതു പോലെയാണെന്നു കരുതിയാൽ മതി.

ഏതു വസ്തുവും അതിന്റെ സ്വരൂപാവസ്ഥയിലെത്താൻ പരിശ്രമിക്കുന്നതായി നമുക്കു കാണാം. ദ്രുതഗതിയിൽ കറങ്ങുന്ന ഒരു പമ്പരം തന്റെ ഭ്രമണം ഉപേക്ഷിക്കാനും കുത്തിയൊഴുകുന്ന ഒരു നദി സമുദ്രത്തിന്റെ ആഴത്തിലെ നിശ്ചലതയെ പ്രാപിക്കാനും ദിവസം മുഴുവൻ പാറി നടന്ന പക്ഷി തന്റെ കൂട്ടിലെ വിശ്രമം നേടാനുമൊക്കെ പരിശ്രമിക്കുന്നത് നാം കാണാറുള്ളതാണ്. ഒരു വസ്തുവിനും ശരിക്കും തന്റെ ഭാഗമല്ലാത്തതിനെ വിട്ടുകളയാതെ സ്വസ്ഥതയില്ല. ഒരു കരടു ഉള്ളിൽ പ്രവേശിച്ചാൽ അത് അന്യമായ ഒന്നു കൊണ്ട് അതിനെ പുറം തള്ളാതെ കണ്ണിനു സ്വസ്ഥത ലഭിക്കുകയില്ല. തികച്ചും അതുപോലെ സുഖമാണ് എന്റെ സ്വരൂപമെന്നുള്ളതു കൊണ്ടും ദുഖം എനിക്ക് പ്രകൃത്യാ അന്യമാണെന്നതിനാലും ദുഖത്തെ നിവർത്തിക്കൽ എന്റെ സ്വാഭാവികമായ ചോദനയാണ്. ദുഖവും അജ്ഞാനവും എന്റെ നൈസർഗികമായ അവസ്ഥക്ക് വിരുദ്ധമായതിനാൽ അവരിലും ഞാൻ അസ്വസ്ഥനാണ്. എന്റെ ശുദ്ധമായ സ്വരൂപം മാത്രമാണ് ഞാൻ സദാ തേടുന്നത്. ശാന്തിയും തൃപ്തിയും എന്താണെന്ന് എല്ലാവർക്കും അറിയാം. പക്ഷേ അത് തങ്ങളുടെത്തന്നെ സ്വരൂപമാണെന്നറിയാതെ എല്ലാവരും അതിനെ കർമ്മങ്ങളിലൂടെ തങ്ങൾക്കു പുറത്തു തേടുന്നു.

കർമ്മങ്ങൾ നമ്മെ സ്വരൂപത്തിൽ നിന്ന് അകറ്റുന്നു. കർമ്മം നമ്മുടെ സ്വരൂപത്തിനു അന്യമായതും ജഡമായതുമായ ഒന്നാണ്. നമ്മുടെ സ്വരൂപം നമ്മുടെ പുറത്തായിരിക്കാൻ വഴിയില്ലെന്ന് സാമാന്യബുദ്ധിയാണ്. അപ്പോൾ നമുക്ക് സംതൃപ്തി അന്വേഷിക്കേണ്ടത് നമ്മുടെ ഉള്ളിൽ തന്നെയാണ്.

****

1197 ഇടവം 1 - 31

# ഓം

ഹരി ശ്രീ ഗണപതയെ നമഃ അവിഘ്നമസ്തു

Tel : TDM -2361160,

Mob : 9447696190, 9447354306

# മാസഫലം

**2022 മെയ് 15 മുതൽ ജൂൺ 14 വരെ**

**ജ്യോതിഷാചാര്യ: വിജയ മേനോൻ**

മേടക്കൂർ (അശ്വതി ഭരണി, കാർത്തിക 1/4) വലിയ കാ

ര്യങ്ങൾക്കായി വൻതോതിൽ ചെലവു ചെയ്യേണ്ടിവരും. സാമ്പത്തികമായി അഭിവൃദ്ധിയുണ്ടാകും. സർക്കാർ കാര്യങ്ങളിൽ വിജയം ഉണ്ടാകും. വാദപ്രതിവാദങ്ങളിൽ നിന്ന് ഒഴിഞ്ഞു നിൽക്കുക. അപകീർത്തിക്കിടവരും. കുടുംബത്തിൽ അസ്വസ്ഥതകൾ ഉണ്ടാകും. നേത്ര രോഗങ്ങൾക്കു സാദ്ധ്യതയുണ്ട്. ദോഷങ്ങൾ കുറയ്ക്കുവാനായി ദശാനാഥനെയും അപഹാരനാഥനെയും ഭജിക്കുക.

ഇടവക്കൂർ (കാർത്തിക 3/4, രോഹിണി, മകീര്യം 1/2) എന്തു

പ്രവൃത്തിയിലും മനസ്സ് ചഞ്ചലമായിരിക്കും. അവസരങ്ങൾ കിട്ടാതെ വരാം. അനാരോഗ്യം മനക്ലേശം എന്നിവ അലട്ടാം. മറ്റുള്ളവരുടെ സഹായത്തോടെ ജീവിതത്തിൽ വിജയം നേടാനുള്ള അവസരങ്ങൾ വന്നുചേരും. ദശാനാഥനെയും അപഹാരനാഥനെയും ഭജിക്കുക

മിഥുനക്കൂർ (മകീര്യം 1/2, തിരുവാതിര, പുണർതം 3/4) ലൗകിക


വിഷയങ്ങളിൽ അഭിവൃദ്ധിയുണ്ടാകും. ശത്രുക്കളിലുള്ള വിജയം ജാലവിദ്യയിൽ അറിവ് എന്നിവ ഫലമാകുന്നു. ധനനഷ്ടങ്ങൾക്കുള്ള സാദ്ധ്യത കാണുന്നു. വീഴ്ച മുറിവ് എന്നിവയുണ്ടാകാം. ദശാനാഥനെയും അപഹാരനാഥനെയും ഭജിക്കുക.

കർക്കിടകക്കൂർ (പുണർതം 1/4, പൂയ്യം, ആയില്യം) കുടുംബത്തിൽ

സ്വസ്ഥതയും സുഖവും ഉണ്ടാകും. ബന്ധുക്കളുമായി നല്ല ബന്ധങ്ങൾ സ്ഥാപിക്കും. ആരോഗ്യപുഷ്ടിയും ഉദ്യോഗത്തിൽ പ്രമോഷനും സജ്ജനങ്ങളുമായുള്ള പ്രീതിയും ഫലമാകുന്നു. ദശാനാഥനെയും അപഹാരനാഥനെയും ഭജിക്കുന്നതു കൂടുതൽ ഗുണകരം.

ചിങ്ങക്കൂർ (മകം, പൂരം, ഉത്രം 1/4 ) ഉദ്യോഗലബ്ധിയും,

കാര്യപ്രാപ്തിയും ധനലബ്ധിയും സൽകീർത്തിയും ഫലമാകുന്നു. നീതിയിലൂടെയും ധർമ്മത്തിലൂടെയും ആദരണീയത ലഭിക്കും. ഉൽക്കർഷേച്ഛ തീവ്രമാകും. ഉത്തരവാദിത്വ ങ്ങൾ വർദ്ധിക്കും. ദശാനാഥനേയും അപഹാരനാഥനേയും ഭജിക്കുക.

കന്നിക്കൂർ (ഉത്രം 2/4, അത്തം, ചിത്തിര 1/2)ആരോഗ്യം

ക്ഷയിക്കും. വിദേശ യാത്രയും വിദേശ ജോലിയും തരപ്പെട്ടേക്കാം. വ്യയാധിക്യമുണ്ടാകും. പല കാര്യങ്ങളിലും ബന്ധുക്കളിൽ നിന്നും വിയോജിപ്പു നേരിടേണ്ടി വരും. അപവാദം കേൾക്കേണ്ടിവരാം. ദശാനാ ഥനെയും അപഹാരനാഥനെയും ഭജിക്കുന്നത് കൊണ്ട് ദോഷം കുറയും.

തുലാക്കൂറ് (ചിത്തിര 1/2 , ചോതി, വിശാഖം 3/4) സർക്കാ

രിൽ നിന്നും ശത്രുക്കളിൽ നിന്നും കഷ്ടനഷ്ടങ്ങൾ, മാനസ്സിക ശാരീരിക ബുദ്ധിമുട്ടുകൾ, അപകടം, വാക്കുതർക്കം എന്നിവയ്ക്കെല്ലാം സാദ്ധ്യത കാണുന്നു. പൊതുവേ മോശം സമയം. ദശാനാഥനെയും അപഹാരനാഥനെയും ഭജിക്കുക.

വൃശ്ചികക്കൂർ (വിശാഖം 1/4 അനിഴം, തൃക്കേട്ട) സാമ്പത്തിക

സാമൂഹിക രംഗങ്ങളിൽ ഗുണപരമായ നേട്ടങ്ങൾ ഉണ്ടാകും. വിചിത്രമായ പ്രണയാനുഭവങ്ങൾ ഉണ്ടാകാം. തീക്ഷ്ണമായ മാറ്റങ്ങൾക്കു വശംവദനനായേക്കാം. ചുറ്റുപാടുകൾ മൂലം പ്രതിബന്ധങ്ങൾക്കും സാദ്ധ്യത ദശാനാഥനെയും അപഹാരനാഥനെയും ഭജിക്കുക.

ധനുക്കൂർ (മൂലം, പൂരാടം, ഉത്രാടം 1/4) ഉന്നത സ്ഥാനമാനാ


ദിലബ്ധി, കാര്യ ജയം, ആരോഗ്യപുഷ്ടി ഇവ ഫലം. സമാധാനപൂർണമായ ചുറ്റുപാടുകളും അനുകൂലഗൃഹാന്തരീക്ഷവും ആയിരിക്കും. പരദൂഷണം കൊണ്ടുള്ള ബുദ്ധിമുട്ടുകൾ ഉണ്ടാകും. യാത്രയിൽ അപകട സാദ്ധ്യതയുണ്ട്. ദോഷങ്ങൾ കുറയ്ക്കുവാനായി ദശാനാഥനെയും അപഹാരനാഥനെയും ഭജിക്കുക.

മകരക്കൂർ ഉത്രാടം 3/4 തിരുവോണം, അവിട്ടം 1/2) വിജയപ്ര

ദവും ശുഭകരവുമായ യാത്രകൾ ഉണ്ടാകും. സഹോദരങ്ങൾക്ക് ജീവിതത്തിൽ ഉയർച്ചയുണ്ടാകും. ബന്ധുക്കളുമായി സൗഹൃദമായി ഇടപെടും. രോഗാരിഷ്ടതകളും അധികച്ചിലവുകളും വരാം. ദോഷങ്ങൾ കുറയ്ക്കാൻ ദശാപഹാരനാഥന്മാരെ ഭജിക്കുക.

കുംഭക്കൂർ (അവിട്ടം 1/2, ചതയം, പൂരൂരുട്ടാതി 3/4) ഗൃഹപ

രമായ അസ്വസ്ഥതകൾ പ്രക്ഷുബ്ധമായ സാഹചര്യങ്ങൾ ഇവ അഭിമുഖീകരിക്കേണ്ടിവരും. കാര്യസാദ്ധ്യത്തിന് തടസ്സങ്ങളും കാലതാമസവും വരാം. തൊഴിലുകളിൽ നിന്നുള്ള സമ്പത്ത് വന്നുചേരും. ദശാനാഥനെയും അപഹാരനാഥനെയും ഭജിക്കുക.

മീനക്കൂർ (പൂരൂരുട്ടാതി 1/4, ഉത്രട്ടാതി, രേവതി) സ്ഥാനമാന

ലബ്ധിയും ധനധാന്യവർദ്ധനയും കീർത്തിയും അധികാരികളുടെ കോപവും ഫലമാകുന്നു. ശത്രുഭയവും പ്രതീക്ഷിക്കാം. വിശേഷ ദ്രവ്യലാഭമുണ്ടാകും. ദശാപഹാരനാഥന്മാരെ ഭജിക്കുക.

*ശുഭമസ്തു*

*ശംഭോമഹാദേവ! എറണാകുളത്തപ്പൻ തുണ!*

# MANGALYAM MATRIMONIAL

## വധുവിനെ ആവശ്യമുണ്ട്



Nair Boy, 28/183cm, Thiruvathira, Medium, B.Com, PGDM (HR & Marketing), Senior Business Coordinator (Immigration) - Fragoman Immigration Services, Infopark, Kakkanad, Pref: Graduation, Mob:6238678879

Email:jayakumar_7@hotmail.com
Date of Birth:29-12-1993(9.28am)
Sishta Dasa:Rahu:5-2-18

ശി ശു

ച ഗു | കു ബു | ല ര | സ മാ

| | | | |
|---|---|---|---|
| മാ | | ശി | ച |
| മ | ഗ്രഹനില & അംശകം | | |
| ല | | | |
| ര കു ബുശു | സ | ഗു | |

മ

Contact Address:
MR.JAYAKUMAR K
FLAT # 5E
VEEGALAND KINGSTOWN
NEAR AMBILI NAGAR
VADAKEKOTTA, TRIPUNITHURA
ERNAKULAM - 682301

Nair Boy, 28/170cm, Revathi, Fair, BARCH, MSC in Real Estate Management, MBA Project Manager - Non IT-Muscat, Pref :NRI, Mob: 9947229792, WhatsApp. No.00968 99229792

Email:anilnayr@gmail.com
Date of Birth:14-03-1994(2.36am)
Sishta Dasa:

ഗു ര

മാ | ശി | കു മ | സ | ച

| | | | |
|---|---|---|---|
| ച ശു | | ശി | |
| ര ബു മ കു | ഗ്രഹനില & അംശകം | | |
| | | | |
| ല | സ | ഗു മാ | |

ല ബു ശു

Contact Address:
MR.ANIL KUMAR S
SFS PEARL
PALLIMUKKU
PEMAH P O
THIRUVANANTHAPURAM 695024

Nair Boy, 29/172cm, Moolam, MBA, SPSR Education Services Pvt Ltd , Director,Pref:Graduation Mob: 9676430379

Email:prince.arunnair@gmail.com
Date of Birth:9-8-1992(12.00am)
Sishta Dasa:

കു
ച സ

ശു | മ | ര | മാ

| | | | |
|---|---|---|---|
| | | കു | ശി |
| | ഗ്രഹനില & അംശകം | | ര ബു |
| മ | | | ശു ല ഗു |
| ച മാ സ | | | |

ശി ല ബു ഗു

Contact Address:
MR. S.NANDAN NAIR
NANDANAM,
IST AVENUE,
CHINMAYA CROSS ROAD
VADUTHALA
KOCHI - 682023

Nair Boy, 26/ 165cm, B.Tech, Chithira 1/2(Kanni), Specialist Programmer, INFOSYS, Pref: Professional, Employed, Mob:08606108000, 8281812590

Email: tsanil2002@gmail.com
Date of Birth:7-7-1995(2.49pm)
Sishta Dasa:

| | | | |
|---|---|---|---|
| മ | ശി | ബു | ര ശു |
| | ഗ്രഹനില & അംശകം | | |
| | | | കു മാ |
| | ഗു | സ ല | ച |

Contact Address:
MR. ANILKUMAR MENON
THENAYIL HOUSE,
KANJOOR
KALADY
ERNAKULAM - 683575

## വരനെ ആവശ്യമുണ്ട്

Nair Girl,27/154cm, M.Arch(NIT), Freelance Architect, Pref: Graduation/ PG Professional,prefer those who are settled at Ernakullam, Mob: 9446062570, 9895163270

Email:nndkmrmv@gmail.com
Date of Birth:5-8-1994(3.27pm)
Sishta Dasa:

മ ല ച സ

ശു | ഗു | ര | കു

| | | | |
|---|---|---|---|
| | ശി | കു | ച |
| മ | ഗ്രഹനില & അംശകം | | ര ബു |
| | | | മാ |
| ല | | ഗു സ | ശു |

ശി മാ ബു

Contact Address:
MR. M.V.NANDAKUMAR
MUDAKKODIL HOUSE
POONITHURA P O
ERNAKULAM 682038


**THOTTEKKATT DIWAN'S MEMMORIAL HALL**
**ERNAKULAM KARAYOGAM**

1. TDM HALL GANGA a/c
2. TDM HALL PERIYAR a/c (GROUND FLOOR)
3. TDM HALL KAVERY a/c
4. TDM HALL SOORYA a/c (DINING HALL)
5. TDM HALL YAMUNA a/c
6. TDM HALL NILA a/c (DINING HALL)
7. TDM HALL PAMBA (ROOF HALL)
8. TDM HALL NARMADA a/c (SEMINAR HALL)
9. TDM HALL GODAVARY a/c (CONFERENCE HALL)
10. TDM HALL SARASWATHY (FIRST FLOOR)
11. TDM HALL KRISHNA a/c (EXHIBITION HALL)

For Details Contact: 0484 2361160
Email: ekmkgm@gmail.com,
Web: www.ernakulamkarayogam.com

# www.karayogammangalyam.com

## എന്ന വെബ്സൈറ്റ് വഴി
## എറണാകുളം കരയോഗം മാംഗല്യത്തിൽ രജിസ്റ്റർ ചെയ്യൂ,
## ഉത്തമ പങ്കാളിയെ കണ്ടെത്തൂ.

**www.karayogammangalyam.com**

**എന്ന വെബ്സൈറ്റ് വഴി എറണാകുളം കരയോഗം**
**മാംഗല്യത്തിൽ രജിസ്റ്റർ ചെയ്യൂ, ഉത്തമ പങ്കാളിയെ കണ്ടെത്തൂ.**

**കൂടുതൽ വിവരങ്ങൾക്ക്:- Ph: 0484 2361160 (Extn.115),**




രജിസ്റ്റർ ചെയ്യുന്നതിനായി നിങ്ങളുടെ മൊബൈൽ നമ്പർ കൊടുക്കുക.



OTP കൊടുക്കുന്നതിലൂടെ നിങ്ങളുടെ മൊബൈൽ നമ്പർ വേരിഫിക്കേഷൻ നടക്കുന്നു




ആർക്കുവേണ്ടി നോക്കുന്നു എന്ന് സെലക്ട് ചെയ്തതിനു ശേഷം അവരുടെ ഡീറ്റെയിൽസ് കൊടുക്കുക



നൽകിയിരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ, ചേരുന്ന പ്രൊഫൈലുകൾ നമുക്ക് കാണുവാൻ സാധിക്കും.



ഒരു വർഷത്തെ പ്രീമിയം മെമ്പർഷിപ്പ് പ്ലാൻ ആയ ₹1199 രൂപ അടയ്ക്കുന്നതു വഴി മാച്ചിംഗ് പ്രൊഫൈലുകളുടെ കോൺടാക്ട് ഡീറ്റെയിൽസ് നിങ്ങൾക്ക് ലഭിക്കുന്നതാണ്



താല്പര്യമുള്ള പ്രൊഫൈലുകൾ ക്ലിക്ക് ചെയ്യുന്നതുവഴി അവരെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ അറിയുവാൻ സാധിക്കുന്നു

DATE OF PUBLICATION: 10-05-2022

RNI NO. KERMAL/2008/23515
REGISTERED NEWSPAPER
M6-57945/2007

REGISTERED KL/EKM/514/2021-23
LICENSE NO. KL/CR/EKM/WPP-15/2021-23
LICENSED TO POST WITHOUT PREPAYMENT

Volume No. 14 May 2022 Issue No. 5

# എറണാകുളം കരയോഗം കഥകളി ക്ലബ്ബ് പ്രതിമാസ കഥകളി

**26.05.2022 വ്യാഴാഴ്ച**

**ടി.ഡി.എം.ഹാൾ ഗംഗ, 6.00 p.m.**

തോടകം കഥകളിക്ലബ്ബിന്റെ വനിതകൾക്കുള്ള പ്രഥമപുരസ്കാരം നേടിയ ശ്രീമതി ഗീതാവർമ്മക്ക് അനുമോദനം

| | | |
|---|---|---|
| അദ്ധ്യക്ഷൻ | - | ശ്രീ. ആലപ്പാട്ട് മുരളീധരൻ, എറണാകുളം കരയോഗം പ്രസിഡണ്ട് |
| സ്വാഗതം | - | ശ്രീ രാധാകൃഷ്ണൻ |
| ആശംസ, ആദരിക്കൽ | - | ശ്രീ. പി. രാമചന്ദ്രൻ (വേണു) എറണാകുളം കരയോഗം ജനറൽ സെക്രട്ടറി |
| നന്ദി | - | ശ്രീമതി ശുഭ വിജയ് |

കഥ : **രുഗ്മാംഗദചരിതം കഥകളി**

## പങ്കെടുക്കുന്നവർ

| | | |
|---|---|---|
| രുഗ്മാംഗദൻ | : | ശ്രീമതി ഗീതാവർമ്മ |
| മോഹിനി | : | ശ്രീമതി സുമ വർമ്മ |
| ധർമ്മാംഗദൻ | : | കുമാരി. മീനാക്ഷിവർമ്മ |
| സന്ധ്യാവലി | : | കുമാരി ഉത്തം കൃഷ്ണകുമാർ |
| മഹാവിഷ്ണു | : | ശ്രീമതി ആതിര ശ്രീഹരി |
| പാട്ട് | : | കലാ. വിഷ്ണു, കലാ. യശ്വന്ത് |
| ചെണ്ട | : | കലാ. ശ്രീവിൻ |
| മദ്ദളം | : | ആർ.എൽ.വി. മിഥുൻ മുരളി. |
| ചുട്ടി | : | കലാ. വിഷ്ണു |
| ചമയം | : | ആർ.എൽ.വി. ശങ്കരൻകുട്ടി, കലാ. അരുൺ രമേശ് |
| അണിയറ | : | രാമചന്ദ്രൻ ചേർത്തല |

അതീവ വിഷ്ണുഭക്തനായ രുഗ്മാംഗദ മഹാരാജാവ് കേവലം ഒരു രസത്തിനായി നായാട്ടിനു പോകുന്നു. കാട്ടിൽ വെച്ച്, ബ്രഹ്മാവിനാൽ രുഗ്മാംഗദന്റെ വിഷ്ണുഭക്തി പരീക്ഷിക്കുന്നതിനായി അയയ്ക്കപ്പെട്ട മോഹിനിയെ കാണുന്നു. കണ്ടമാത്രയിൽ തന്നെ മോഹിനിയിൽ പ്രണയം തോന്നിയ മഹാരാജാവ് മോഹിനിയോട് വിവാഹാഭ്യർത്ഥന നടത്തുന്നു. തന്റെ ഇഷ്ടങ്ങൾക്ക് ഒരിക്കലും തടസ്സം പറയാതിരുന്നാൽ മാത്രമെ താൻ വിവാഹത്തിന് സമ്മതിക്കൂ എന്ന് മോഹിനി പറയുന്നു. തന്റെ വാക്കുകൾക്ക് അപ്രിയം ഉണ്ടാകില്ല എന്ന് രുഗ്മാംഗദനെക്കൊണ്ട് മോഹിനി സത്യം ചെയ്യിക്കുന്നു.

തനിക്ക് സപത്നിയായി സന്ധ്യാവലിയും ഒരു മകനും ഉണ്ടെന്നും അവരുടെ അടുത്തേക്ക് പുറപ്പെടാം എന്നും പറഞ്ഞ് മോഹിനിയുമായി യാത്ര പുറപ്പെടുന്നു. സുഖമായി എല്ലാവരും കൊട്ടാരത്തതിൽ കഴിയുന്ന സമയത്ത് ഒരു ഏകാദശി ദിവസം വൃതം നോറ്റിരിക്കുന്ന രുഗ്മാംഗദന്റെ സമീപത്തേക്ക് മോഹിനി വരികയും തന്നോടൊന്നിച്ച് ഭക്ഷണം കഴിക്കുവാനും രതിക്രീഡകൾ ചെയ്യുവാനും ആവശ്യപ്പെടുന്നു. ഏകാദശിവൃതമായതിനാൽ ഇതൊന്നും സാധ്യമല്ല എന്നു പറഞ്ഞ രുഗ്മാംഗദനോട് കാട്ടിൽ വെച്ച് അദ്ദേഹം ചെയ്ത സത്യം ഓർമ്മിപ്പിക്കുന്നു.



സത്യഭംഗം വരാതിരിക്കണമെങ്കിൽ സ്വന്തം അമ്മയുടെ മടിയിൽ കിടത്തി ധർമ്മാംഗദനെ വാള് കൊണ്ട് വെട്ടിക്കൊല്ലണമെന്ന് മോഹിനി ആവശ്യപ്പെടുന്നു. ധർമ്മാംഗദനെ വാള് കൊണ്ട് വെട്ടാനൊരുങ്ങുന്ന സമയത്ത് മഹാവിഷ്ണു പ്രത്യക്ഷപ്പെട്ട് രുഗ്മാംഗദനെ തടയുകയും താൻ സംപ്രീതനായെന്നും മോഹിനിയായി വരുവാനുണ്ടായ സാഹചര്യവും പറഞ്ഞു മനസ്സിലാക്കുകയും ചെയ്യുന്നു. ധർമ്മാംഗദനെ രാജാവായി അഭിഷേകം ചെയ്ത് രുഗ്മാംഗദനെയും സന്ധ്യാവലിയെയും ഉടലോടുകൂടി സ്വർഗ്ഗത്തിലേക്ക് കൊണ്ടുപോകുകയും മോഹിനിയെ യാത്രയാക്കുകയും ചെയ്യുന്നു.

**ബീം മെയ് മാസ പരിപാടി**

## സിത്താർ കച്ചേരി

**അവതരണം**

ഉസ്താദ് റഫീക്ക്ഖാൻ ദാർവാഡ് ഖറാന

തബല - രത്നശ്രീ അയ്യർ

**24-05-2022 ചൊവ്വാഴ്ച 6.15 pm**

**TDM ഹാളിൽ**

**എറണാകുളം കരയോഗം സാംസ്ക്കാരിക വിഭാഗം**

അനശ്വര ഗായകൻ ബാബുരാജ് ഈണം നൽകിയ ഗാനങ്ങൾ കോർത്തിണക്കിയ

## സംഗീതപരിപാടി

**29-05-2022 ഞായറാഴ്ച വൈകിട്ട് 4 മണിക്ക്**

**TDM ഹാളിൽ**

*If undeliverd please return to:*
Karayoga Souhridam
T.D.M Hall Complex, D.H. Road,
Kochi 682016, Kerala

*ONLINE ISSUE*

The Views expressed in this journal are those of the authors and need not necessarily reflect the policies and views of Ernakulam Karayogam

Printed by M. Sreevallabhan nair Published by M. Sreevallabhan Nair on behalf of Ernakulam Karayogam, TDM Hall complex, Durbar Hall Road, Kochi-682016, Ph : 0484 -2361160, E mail : ekmkgm@gmail.com, Website : www.ernakulamkarayogam.com and Printed at Sterling Print House (P) Ltd., Door.No.49/1849, AIMS Ponekkara P.O, Kochi-682041, Ph: 0484-2802522, 2800406 for Murali Industries, Babu Cottage, Alappat extn.Road, Behind Ravipuram Temple, Kochi-682016 and Published at Ernakulam Karayogam, TDM Hall Complex, Durbar Hall Road, Kochi-682016. Editor: M. Sreevallabhan Nair- Mob: 9947736071.